പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത്‌രാജ്

പുസ്തകം 57 ലക്കം 6 സെപ്തംബർ 2017



## സാമ്രാജ്യത്വം തോറ്റ യുദ്ധം

ഒക്ടോബർ
2 മുതൽ
ഹരിതവാരം




# നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത് രാജ്

സെപ്റ്റംബർ 2017

## അകത്ത്







പോരാട്ടക്കൊടി ജ്വലിക്കുന്ന പതിനേഴാം വർഷം
കെ. കൃഷ്ണൻകുട്ടി എം.എൽ.എ. 5

ജീവനം -2017
എസ്. ഹരികിഷോർ ഐ.എ.എസ് 9

കണക്കെടുപ്പിനായി ഹരിതവാരം
ഡോ ടി എൻ സീമ 12

പഠിക്കുക പിന്തുണയ്ക്കുക
അരവിന്ദാക്ഷൻ. പി 14

ഉണ്ണുന്നു ഊട്ടുന്നു - ഉഴവിന്റെ വാഴ്വ്
പഞ്ചായത്ത് ന്യൂസ് സർവ്വീസ് 17

ചാണകം വിറ്റും ജീവകാരുണ്യം
സമീർ സിദ്ദിഖീ പി. 22

നിളാതീരത്തെ വൈജ്ഞാനിക പെരുമ
ടി.വി.അബ്ദുറഹിമാൻകുട്ടി 24

പായം ഗ്രാമപഞ്ചായത്ത് കരനെൽകൃഷി:
എൻ. അശോകൻ 35

പൂരനഗരിയിലെ പുലിപ്പൂരം
ആൽഫ്രെഡ്.എം.കെ 37

വാഴൂർ ഇനി നേരങ്ങാടി ബ്ലോക്ക്
എ.ജെ. അലക്സ് റോയ് 39

രണ്ടു കഥകൾ
വി. ഷിനിലാൽ 41

സൂര്യൻ (കവിത)
ഷീലാലാൽ 41

**പംക്തികൾ**

കില ന്യൂസ് 20
വാർത്തകൾ വിശേഷങ്ങൾ 27
ഭൂതക്കണ്ണാടി 28
വായിച്ചിരിക്കേണ്ട പുസ്തകം 30
ലൂമിയർ ആർട്ട് 32
എന്ന് വായനക്കാർ... 42
കണ്ണും കാതും 42

സെപ്റ്റംബർ 2017
പുസ്തകം 57 ലക്കം 6
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

## എഡിറ്റോറിയൽ

ഉപദേശക സമിതി

ചെയർമാൻ
**ഡോ. കെ.ടി. ജലീൽ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ഡോ. കെ. അമ്പാടി ഐ.ഐ.എസ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
പി.മേരിക്കുട്ടി ഐ.എ.എസ്
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
പി.മേരിക്കുട്ടി ഐ.എ.എസ്
Email: directorofpanchayat@gmail.com
Tel: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2015@gmail.com
ഫോൺ: 0471 2321280
മൊബൈൽ: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്തമില്ല.

## കാര്യക്ഷമത കർമ്മത്തിലാകട്ടെ

വൃത്തിയാണ് ശക്തിയെന്നും ശക്തിയാണ് വ്യക്തിയെയും സമൂഹത്തെയും ഉത്തമമാക്കുന്നതെന്നും തിരിച്ചറിഞ്ഞിട്ടുള്ള ജനതയാണ് നാം. എങ്കിലും ഈ തിരിച്ചറിവിനെ സമ്പുഷ്ടവും സന്തുഷ്ടവുമായ ജീവിതത്തിനായി ഫലപ്രദമായി ആവിഷ്കരിക്കുന്നതിൽ നാം ഇനിയും ഏറെ ദൂരം പോകാനുണ്ട്. മടി മാത്രമല്ല എനിക്കെന്റെ കാര്യം മാത്രം എന്ന മൂഢവിശ്വാസവും ചിലപ്പോഴെങ്കിലും നമ്മെ സാമൂഹ്യശുചിത്വബോധത്തിൽ നിന്ന് പിന്തിരിപ്പിക്കുന്നു.

മാലിന്യത്തെ ഉപയോഗിക്കാൻ ധാരാളം മാർഗ്ഗങ്ങളുള്ളപ്പോഴും വലിച്ചെറിഞ്ഞ് രക്ഷപ്പെട്ട് തൃപ്തരാകാനാണ് ചിലർക്ക് താല്പര്യം. താൻ നടക്കുന്ന വഴിയിലും മറ്റാരെങ്കിലുമിങ്ങനെ വലിച്ചെറിയുമ്പോൾ ഉണരുന്ന ധാർമ്മികരോഷം ആത്മാർത്ഥതയുടേതല്ല.

മനുഷ്യന്റെ ജീവിതദിനങ്ങളെയാകെ സദ്ഗുണങ്ങളാൽ സമ്പൂർണ്ണമാക്കാനുള്ള മഹത്‌വിദ്യ നമ്മെ പഠിപ്പിച്ച മഹാത്മാവാണ് ഗാന്ധിജി. അദ്ദേഹത്തിന്റെ 148-ാം ജന്മദിനമാണ് ഈ ഒക്ടോബർ 2. സേവനവാരം വാക്കിലെ ആചാരമാക്കരുത്. വൃത്തിഹീനമായ വഴിയോരങ്ങളും തോടുകളിലെ മാലിന്യങ്ങളും മലിനമായ കുളങ്ങളും മാലിന്യക്കുമ്പാരങ്ങളും സ്ഥാപനപരിസരങ്ങളും വീടുകളും തുടങ്ങി മാലിന്യത്തിന്റെ സാന്നിദ്ധ്യമുള്ള ഇടങ്ങളെല്ലാം വൃത്തിയാക്കേണ്ടതുണ്ട്. ഇതിനായി പൊതുജനങ്ങൾ മാത്രമല്ല, സ്വകാര്യസ്ഥാപനങ്ങളും സന്നദ്ധസംഘടനകളും സാമൂഹ്യരാഷ്ട്രീയ പ്രസ്ഥാനങ്ങളും ഒത്തൊരുമിച്ച് മുന്നിട്ടിറങ്ങണം. സർക്കാരും ജീവനക്കാരും സ്ഥിരോത്സാഹമായി ഒപ്പം തന്നെയുണ്ട്.

ഹരിതകേരളത്തിന്റെ ഭാഗമായി 'മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം' എന്ന ജനപങ്കാളിത്തത്തോടെയുള്ള സമഗ്രശുചിത്വപദ്ധതിയുടെ പ്രഖ്യാപനം ഇക്കഴിഞ്ഞ ആഗസ്റ്റ് 15ന് നടത്തിക്കഴിഞ്ഞു. അതിന്റെ തുടർപ്രവർത്തനങ്ങളിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ശ്രദ്ധയോടെ പങ്കെടുത്തുവരികയാണല്ലോ. എങ്കിലും ചില പഞ്ചായത്തുകൾ ഇതൊന്നും തങ്ങൾക്ക് ബാധകമല്ലെന്ന മട്ടിൽ ഉറക്കം നടിക്കുകയാണ്. അവർ ഇനിയെങ്കിലും അനാസ്ഥാമനോഭാവം വിട്ടൊഴിഞ്ഞ് സ്വന്തം നാടിനും ജനതയ്ക്കും ആരോഗ്യത്തിനും വേണ്ടി ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്.

കാര്യക്ഷമത കർമ്മത്തിലാണ് വേണ്ടത്. സേവനവാരം വർഷത്തിലേക്ക് തുടർച്ചയുള്ള വൃത്തിയാക്കലിന്റെ തുടക്കമായി മാറണം. എങ്കിലേ ഗാന്ധി എന്ന രണ്ടക്ഷരത്തിന്റെ ഉയരവും ആഴവും അർത്ഥവും സാർത്ഥകമായി സാക്ഷാത്ക്കരിക്കാൻ നമ്മുടെ തലമുറയ്ക്കും പുതുതലമുറയ്ക്കും കഴിയുകയുള്ളൂ.

**പി.മേരിക്കുട്ടി ഐ.എ.എസ്**

**സമൂഹനന്മ ആഗ്രഹിക്കുന്ന മനുഷ്യൻ
സ്വജീവിതം അതിനു മാതൃകയാക്കണം**
**-മഹാത്മാഗാന്ധി**

# പോരാട്ടക്കൊടി ജ്വലിക്കുന്ന പതിനേഴാം വർഷം

കെ. കൃഷ്ണൻകുട്ടി എം.എൽ.എ.

## അധിനിവേശ ശക്തികൾക്കെതിരെ സമരം ചെയ്യുന്നവർക്ക് ആവേശമായി പെരുമാട്ടി ഗ്രാമപഞ്ചായത്ത്

ഒരു പ്രാദേശിക ഗവൺമെന്റിന്റെ ഇച്ഛാശക്തിയും നിശ്ചയദാർഢ്യത്തോടെയുള്ള തീരുമാനങ്ങളും ആദിവാസികളുൾപ്പെടെയുള്ള തദ്ദേശീയരുടെ പ്രതിഷേധ സമരങ്ങളും പ്ലാച്ചിമടയിൽ മുട്ടുകുത്തിച്ചത് കൊക്ക-കോളയെന്ന ആഗോളഭീമനെയാണ്. ചിറ്റൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പെരുമാട്ടി ഗ്രാമപഞ്ചായത്തിലെ പ്ലാച്ചി മടയിൽ പ്രവർത്തിച്ചുവന്നിരുന്ന കൊക്ക-കോളയുടെ ലൈസൻസ് സംബന്ധിച്ച് സുപ്രീം കോടതിയിൽ നടന്നുവന്ന കേസ് 2017 ജൂലൈ 13 ന് തീർപ്പായി. പ്ലാച്ചിമടയിലെ ഫാക്ടറി ഇനി തുറക്കുവാൻ ഉദ്ദേശിക്കുന്നില്ലെന്നും ഹർജികൾ തീർപ്പാക്കണമെന്നും കമ്പനി അധികൃതർ സുപ്രീം കോടതിയോട് അപേക്ഷിക്കുകയായിരുന്നു. കൊക്ക-കോള സ്വയം പരാജയം സമ്മതിച്ചുവെങ്കിലും നഷ്ടപരിഹാരമായ 204 കോടിരൂപയും പലിശയും നേടിയെടുക്കുന്നതുവരെ നിയമപോരാട്ടം തുടരുവാൻ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ട്.

ആവേശകരമായ ഈ പോരാട്ടത്തിന്റെ നാൾവഴികൾ ഏറെ സന്തോഷത്തോടെയാണ് എന്റെ മനസ്സിൽ തെളിഞ്ഞുവരുന്നത്.

കുടിവെള്ളം പോലും വിൽപ്പനച്ചരക്കാക്കുകയും ജനങ്ങളുടെ മൗലികാവകാശങ്ങൾ ഹനിക്കു




കുടിവെള്ളം പോലും വിൽപ്പനച്ചരക്കാക്കുകയും ജനങ്ങളുടെ മൗലികാവകാശങ്ങൾ ഹനിക്കുകയും ചെയ്ത ബഹുരാഷ്ട്ര കുത്തകകൾക്കെതിരെ പെരുമാട്ടി ഗ്രാമപഞ്ചായത്ത് നടത്തിയത് ധീരോജ്ജ്വലമായ നിയമപോരാട്ടവും രാഷ്ട്രീയ സമരവുമായിരുന്നു.

കയും ചെയ്ത ബഹുരാഷ്ട്ര കുത്തകകൾക്കെതിരെ പെരുമാട്ടി ഗ്രാമപഞ്ചായത്ത് നടത്തിയത് ധീരോജ്ജ്വലമായ നിയമപോരാട്ടവും രാഷ്ട്രീയസമരവുമായിരുന്നു.

ലോകം മുഴുവൻ കാൽകീഴിലാക്കാൻ ശേഷിയുള്ള കൊക്ക-കോള കമ്പനിക്കെതിരെ ജനാധിപത്യത്തിന്റെ ധാർമ്മികത ഉയർത്തിപ്പിടിച്ച് പെരുമാട്ടി പഞ്ചായത്ത് നടത്തിയ നിയമയുദ്ധം ചരിത്രത്തിന്റെ ഏടുകളിൽ തിളങ്ങുന്നു. പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്യുന്നതിനെതിരെ ഒരു ഗ്രാമപഞ്ചായത്ത് ഉയർത്തിയ




2000 ജൂൺ മുതലാണ് ഹിന്ദുസ്ഥാൻ കൊക്ക കോള ബിവറേജസ് പ്രൈവറ്റ് ലിമിറ്റഡ് പ്ലാച്ചിമടയിൽ പ്രവർത്തനം തുടങ്ങുന്നത്. ഈ കമ്പനിക്ക് പ്രവർത്തനാനുമതി നൽകിയത് പ്രദേശവാസികളായ അഞ്ഞൂറിൽപരം ആൾക്കാർക്ക് ജോലി ലഭിക്കുമെന്ന സദുദ്ദേശത്തോട് കൂടി മാത്രമാണ്.

സന്ധിയില്ലാ സമരത്തെ കൊക്ക-കോളയുടെ പണക്കൊഴുപ്പിനും സ്വാധീനത്തിനും തോൽപ്പിക്കാനായില്ല. നീതിപീഠമാണ് പഞ്ചായത്തിന് തുണയായത്. ജനങ്ങളുടെ കുടിവെള്ളം മുട്ടിച്ച കൊക്ക-കോള കമ്പനിയുടെ ലൈസൻസ് റദ്ദാക്കി കമ്പനി നടപടികൾ നിരന്തരം കോടതികളിൽ ചോദ്യം ചെയ്ത് പ്ലാച്ചിമടയിലെ ജനങ്ങൾക്കൊപ്പം നിൽക്കുകയാണ് ഗ്രാമപഞ്ചായത്ത്. ഒരുപക്ഷേ, ലോകത്തുതന്നെ ആദ്യമായി ഒരു ബഹുരാഷ്ട്രകമ്പനിയെ മുട്ടുകുത്തിച്ച ചരിത്രവും പെരുമാട്ടിക്കൊപ്പമാണ്.

2000 ജൂൺ മുതലാണ് ഹിന്ദുസ്ഥാൻ കൊക്ക-കോള ബിവറേജസ് പ്രൈവറ്റ് ലിമിറ്റഡ് പ്ലാച്ചിമടയിൽ പ്രവർത്തനം തുടങ്ങുന്നത്. പ്രദേശവാസികളായ അഞ്ഞൂറിൽപരം ആൾക്കാർക്ക് ജോലി ലഭിക്കുമെന്ന സദുദ്ദേശത്തോടു കൂടി മാത്രമാണ് കമ്പനിക്ക് പ്രവർത്തനാനുമതി നൽകിയത്. ആരംഭകാലത്ത് കമ്പനിയുടെ ഭാഗത്തുനിന്നും കാര്യമായ പ്രശ്നങ്ങളൊന്നും ഉണ്ടായിരുന്നില്ല.

പ്രവർത്തനം തുടങ്ങി രണ്ടു വർഷത്തിനകം കമ്പനിയുടെ അമിതമായ ജലചൂഷണം കാരണം പ്ലാച്ചിമട കോളനിയിലെ കിണർവെള്ളം മലിനപ്പെടുകയും കോളനിയിലെയും സമീപപ്രദേശത്തെയും കിണർവെള്ളം അഗാധമായി താഴുകയും ഉപയോഗയോഗ്യമല്ലാത്ത അവസ്ഥയിലുമായി.

കിണർവെള്ളം ഉപയോഗിക്കാൻ പറ്റില്ലെന്ന് പാലക്കാട് ജില്ലാ മെഡിക്കൽ ഓഫീസറും റിപ്പോർട്ട് നൽകി. അതിനിടെ സമരം ഒരു വർഷം കഴിഞ്ഞിരുന്നു. കമ്പനിയുടെ തുടർന്നുള്ള പ്രവർത്തനം രൂക്ഷമായ കുടിവെള്ളക്ഷാമവും ഗുരുതരമായ പരിസ്ഥിതി പ്രശ്നവും ഉണ്ടാക്കുമെന്ന് വിദഗ്ദ്ധർ അഭിപ്രായപ്പെട്ടു. തുടർന്ന് 2003 ഏപ്രിൽ 7 ന് പഞ്ചായത്ത് പ്രസിഡന്റ് എ. കൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്ന ഭരണസമിതിയോഗം കൊക്ക-കോളയുടെ ലൈസൻസ് റദ്ദാക്കി.

തുടർന്ന് കേരള ഹൈക്കോടതിയുടെ വിധി ന്യായപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിക്ക് കമ്പനി അപ്പീൽ നൽകി. ലൈസൻസ് റദ്ദ് ചെയ്ത നടപടി 12.06.2013 ന് സർക്കാർ സ്റ്റേ ചെയ്തു.

പഞ്ചായത്ത് ഒരു കുഴൽകിണറിനാണ് അനുവാദം നൽകിയിരുന്നതെങ്കിലും കമ്പനി വളപ്പിൽ ഏഴു കുഴൽകിണറുകളുണ്ടായിരുന്നു. നിയമയുദ്ധം തുടരുന്നതിനിടെയാണ് കമ്പനിയുടെ ഖരമാലിന്യത്തിൽ കാഡ്മിയവും ലിഥിയവും അടക്കമുള്ള മാരക വിഷാംശങ്ങൾ കണ്ടെത്തിയത്. വിഷാംശം കലർന്ന ഖരമാലിന്യം കർഷകർക്ക് വളമെന്നു പറഞ്ഞു നൽകിയത് ഏറെ ഒച്ചപ്പാടുണ്ടാക്കി.

ലൈസൻസ് റദ്ദാക്കുന്നതിന് മുമ്പ് ശാസ്ത്രീയമായ പഠനങ്ങൾ പഞ്ചായത്ത് നടത്തിയിട്ടില്ല എന്ന വാദത്തെ തുടർന്ന് ഗ്രൗണ്ട് വാട്ടർ, മലിനീകരണ നിയന്ത്രണ ബോർഡ്, ആരോഗ്യം എന്നീ വകുപ്പുകളിലെ വിദഗ്ധരെ നിയോഗിച്ച് പരിശോധിക്കാൻ പഞ്ചായത്തിന് നിർദ്ദേശം നൽകി സർക്കാർ ഉത്തരവായി. ഇതിന് കാലാവധി മൂന്നുമാസവും. അതുവരെ കമ്പനി പ്രവർത്തിപ്പിക്കാനും അനുമതി നൽകി.

ഉത്തരവിനെ ചോദ്യം ചെയ്ത് പഞ്ചായത്ത് ഹൈക്കോടതിയിൽ സമർപ്പിച്ച പെറ്റീഷനുമേൽ സുപ്രധാന വിധി ഉണ്ടായി. 'ഭൂഗർഭജലം പൊതുസ്വത്താണ്.കാവൽക്കാരനെ കാവൽക്കാരൻ നോക്കേണ്ട നിർഭാഗ്യകരമായ അവസ്ഥയാണ് നമുക്കുള്ളത്. കമ്പനിക്ക് കൂടുതൽ ജലം നൽകാൻ അനുവദിച്ചാൽ മറ്റ് ഭൂ

വുടമകൾക്കും ഭൂഗർഭജലം ചൂഷണം ചെയ്യാനുള്ള അവകാശം നൽകേണ്ടിവരും. പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കാനുള്ള അധികാരം ജനങ്ങൾക്കും പഞ്ചായത്തിനുമാണ്. കമ്പനിയുടെ പ്രവർത്തനം തുടർന്നാൽ ഭൂഗർഭജല സംഭരണികൾ വറ്റിവരളും. അതുകൊണ്ട് ഒരു മാസം വരെ മാത്രമേ ഭൂഗർഭജലം എടുക്കാവൂ എന്നും അതിനുശേഷം വെള്ളത്തിന് മറ്റു മാർഗ്ഗങ്ങൾ തേടണമെന്നും 31 പേജുള്ള വിധിന്യായത്തിൽ കോടതി ചൂണ്ടിക്കാട്ടി.കമ്പനിയുടെ ജലചൂഷണം സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തി റിപ്പോർട്ട് ചെയ്യാൻ കോഴിക്കോട് CWRDM നെ ചുമതലപ്പെടുത്തി.

അതിനിടെ 2004 ജനുവരിയിൽ പ്ലാച്ചിമടയിൽ ലോകജല സമ്മേളനം നടന്നു. ഒട്ടേറെ വിദേശരാജ്യങ്ങളിൽ നിന്ന് ഹോസെബുവെ അടക്കമുള്ള പരിസ്ഥിതി നേതാക്കളെത്തി. വി.എസ്.അച്യുതാനന്ദൻ, സുകുമാർ അഴീക്കോട്, വന്ദനശിവ, എം.പി. വീരേന്ദ്രകുമാർ, സുഗതകുമാരി, മേധപട്കർ തുടങ്ങിയവർ ഈ വിഷയത്തിന് പിന്തുണ നൽകുകയും പത്രദൃശ്യമാധ്യമങ്ങൾ നിതാന്തശ്രദ്ധ നല്കുകയും ചെയ്തു.

പുതുശ്ശേരിയിൽ പ്ലാച്ചിമട പ്രഖ്യാപനവും നടന്നു. അതിന്റെ ഭാഗമായി 2004 ഫെബ്രുവരി 17 ന് മന്ത്രിസഭ യോഗം ചേർന്ന് കൊക്ക-കോളകമ്പനി ഭൂഗർഭജലം എടുക്കുന്നത് നിർത്തിവയ്പിക്കാൻ തീരുമാനിച്ചു. ഇടവപ്പാതിവരെ ഭൂഗർഭജലം എടുക്കുന്നത് നിരോധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പാലക്കാടിനെ വരൾച്ചജില്ലയായി പ്രഖ്യാപിച്ചത് കണക്കിലെടുത്തായിരുന്നു സർക്കാർ ഉത്തരവ്. 2004 മാർച്ച് 8ന് മൂന്ന് ഉപാധികൾ വച്ച് ലൈസൻസ് പുതുക്കുന്നതിന് കമ്പനിക്ക് പഞ്ചായത്ത് നോട്ടീസ് അയച്ചു.

2004 മാർച്ച് 9 മുതൽ കമ്പനിയുടെ പ്രവർത്തനം നിലച്ചു. ഇതിനെ കമ്പനി കോടതിയിൽ ചോദ്യം ചെയ്തെങ്കിലും സ്റ്റേ അനുവദിച്ചില്ല. 17.02.2004 ന് ലൈസൻസ് പുതുക്കാൻ വീണ്ടും അപേക്ഷ നൽകിയിരുന്നു. എന്നാൽ പാനീയങ്ങളിലെ ചേരുവകൾ എന്തെല്ലാമാണെന്നും വിഷാംശം ഇല്ലെന്നും പഞ്ചായത്ത് അതിർത്തിയിൽനിന്ന് വെള്ളം എടുക്കില്ലെന്നും മാലിന്യങ്ങൾ പുറത്തുവിടില്ലെന്നും പഞ്ചായത്തിന് ബോദ്ധ്യപ്പെട്ടാൽ ലൈസൻസ് പരിഗണിക്കാമെന്ന് പഞ്ചായത്ത് വ്യക്തമാക്കി. സുപ്രധാനമായ ഈ നിർദ്ദേശങ്ങൾ കമ്പനി പാടെ അവഗണിച്ചതിനാൽ പഞ്ചായത്ത് ലൈസൻസ് പുതുക്കി നൽകുകയുണ്ടായില്ല പഞ്ചായത്ത് തീരുമാനത്തെ സർക്കാർ സ്റ്റേ ചെയ്തു.

ഇതിനെതിരെ പഞ്ചായത്ത് അപ്പീൽ നൽകി. ഹൈക്കോടതി സർക്കാർ ഉത്തരവ് സ്റ്റേ ചെയ്തു. ഇതിനിടയിൽ 7/4/2005ൽ കമ്പനിക്ക് അനുകൂലമായി കേരള ഹൈക്കോടതി വിധി പുറപ്പെടുവിച്ചു. പഞ്ചായത്തിന്റെ അധികാരങ്ങൾ ചോദ്യം ചെയ്തു കൊണ്ടുള്ള വിധിന്യായത്തിനെതി



ഉത്തരവിനെ ചോദ്യം ചെയ്ത് പഞ്ചായത്ത് ഹൈക്കോടതിയിൽ സമർപ്പിച്ച പെറ്റീഷനു മേൽ സുപ്രധാന വിധി ഉണ്ടായി. 'ഭൂഗർഭജലം പൊതുസ്വത്താണ്. കാവൽക്കാരനെ കാവൽക്കാരൻ നോക്കേണ്ട നിർഭാഗ്യകരമായ അവസ്ഥയാണ് നമുക്കുള്ളത്. കമ്പനിക്ക് കൂടുതൽ ജലം നൽകാൻ അനുവദിച്ചാൽ മറ്റ് ഭൂവുടമകൾക്കും ഭൂഗർഭജലം ചൂഷണം ചെയ്യാനുള്ള അവകാശം നൽകേണ്ടിവരും. പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കാനുള്ള അധികാരം ജനങ്ങൾക്കും പഞ്ചായത്തിനുമാണ്.

# പോരാട്ടം തുടരും

**ജി. മാരിമുത്തു**
പ്രസിഡന്റ്, പെരുമാട്ടി ഗ്രാമപഞ്ചായത്ത്

സുപ്രീംകോടതി വിധിന്യായത്തിലൂടെ കൊക്ക-കോള കമ്പനിയുടെ പ്ലാച്ചിമടയിലെ ഫാക്ടറി പ്രവർത്തനം പൂർണ്ണമായും നിലച്ചത് സന്തോഷകരമാണ്. എന്നാൽ നഷ്ടപരിഹാരതുകയായ 204 കോടിരൂപ പലിശസഹിതം നേടിയെടുക്കുന്നതുവരെയും നിയമനടപടി തുടരുവാനാണ് പഞ്ചായത്ത് ഭരണസമിതി തീരുമാനിച്ചിട്ടുള്ളത്.

ഈ അവസരത്തിൽ മുൻപഞ്ചായത്ത് പ്രസിഡന്റുമാരായ കൃഷ്ണൻ, റിഷ പ്രേംകുമാർ, നിലവിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനും മുൻപ്രസിഡന്റുമായ കെ. സുരേഷ് എന്നിവരെയും മുൻഭരണസമിതി അംഗങ്ങളെയും നിലവിലെ ഭരണസമിതി അംഗങ്ങളെയും ആദരപൂർവ്വം അഭിവാദ്യം ചെയ്യുന്നു.

ഏത് പഞ്ചായത്തിനും ശക്തമായി മുന്നോട്ടു പോകുവാൻ കഴിയുന്നത് നിസ്വാർത്ഥരായ ജീവനക്കാരുടെ അർപ്പണ മനോഭാവം കൊണ്ടാണ്. കൊക്കകോള സമരകാലത്ത് സെക്രട്ടറിയായിരുന്ന കെ.എൻ. ഉണ്ണികൃഷ്ണൻ, ദീർഘകാലം പെരുമാട്ടിയിൽ സേവനമനുഷ്ഠിച്ചിരുന്ന നിലവിൽ നല്ലേപ്പിള്ളി സെക്രട്ടറിയുമായ മഹേഷ്കുമാർ. എസ് തുടങ്ങി എല്ലാ ജീവനക്കാരെയും ഞാൻ ഹൃദ്യമായി അഭിവാദ്യം ചെയ്യുന്നു. കൊക്കകോള കമ്പനിയുമായി ബന്ധപ്പെട്ട മാത്രമല്ല ,നാടിനേയും നാട്ടുകാരേയും ബാധിക്കുന്ന എല്ലാ വിഷയങ്ങളിലും മുൻഗാമികൾ പകർന്നുതന്ന പോരാട്ടവീര്യം തുടരുകതന്നെ ചെയ്യും.




**നികുതിയിനത്തിൽ കിട്ടുന്ന 7 ലക്ഷം രൂപ വേണ്ടെന്നുവച്ചാണ് ജനങ്ങളുടെ അവകാശം സംരക്ഷിക്കാൻ പെരുമാട്ടി ഗ്രാമപഞ്ചായത്ത് മുന്നിട്ടിറങ്ങിയത്. ലോകത്തൊരിടത്തും ഇത്രയും സങ്കീർണ്ണമായ നടപടികൾ ഒരു പഞ്ചായത്തിനും ഏറ്റെടുണ്ടിവന്നിട്ടുണ്ടാവില്ല. മണ്ണും വായുവും ജലവും പരിസ്ഥിതിയും മലിനപ്പെടുത്തുന്ന ബഹുരാഷ്ട്രഭീമനെതിരെ തദ്ദേശീയരോടൊപ്പം ഒന്നിച്ചുനിന്ന് ലോകത്തിന് തന്നെ ഗ്രാമപഞ്ചായത്ത് മാതൃകയായി.**

രെ 26/4/2005 ലെ ഭരണ സമിതി യോഗം സുപ്രീംകോടതിയിൽ അപ്പീൽ സമർപ്പിക്കുവാൻ തീരുമാനിച്ചു.

നികുതിയിനത്തിൽ കിട്ടുന്ന 7 ലക്ഷം രൂപ വേണ്ടെന്നുവച്ചാണ് ജനങ്ങളുടെ അവകാശം സംരക്ഷിക്കാൻ പെരുമാട്ടി ഗ്രാമപഞ്ചായത്ത് മുന്നിട്ടിറങ്ങിയത്. ലോകത്തൊരിടത്തും ഇത്രയും സങ്കീർണ്ണമായ നടപടികൾ ഒരു പഞ്ചായത്തിനും ഏറ്റെടുക്കേണ്ടിവന്നിട്ടുണ്ടാവില്ല. മണ്ണും വായുവും ജലവും പരിസ്ഥിതിയും മലിനപ്പെടുത്തുന്ന ബഹുരാഷ്ട്രഭീമനെതിരെ തദ്ദേശീയരോടൊപ്പം ഒന്നിച്ചുനിന്ന് ലോകത്തിന് തന്നെ ഗ്രാമപഞ്ചായത്ത് മാതൃകയായി.

കൊക്ക-കോള കമ്പനി പ്രവർത്തിച്ചിരുന്ന കാലയളവിൽ വരുത്തിവച്ച നാശനഷ്ടങ്ങൾ വിലയിരുത്തുവാൻ 2009 മെയ് മാസത്തിൽ ഉന്നതാധികാര സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി പ്ലാച്ചിമടയിൽ നേരിട്ട് വരുകയും തെളിവെടുപ്പ് നടത്തുകയും ചെയ്തിരുന്നു. കൊക്ക-കോള കമ്പനിയുടെ പ്രവർത്തനംമൂലമുണ്ടായ നഷ്ടങ്ങളുടെ തോത് അതീവഗുരുതരമാണെന്നും 203,20,72,410 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നും സമിതി റിപ്പോർട്ടുചെയ്തു.

പ്ലാച്ചിമടക്കാർക്ക് നിയമപരമായി നഷ്ടപരിഹാരം നൽകുന്നതിന് പ്രത്യേക ട്രൈബ്യൂണൽ രൂപവൽക്കരിക്കുന്നത് തടയാൻ കേന്ദ്രത്തിൽ കോക്കകോള കമ്പനി സമ്മർദ്ദം ചെലുത്തുന്നതായി പത്രവാർത്ത മുഖേന അറിയുന്നു. കേന്ദ്ര ആഭ്യന്തരനിയമ മന്ത്രാലയങ്ങളെയും വിവിധ വകുപ്പുകളെയും തെറ്റിദ്ധരിപ്പിച്ച് ട്രൈബ്യൂണൽ രൂപവൽക്കരിക്കുന്നതിന് തടയിടുകയും നഷ്ടപരിഹാരം നൽകുന്നതിൽ നിന്നും രക്ഷപ്പെടുകയും ചെയ്യുകയാണ് കമ്പനിയുടെ ലക്ഷ്യം. കമ്പനിയും ഗ്രാമപഞ്ചായത്തും കേസു നടത്തുന്ന കാലയളവിലും കോടതിയെയും സർക്കാർ വകുപ്പുകളെയും തെറ്റിദ്ധരിപ്പിച്ച് വ്യാജരേഖകൾ ചമച്ച് തങ്ങൾക്ക് അനുകൂലമായ വിധി നേടിയെടുക്കാൻ പലപ്പോഴും കമ്പനി ശ്രമിച്ചിട്ടുണ്ട്. കമ്പനി ഗുരുതരമായ പരിസ്ഥിതി നശീകരണങ്ങളും മറ്റും നടത്തിയതിന് വ്യക്തമായ തെളിവുകൾ ഉണ്ടായിട്ടും ഇത്തരത്തിലുള്ള നടപടികൾ കുറ്റങ്ങളിൽ നിന്നും രക്ഷപ്പെടുവാൻ വേണ്ടി മാത്രമാണ്.

കേരളത്തിൽ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പഞ്ചായത്തിന് അനുകൂലമായ നടപടികൾ വേഗത്തിലായി. തുടർച്ചയായി പ്ലാച്ചിമടയിൽ അദാലത്തുകൾ നടത്തി. പ്രസ്തുത അദാലത്തിൽ ജില്ലാകളക്ടറുടെ നേതൃത്വത്തിൽ മുഴുവൻ ഉദ്യോഗസ്ഥരും പങ്കെടുത്തു. നടപടിക്രമങ്ങൾ വേഗത്തിലാക്കി. 2017 ജൂൺ 15 ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ സെക്രട്ടറിയേറ്റിൽ ഈ വിഷയം മാത്രം അജണ്ടയായി ഒരു പ്രത്യേക യോഗം നടന്നു. മന്ത്രിമാരായ എ.കെ. ബാലൻ, മാത്യൂ റ്റി. തോമസ്, പാലക്കാട് ജില്ലാകളക്ടർ, വിവിധവകുപ്പുകളിലെ ഉയർന്ന ഉദ്യോഗസ്ഥർ, പെരുമാട്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മാരിമുത്തു, മുൻപ്രസിഡന്റും വികസനസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനുമായ സുരേഷ്, പഞ്ചായത്ത് സെക്രട്ടറി എന്നിവർ പങ്കെടുത്തു. ചിറ്റൂർ നിയോജക മണ്ഡലം എം.എൽ.എ എന്ന നിലയിൽ ഇത്തരം പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും വേഗത്തിലാക്കുവാനും കഴിഞ്ഞതിൽ ഞാൻ അഭിമാനിക്കുന്നു. കമ്പനി സ്വയം പരാജയം സമ്മതിച്ചു എങ്കിലും ഇനിയും ഏറെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടു പോകേണ്ടതുണ്ട്. വളരെ പോസിറ്റീവായ നിലപാടാണ് ഇപ്പോൾ സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

കൊക്ക-കോള എന്ന ബഹുരാഷ്ട്രഭീമനെതിരെ പെരുമാട്ടി എന്ന സാധാരണ ഗ്രാമപഞ്ചായത്ത് നടത്തിയ ഉജ്ജ്വലമായ സമരപോരാട്ടം ലോകത്തെമ്പാടുമുള്ള ആഗോള കുത്തകകൾക്കെതിരെയുള്ള സാമ്രാജ്യത്വ വിരുദ്ധ പോരാട്ടങ്ങൾക്ക് ആവേശമാകുമെന്ന പ്രതീക്ഷിക്കുന്നു.




കുടുംബശ്രീ ജീവനം ക്യാമ്പെയിന്റെ സംസ്ഥാനതല ഉദ്ഘാടനം തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി ഡോ.കെ.ടി. ജലീൽ നിർവ്വഹിക്കുന്നു

# 'ജീവനം –2017'

## കുടുംബശ്രീ സൂക്ഷ്മസംരംഭ മേഖലയ്ക്ക് പുതുജീവൻ

**എസ്. ഹരികിഷോർ ഐ.എ.എസ്**

കുടുംബശ്രീ സൂക്ഷ്മസംരംഭ മേഖലയെ ശക്തിപ്പെടുത്തുന്നതിനും അതുവഴി കുടുംബശ്രീ വനിതകൾക്ക് കൂടുതൽ തൊഴിലവസരങ്ങളും വരുമാനവും നേടിക്കൊടുക്കുന്നതിനുമായി 'ജീവനം-2017' എന്ന പേരിൽ കാമ്പെയ്ൻ പ്രവർത്തനങ്ങൾക്ക് തുടക്കമായി. ചിട്ടയോടും കൃത്യമായ ലക്ഷ്യബോധത്തോടും കൂടിയുള്ള ക്രിയാത്മകമായ പ്രവർത്തനങ്ങളും പദ്ധതികളു മാണ് ഇതിനായി ആവിഷ്കരിച്ചിട്ടുള്ളത്. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളിലൂടെ ഈ മേഖലയിൽ സമഗ്രമായ മുന്നേറ്റം കൈവരിക്കാനാണ് കുടുംബശ്രീയുടെ ശ്രമം. നില വിലെ തൊഴിൽ സംരംഭങ്ങളിൽ നിന്നു വ്യത്യസ്തമായി നൂതനവും വൈവിധ്യമാർന്നതുമായ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനും നിലവിലുള്ളവ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

കുടുംബശ്രീയുടെ ചരിത്രത്തിൽ തന്നെയും ഇത്തരത്തിൽ ഒരു കാമ്പെയ്ൻ ഇതാദ്യമാണ്. കുടുംബശ്രീ ഉൽപന്നങ്ങളുടെ സ്വീകാര്യത വളരെയധികം സന്തോഷകരമായ കാര്യമാണ്. അതുകൊണ്ടു തന്നെ ഈ മേഖലയിൽ കരുത്താർജ്ജിക്കുന്നതിലൂടെ പ്രാദേശിക സാമ്പത്തിക വികസനം നേടാനും പുതിയ തൊഴിൽ മേഖലകളിലേക്ക് കുടുംബാംഗങ്ങളെ നയിച്ച് കൂടുതൽ വരുമാനം ലഭിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടാനും സാധിക്കും എന്നതാണ് പ്രത്യേകത. മൈക്രോ സംരംഭങ്ങൾക്ക് ഉണർവ് നൽകാനുള്ള പദ്ധതികൾ പലതും ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത് ആസൂത്രണം ചെയ്തു കഴിഞ്ഞു. പ്രവർത്തനങ്ങൾക്ക് കരുത്തും കുതിപ്പും പകർന്ന് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും നടത്തി.

### നിലവിലെ സംരംഭങ്ങളുടെ മെച്ചപ്പെടുത്തലും പുതിയവയുടെ തുടക്കവും

ഇന്ന് സംസ്ഥാനമൊട്ടാകെ 30,000 ൽപരം സൂക്ഷ്മസംരംഭങ്ങൾ കുടുംബശ്രീ വനിതകളുടേ

**● പുതുതായി 3000 സൂക്ഷ്മസംരംഭങ്ങൾ ● സംരംഭങ്ങൾ തുടങ്ങുന്നതിനും വിപുലീകരിക്കുന്നതിനും ധനസഹായം ● നഗരങ്ങളിൽ കുടുംബശ്രീ വിപണനകേന്ദ്രങ്ങൾ ● ജില്ലാതലത്തിൽ കുടുംബശ്രീ സൂപ്പർമാർക്കറ്റുകൾ ● തീരദേശമേഖലയിൽ പുതിയ സംരംഭങ്ങൾ ● നിലവിലെ സംരംഭങ്ങൾ വികസിപ്പിക്കുന്നതിന് 20 കോടി രൂപ ലൈവ്‌ലിഹുഡ് ഫണ്ട് ● സംരംഭകർക്ക് നാലു ശതമാനം പലിശയ്ക്ക് വായ്പ.**



തായിട്ടുണ്ട്. ഈ സംരംഭങ്ങളുടെ നിലവിലുള്ള പ്രവർത്തനം മെച്ചപ്പെടുത്തുക എന്ന വലിയ ലക്ഷ്യമാണ് കുടുംബശ്രീക്കുള്ളത്. ഒപ്പം പുതിയ സംരംഭങ്ങൾക്ക് തുടക്കം കുറിക്കാനും വിപണനം മെച്ചപ്പെടുത്താനും 'ജീവനം' കാമ്പെയ്ൻ വഴി ലക്ഷ്യമിടുന്നു. നിലവിലുള്ള സംരംഭങ്ങളുടെ വികസനം പരമപ്രധാനമാണ്. അതോടൊപ്പം കൂടുതൽ വരുമാനവും ലഭിക്കണം. ഇതിനായുള്ള പ്രവർത്തനം ചിട്ടപ്പെടുത്തുകയാണ് മറ്റൊരു പ്രധാന കാര്യം. ആവശ്യമായ പദ്ധതി വിപുലീകരണം പരമാവധി വേഗത്തിൽ സാധ്യമാക്കുക എന്നതും 'ജീവന'ത്തിന്റെ ഒരു പ്രധാന ഘടകം തന്നെ.

ആദ്യഘട്ടത്തിൽ നിലവിലെ സംരംഭങ്ങളുടെ സമഗ്രമായ സർവ്വേ നടത്താനാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്. ഇതിനുശേഷം ഓരോ സംരംഭമേഖലയും മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്യും. സംസ്ഥാനമിഷനിലെ പ്രോഗ്രാം മാനേജർമാർക്ക് ഓരോ മേഖലയിലെയും ചാർജ്ജ് നൽകിക്കൊണ്ട് 30 മേഖലകളിൽ നയപരമായ തീരുമാനങ്ങൾ കൈക്കൊണ്ട് അവ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

## പരിശീലനം, ധനസഹായം പിന്തുണകളേറെ

നിലവിലുള്ള സംരംഭങ്ങൾക്ക് പുതുജീവൻ നൽകാൻ കുടുംബശ്രീ മുഖേന ആവശ്യമായ പരിശീലനങ്ങളും ധനസഹായവും നൽകാൻ പദ്ധതിയുണ്ട്. നിലവിലെ സംരംഭങ്ങൾ വികസിപ്പിക്കാൻ വേണ്ടി സംരംഭകർക്ക് സി.ഡി.എസിൽ നിന്നും ലോൺ എടുക്കാൻ വേണ്ടി 20 കോടി രൂപ ലൈവ്‌ലിഹുഡ് ഫണ്ടായി സി.ഡി.എസുകൾക്ക് നൽകും. ഇതു കൂടാതെ ആവശ്യമായ സംരംഭങ്ങൾക്ക് ടെക്‌നോളജി ഫണ്ട് (പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ച് ഉൽപാദനം നടത്തുന്നതിന്), ടെക്‌നോളജി അപ്ഗ്രഡേഷൻ ഫണ്ട് (നിലവിലെ സാങ്കേതികവിദ്യ നവീകരിക്കുന്നതിന്), സെക്കൻഡ് ഡോസ് അസിസ്റ്റൻസ് ( കൂടുതൽ മുടക്കുമുതൽ ആവശ്യമെങ്കിൽ ലഭിക്കുന്ന സഹായം), ഇന്നവേഷൻ ഫണ്ട് (നൂതന ആശയങ്ങൾ ആവിഷ്കരിക്കുന്നതിനുള്ള സഹായം) എന്നിവയും നൽകാൻ തുക വകയിരുത്തിയിട്ടുണ്ട്. എല്ലാ വായ്പകൾക്കും പലിശയിളവു നൽകി നാലു ശതമാനം പലിശയ്ക്ക് ലഭ്യമാക്കാനും 'ജീവന'ത്തിന്റെ ഭാഗമായി നടപടി കൈക്കൊള്ളും.

## 3000 പുതിയ സംരംഭങ്ങൾ

നിലവിലെ സംരംഭങ്ങളെ ശക്തിപ്പെടുത്തുക മാത്രമല്ല പുതുതായി 3000 ൽ അധികം സംരംഭങ്ങൾ തുടങ്ങാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതും 'ജീവന'ത്തിന്റെ മറ്റൊരു പ്രധാന ലക്ഷ്യമാണ്. കൊച്ചി മെട്രോ പോലെ ഹൈക്‌ളാസ് നഗരഗതാഗത മേഖലയിൽ ഇപ്പോൾ അഞ്ഞൂറ്റി മുപ്പതോളം കുടുംബശ്രീ വനിതകൾക്ക് തൊഴിൽ നൽകാൻ കഴിഞ്ഞതിലൂടെ വളരെ ശ്രദ്ധേയമായ മുന്നേറ്റമാണ് കുടുംബശ്രീ കൈവരിച്ചത്. ഇതു നൽകുന്ന ആത്മവിശ്വാസവും കൂടി ചേരുമ്പോൾ ജീവനം കാമ്പെയ്ൻ വിജയിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങൾ കൂടുതൽ കരുത്താർജ്ജിക്കും എന്നുറപ്പാണ്.

## സംരംഭങ്ങൾ ഗ്രാമീണ നഗരമേഖലകളിൽ

കാമ്പെയ്‌ന്റെ ഭാഗമായി ഗ്രാമീണമേഖലയിൽ ഒരു പഞ്ചായത്തിൽ ഒരു വ്യക്തിഗത സംരംഭവും ഒരു ഗ്രൂപ്പ് സംരംഭവും തുടങ്ങും. നഗരങ്ങളിൽ ഓരോ നഗരസഭയിലും എട്ടു വ്യക്തിഗത സംരംഭങ്ങളും മൂന്നു ഗ്രൂപ്പ് സംരംഭങ്ങളും തുടങ്ങും. ഇതുകൂടാതെ തീരദേശമേഖലയിൽ

നിലവിലെ സംരംഭങ്ങളെ ശക്തിപ്പെടുത്തുക മാത്രമല്ല പുതുതായി 3000 ൽ അധികം സംരംഭങ്ങൾ തുടങ്ങാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതും 'ജീവന'ത്തിന്റെ മറ്റൊരു പ്രധാന ലക്ഷ്യമാണ്. കൊച്ചി മെട്രോ പോലെ ഹൈക്‌ളാസ് നഗരഗതാഗത മേഖലയിൽ ഇപ്പോൾ അഞ്ഞൂറ്റി മുപ്പതോളം കുടുംബശ്രീ വനിതകൾക്ക് തൊഴിൽ നൽകാൻ കഴിഞ്ഞതിലൂടെ വളരെ ശ്രദ്ധേയമായ മുന്നേറ്റമാണ് കുടുംബശ്രീ കൈവരിച്ചത്.

ഓരോ പഞ്ചായത്തിലും പത്ത് സംരംഭങ്ങൾ വീതം അധികമായി തുടങ്ങു ന്നതിനും പദ്ധതിയുണ്ട്. ഈ സംരംഭങ്ങൾ തുടങ്ങാൻ താൽപര്യമുള്ള കുടുംബശ്രീ അംഗങ്ങൾക്ക് പൊതുവായ പരിശീലനം (ജനറൽ ഓറിയന്റേഷൻ ട്രെയിനിങ്) നൽകും. ഇതിൽ നിന്നും സംരംഭം തുടങ്ങാൻ മുന്നോട്ടു വരുന്നവർക്ക് സ്കിൽ പരിശീലനവും നൽകി സംരംഭം തുടങ്ങുകയാണ് ലക്ഷ്യം.



### തൊഴിൽ വൈദഗ്ധ്യ പരിശീലനത്തിന് മികച്ച സ്ഥാപനങ്ങൾ

സ്കിൽ പരിശീലനം നൽകാനായി വിവിധ ഏജൻസികളെ എംപാനൽ ചെയ്യുന്ന പ്രവർത്തനവും നടത്താനാണ് ഉദ്ദേശിക്കുന്നത്. പുതിയ എംപാനലിങ് വരുമ്പോൾ വൈവിധ്യമാർന്നതും നൂതനവുമായ മേഖലകളിൽ പരിശീലനം നൽകാനുള്ള പ്രാഗൽഭ്യം കുടുംബശ്രീ മിഷന് കൈവരും. ഇതിനാൽ മുകളിൽ സൂചിപ്പിച്ച സംരംഭങ്ങൾ കൂടാതെ 140 നവീന ആശയങ്ങൾ ഉള്ള സംരംഭങ്ങളും (ഓരോ ജില്ലയിലും 10 വീതം) നടത്താനും 'ജീവനം' പദ്ധതിയിൽ ലക്ഷ്യമിടുന്നു. ജില്ലകളിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങിക്കഴിഞ്ഞു. ഇതു പൂർത്തിയാകുന്നതോടെ വൈവിധ്യമാർന്ന നൂതന സംരംഭങ്ങളുടെ ഒരു ശൃംഖല തന്നെ കുടുംബശ്രീക്ക് സ്വന്തമാകും.

### മാർക്കറ്റിങ്ങിനും വിപണനത്തിനും നൂതന പരിപാടികൾ

മാർക്കറ്റിങ്ങ് മെച്ചപ്പെടുത്താനും കൂടുതൽ വിപണന സാധ്യതകൾ കണ്ടെത്താനും 'ജീവനം'കാമ്പെയ്ൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഓരോ നഗരത്തിലും കുടുംബശ്രീയുടെ വിപണനകേന്ദ്രങ്ങൾ ഓരോ ജില്ലയിലും കുടുംബശ്രീ സൂപ്പർമാർക്കറ്റുകൾ എന്നിവ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ മാസച്ചന്തകൾ മെച്ചപ്പെടുത്താനും ഇതിനായി സ്ഥിരം സംവിധാനമൊരുക്കാനും ലക്ഷ്യമിടുന്നു. സി.ഡി.എസുകൾക്ക് ധനസഹായം നൽകാനും എല്ലാ ജില്ലയിലും ഹോംഷോപ്പുകൾ തുടങ്ങാനും ഉദ്ദേശിക്കുന്നുണ്ട്. തെരഞ്ഞെടുത്ത ഉൽപന്നങ്ങൾ ബ്രാൻഡ് ചെയ്ത് ഓൺലൈൻ ഉൾപ്പെടെയുള്ള മാർക്കറ്റിങ്ങ് സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതും 'ജീവന'ത്തിന്റെ ലക്ഷ്യങ്ങളിൽ പെടുന്നു. തെരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ ഹാൻഡിക്രാഫ്റ്റ് ഷോറൂമുകൾ തുടങ്ങാനും 'സുഭിക്ഷ' (കോഴിക്കോട് ജില്ല), 'മാരി' (ആലപ്പുഴ ജില്ല) പോലുള്ള മാർക്കറ്റിങ്ങ് സംവിധാനം പുതുതായി തുടങ്ങാനും ലക്ഷ്യമിടുന്നു.

### പദ്ധതി വിജയത്തിന് സർക്കാർ ഒപ്പമുണ്ട്

അയൽക്കൂട്ട വനിതകൾക്ക് മാന്യമായ തൊഴിലും വരുമാനവും നേടിക്കൊടുക്കാനുള്ള കുടുംബശ്രീയുടെ പരിശ്രമങ്ങൾക്ക് സർക്കാരിൽ നിന്നും മികച്ച പിന്തുണ ലഭിക്കുന്നു എന്നതും എടുത്തു പറയേണ്ട കാര്യമാണ്. കുടുംബശ്രീ അനിമൽ ബെർത്ത് കൺട്രോൾ യൂണിറ്റുകളെ അനിമൽ ബെർത്ത് കൺട്രോൾ നടത്താനുള്ള ഏജൻസിയാക്കി സർക്കാർ തീരുമാനം ലഭിച്ചത് ഇതിൽ പ്രധാനമാണ്. കൂടാതെ സംരംഭങ്ങൾക്കുള്ള വായ്പാ തുക രണ്ടരലക്ഷം രൂപയിൽ നിന്നും പത്തുലക്ഷമാക്കി ഉയർത്തി. ഇതോടൊപ്പം കുടുംബശ്രീ ടെയ്‌ലറിങ്ങ് യൂണിറ്റുകൾക്ക് ടെണ്ടറില്ലാതെ വർക്ക് ഓർഡറുകൾ നൽകാൻ പഞ്ചായത്തുകൾക്കും സർക്കാർ വകുപ്പുകൾക്കും അനുമതി ലഭ്യമാക്കാനും നാപ്കിൻ യൂണിറ്റുകൾക്ക് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.എം.എസ്.സി.എൽ) നിന്നും സപ്ളൈ ഓർഡർ ലഭിച്ചതും ടെയ്‌ലറിങ്ങ് യൂണിറ്റുകൾക്ക് ലോട്ടറി വകുപ്പിൽ നിന്നും സാമൂഹ്യനീതി വകുപ്പിൽ നിന്നും വർക്ക് ഓർഡർ ലഭിച്ചതും ഇതിന്റെ ഭാഗമാണ്. അയൽക്കൂട്ട വനിതകൾക്ക് കൂടുതൽ മെച്ചപ്പെട്ട തൊഴിലവസരങ്ങളും വരുമാനവും ലഭ്യമാകുന്നതിനുള്ള ഭൗതികസാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിലൂടെ കുടുംബശ്രീയുടെ സംരംഭമേഖലയ്ക്ക് കൂടുതൽ ഉണർവ്വും ഊർജ്ജവും കൈവരുമെന്ന് പ്രതീക്ഷിക്കാം.

**മാർക്കറ്റിങ്ങ് മെച്ചപ്പെടുത്താനും കൂടുതൽ വിപണന സാധ്യതകൾ കണ്ടെത്താനും 'ജീവനം'കാമ്പെയ്ൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഓരോ നഗരത്തിലും കുടുംബശ്രീയുടെ വിപണന കേന്ദ്രങ്ങൾ ഓരോ ജില്ലയിലും കുടുംബശ്രീ സൂപ്പർമാർക്കറ്റുകൾ എന്നിവ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്.**

*ലേഖകൻ കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറാണ്*

# കണക്കെടുപ്പിനായി ഹരിതവാരം

**ഡോ ടി എൻ സീമ**

കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചുള്ള ഗൗരവതരമായ ചർച്ച കൾ നടക്കുന്ന ഘട്ടത്തിൽ സമൂഹത്തെയാകെ പങ്കാളികളാക്കി അതിനെ പ്രതിരോധിക്കുന്നതിനുള്ള ഇടപെടലുകളാണ് ഏറ്റവും പ്രധാനം. സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളും സന്നദ്ധ-സാമൂഹ്യ സംഘടനകളും മത സമുദായ സംഘടനകളും രാഷ്ട്രീയപ്പാർ ട്ടികളും അടക്കം നിരവധി ഏജൻസികൾ ഈ ലക്ഷ്യത്തോടെ വൈവിദ്ധ്യപൂർണ്ണമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാറുണ്ട്. നവകേരള സൃഷ്ടിക്കായുള്ള സർക്കാരിന്റെ വിവിധ പദ്ധതികളിൽ ഹരിതകേരളം മിഷൻ ആത്യന്തികമായി ലക്ഷ്യം വെയ്ക്കുന്നത് കേരളത്തിന്റെ പാരിസ്ഥിതിക സമനില സംരക്ഷിക്കുക എന്നതാണ്. അതുകൊണ്ട് തന്നെ ഈ വർഷംത്തെ ലോകപരിസ്ഥിതി ദിനാചരണം വലിയ പ്രാധാന്യത്തോടെയാണ് മിഷൻ ആസൂത്രണം ചെയ്തത്. ഈ വർഷം ജൂൺ 5ന ഒരു കോടി മരം നടും എന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചപ്പോൾ പരിസ്ഥിതിയെ സംബന്ധിച്ച് ഉയർന്നിട്ടുള്ള ആശങ്കകളുടെ സാഹചര്യത്തിൽ ആ സന്ദേശം അതേ ആവേശത്തോടെ ഏറ്റെടുക്കാൻ ജനങ്ങൾ തയ്യാറായി. പിന്നീട് നടന്നത് യാന്ത്രികമായ പരിസ്ഥിതി ദിനാചരണ പ്രസംഗങ്ങളോ വെറുതെയൊരു തൈ നടലോ അല്ല. സമൂഹത്തിന്റെ എല്ലാ കോണുകളിൽ നിന്നും വൃക്ഷത്തൈകൾക്ക് വേണ്ടിയുള്ള വിപുലമായ ആവശ്യം ഉയർന്നു. മുഖ്യമന്ത്രിയുടെ തന്നെ നേതൃത്വത്തിൽ വനം വകുപ്പും കൃഷി വകുപ്പും തദ്ദേശഭരണ വകുപ്പും ചേർന്ന് നടത്തിയ ചർച്ചകൾ ഫലപ്രദമായ ഇടപെടലുകൾക്ക് സഹായകമായി. എന്നാൽ നടാൻ പറ്റുന്ന ഫലവൃക്ഷങ്ങളുടെ ഒരുകോടി തൈകൾ ലഭ്യമാക്കുക എന്നതായിരുന്നു ഏറ്റവും വലിയ വെല്ലുവിളി. പക്ഷെ, പ്രാദേശികമായ സമാഹരണം കൂടിയായപ്പോൾ ഒരുകോടി തൈകളുടെ ലക്ഷ്യം നേടാൻ കഴിഞ്ഞു. വനം വകുപ്പാണ് അതിൽ സുപ്രധാന പങ്കുവഹിച്ചത്. മുൻ വർഷങ്ങളെ അപേക്ഷിച്ച് വർദ്ധിച്ച പങ്കാളിത്തമാണ് ഈ വർഷം ജൂൺ 5ന് ഉണ്ടായതെന്ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. പരിസ്ഥിതി സംരക്ഷണത്തോട് ഉത്തരവാദിത്വമുള്ള ഒരു ജനതയെന്ന പ്രതീക്ഷയാണ് അന്നത്തെ അനുഭവങ്ങൾ സാക്ഷ്യപ്പെട്ടത്തിയത്.

എന്നാൽ ഇതുകൊണ്ട് സമാധാനപ്പെട്ടുകൊണ്ട് അടുത്ത ജൂൺ 5 ന വേണ്ടി കാത്തിരിക്കുകയല്ല വേണ്ടത് എന്ന ബോധ്യമാണ് ഹരിത കേരളം മിഷൻ മുന്നോട്ടു വെയ്ക്കുന്നത്. അതിവേഗം നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന വന സമ്പത്ത് പുനരുജ്ജീവിപ്പിക്കുന്നതിനായി ഇന്ത്യയിൽ ഏതാണ്ട് എല്ലാ സംസ്ഥാനങ്ങളിലും വിവിധങ്ങളായ സർക്കാർ പദ്ധതികൾ നേരിട്ടും സന്നദ്ധസംഘടനകൾ വഴിയും വർഷങ്ങളായി നടന്നു വരുന്നുണ്ട്. 1950 മുതൽ രാജ്യത്ത് ആചരിക്കുന്ന വനമഹോത്സവം വനങ്ങളുടെ വീണ്ടെടുപ്പിനായി ലക്ഷക്കണക്കിന് വൃക്ഷങ്ങൾ നട്ടിട്ടുണ്ട്. എന്നാൽ നട്ട മരങ്ങളിൽ എത്രമാത്രം വളർന്നുവെന്ന പരിശോധന ഫലപ്രദമല്ല എന്നതുകൊണ്ട് തന്നെ അത്തരം ഇടപെടലുകൾ കൊണ്ട് പ്രതീക്ഷിക്കുന്ന അത്രയും ഫലമുണ്ടാകുന്നില്ല എന്നതാണ് അവസ്ഥ. പക്ഷെ, പരിസ്ഥിതി സ്നേഹികളായ ചില വ്യക്തികൾ ജീവിതചര്യപോലെ സ്വന്തം കൈകൾകൊണ്ടുനട്ടുവളർത്തിയ കാടുകളെക്കുറിച്ചുള്ള ആവേശകരമായ കഥകൾ നമ്മൾ കേൾക്കാറുണ്ട്. അത്തരം അനുഭവങ്ങൾ ചില ഗൗരവമുള്ള പാഠങ്ങൾ നല്കുന്നുണ്ട്. മരങ്ങൾ നടുന്നതുകൊണ്ട് അവസാനിക്കുന്നതല്ല വൃക്ഷവത്കരണം എന്ന പ്രക്രിയ, മറിച്ച് നിരന്തര പരിപാലനത്തിലൂടെ വളരുന്നതിനുള്ള പിന്തുണയും നല്കേണ്ടതുണ്ട്. ആന്ധ്രാപ്രദേശ് സർക്കാർ മൂന്ന

> നട്ടമരങ്ങളെ സംരക്ഷിക്കുന്നതിനുള്ള ഇടപെടലുകൾ ഉണ്ടാകണമെന്നാണ് ഹരിത കേരളം മിഷൻ ആഗ്രഹിക്കുന്നത്. ജൂൺ 5 നും തുടർന്നുള്ള ദിവസങ്ങളിലും കേരളത്തിൽ വിവിധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും നേതൃത്വത്തിൽ നട്ടമരങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി പരിശോധിക്കുന്നതിനുള്ള മരങ്ങളുടെ കണക്കെടുപ്പിനു സമയമായി എന്ന സന്ദേശമാണ് ഹരിത കേരളം മിഷൻ നല്കുന്നത്.

വർഷം മുമ്പ് 25 കോടി മരങ്ങൾ നടുന്നതിന് പരിപാടി ആവിഷ്കരിച്ചു. പക്ഷെ, പിന്നീട് പരിശോധിച്ചപ്പോൾ ആസൂത്രണം ചെയ്തതിൽ തന്നെ ചെറിയൊരു ശതമാനം മാത്രം നടുകയും അതിൽ തന്നെ ചെറിയൊരു ശതമാനം മാത്രം വളരുകയും ചെയ്യുന്ന എന്നതാണ് സ്ഥിതി എന്ന് മനസിലാക്കി. ഇപ്പോൾ വീണ്ടും ആന്ധ്രാപ്രദേശ് സർക്കാർ അഞ്ചുവർഷം കൊണ്ട് അഞ്ചുകോടി മരം എന്ന ലക്ഷ്യം മുന്നോട്ടു വെച്ചിരിക്കുകയാണ്.

ഇത്തരം അനുഭവങ്ങളിൽ നിന്നും ഉൾക്കൊണ്ട പാഠങ്ങൾ മുൻനിർത്തി നട്ടമരങ്ങളെ സംരക്ഷിക്കുന്നതിനുള്ള ഇടപെടലുകൾ ഉണ്ടാകണമെന്നാണ് ഹരിത കേരളം മിഷൻ ആഗ്രഹിക്കുന്നത്. ജൂൺ 5 നും തുടർന്നുള്ള ദിവസങ്ങളിലും കേരളത്തിൽ വിവിധ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും നേതൃത്വത്തിൽ നട്ടമരങ്ങളുടെ ഇപ്പോഴത്തെ സ്ഥിതി പരിശോധിക്കുന്നതിനുള്ള മരങ്ങളുടെ കണക്കെടുപ്പിനു സമയമായി എന്ന സന്ദേശമാണ് ഹരിത കേരളം മിഷൻ നല്കുന്നത്. ഇതുനടത്തുന്നതിന് ജൂൺ 5നു തൈകൾ നടാൻ നേതൃത്വം നല്കിയ വിദ്യാഭ്യാസ സ്ഥാപനങ്ങളും റസിഡൻസ് അസോസിയേഷനുകളും കുടുംബശ്രീ അയൽ കൂട്ടങ്ങളും വിവിധ സ്ഥാപനങ്ങളും ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബുകളും ആവശ്യമായ ടീമിനെ തയ്യാറാക്കേണ്ടതുണ്ട്. താഴെ പറയുന്ന കാര്യങ്ങൾ പരിശോധനയ്ക്ക് വിധേയമാക്കണം.

- നട്ടമരങ്ങൾ ഇപ്പോൾ അവശേഷിക്കുന്നുണ്ടോ?
- ഉണ്ടെങ്കിൽ ആവശ്യമായ തുടർസംരക്ഷണം ലഭ്യമാണോ?
- ചെടിക്ക് ആരോഗ്യമുണ്ടോ? ഇല്ലെങ്കിൽ എന്താണ് ചെയ്യേണ്ടത്?
- ചെടി അവശേഷിക്കുന്നില്ലെങ്കിൽ എന്ത് കൊണ്ടാണ് അത് നശിച്ചു പോയത്?
- പരിഹാര മാർഗങ്ങൾ എന്താണ്?

ഒക്ടോബർ 2 മുതൽ ഹരിതവാരം ആചരിച്ചു കൊണ്ടാണ് മരങ്ങളുടെ പരിശോധന (Tree Audit) നടത്തേണ്ടത്. ഇതിനായി ചുമതലപ്പെടുത്തിയ ടീം അംഗങ്ങൾ ചെടികളുടെ പരിശോധനയുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന പരിശോധനാ റിപ്പോർട്ട് (Audit Report) യോഗം ചേർന്ന് പൊതുവായി അവതരിപ്പിക്കുകയും പോരായ്മകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുകയും വേണം. ഇങ്ങനെ തയ്യാറാക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടപ്പെട്ട ഓരോ വൃക്ഷത്തൈക്കും പകരമായി ഒരു ഫലവൃക്ഷത്തൈനടുന്നതിനുള്ള ഉത്തരവാദിത്വം വീഴ്ച വരുത്തിയവർ ഏറ്റെടുക്കണം. പരമാവധി സാമൂഹ്യ മാദ്ധ്യമങ്ങളിലൂടെ പരിശോധനാ റിപ്പോർട്ടുകൾ പങ്കു വെയ്ക്കാനാകണം. ഹരിത വാരം ആസൂത്രണം ചെയ്യുമ്പോൾ മൂന്നു ദിവസം പരിശോധനയ്ക്കും രണ്ടുദിവസം റിപ്പോർട്ട് തയ്യാറാക്കാനും ചെലവഴിക്കണം. ഹരിത വാരത്തിന്റെ പ്രചരണം ഹരിത കേരളം മിഷന്റെ ഭാഗമായി സംഘടിപ്പിക്കപ്പെടും. എന്നാൽ ഇത്തരമൊരു ജനകീയ പരിശോധയ്ക്കായുള്ള തയ്യാറെടുപ്പ് സംബന്ധിച്ച് പരമാവധി പ്രചരണം നടത്താൻ ഓരോ സംഘടനയും സ്ഥാപനവും തയ്യാറാകണം, പൗര ബോധം സംബന്ധിച്ചുള്ള ഒരു ആത്മപരിശോധന കൂടിയാണിത്. ഓരോ ജില്ലയിലും വിത രണം ചെയ്തിട്ടുള്ള തൈകളുടെ വിവരങ്ങൾ കലക്ടർമാരുടെ കൈവശമുണ്ട്. ജില്ലകളിൽ സർക്കാർ സംവിധാനം ഉപയോഗിച്ച് പരിസ്ഥി തി ദിനവുമായി ബന്ധപ്പെട്ട് നട്ട തൈകളുടെ ഇപ്പോഴത്തെ അവസ്ഥ ഹരിത കേരളം മിഷൻ ശേഖരിക്കുന്നുണ്ട്. എന്നാൽ ഓരോ പ്രദേശത്തും ജനകീയമായി നടത്തുന്ന പരിശോധനയിലൂടെ നട്ട മരങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ മനസിലായാൽ വൃക്ഷവത്കരണമെന്ന പ്രവർത്തനത്തെ കൂടുതൽ ഫലപ്രദമാക്കുന്നതിന് കഴിയും എന്ന് മാത്രമല്ല, മരങ്ങളുടെ കാവൽ നില്ക്കുന്നവർ കൂടിയാകണം എന്ന ജാഗ്രതയും ഇതിൽ പങ്കാളിയാകുന്നവരിൽ സൃഷ്ടിക്കപ്പെടും.

2017-18 സംസ്ഥാന ബഡ്ജറ്റ് പ്രഖ്യാപിച്ച ലക്ഷ്യം ഈ വർഷം മൂന്നു കോടി മരങ്ങൾ നടും എന്നതാണ്. ജൂൺ 5ന്റെ ഒരു കോടി മരങ്ങൾക്കു പുറമേ രണ്ടുകോടി തൈകൾ കൂടി അടുത്ത ജൂൺ 5നു മുമ്പായി തയ്യാറാക്കേണ്ടതുണ്ട്. വിപുലമായ തയ്യാറെടുപ്പുകൾ ബന്ധപ്പെട്ട വകുപ്പുകൾ ആരംഭിച്ചു കഴിഞ്ഞു. ഹരിത കേരളം മിഷനും മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് മിഷനും കുടുംബശ്രീയും ചേർന്നുകൊണ്ട് രണ്ടു കോടി ഫലവൃക്ഷത്തൈകൾ തയ്യാറാക്കുമെന്നാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനാവശ്യമായ തൈകളുടെ വികസനത്തിന് തൊഴിലുറപ്പ് തൊഴിലാളികൾക്ക് ആവശ്യമായ പരിശീലനം കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചു കഴിഞ്ഞു. ഇത് ഒരേ സമയത്ത് ആവശ്യമായ വൃക്ഷത്തൈകളുടെ ലഭ്യത ഉറപ്പാക്കുകയും പതിനായിരക്കണക്കിനു തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കുകയും നാടിന്റെ പരിസ്ഥിതി സംരക്ഷണത്തിൽ നിർണ്ണായകപങ്കു വഹിക്കുകയും ചെയ്യും. മണ്ണും ജലവും മരങ്ങളും സംരക്ഷിക്കുകയെന്നാൽ നമ്മളെത്തന്നെ സംരക്ഷിക്കുക എന്നാണ്. പ്രകൃതി സംരക്ഷണത്തിന്റെ ഔദാര്യപ്രകടനങ്ങളല്ല, ആത്മാർഥമായ ഇടപെടലുകളാണ് സ്വയം രക്ഷയ്ക്കായി നമുക്കുവേണ്ടത്.

**ഒക്ടോബർ 2 മുതൽ ഹരിതവാരം ആചരിച്ചു കൊണ്ടാണ് മരങ്ങളുടെ പരിശോധന നടത്തേണ്ടത്. ഇതിനായി ചുമതലപ്പെടുത്തിയ ടീം അംഗങ്ങൾ ചെടികളുടെ പരിശോധനയുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന പരിശോധനാ റിപ്പോർട്ട് യോഗം ചേർന്ന് പൊതുവായി അവതരിപ്പിക്കുകയും പോരായ്മകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുകയും വേണം.**

*ലേഖിക ഹരിത കേരളം മിഷൻ ഉപാദ്ധ്യക്ഷയാണ്*

# പഠിക്കുക പിന്തുണയ്ക്കുക

**അരവിന്ദാക്ഷൻ. പി**

### ശ്രീകൃഷ്ണപുരത്തെ വിദ്യാർത്ഥികൾ പുതുചരിതമെഴുതുന്നു

പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ 6 ഗ്രാമപഞ്ചായത്തുകളിലെ കോളേജ്, ഹയർസെക്കന്ററി വിദ്യാലയങ്ങളിലായി 11 നാഷണൽ സർവ്വീസ് സ്കീം(NSS) യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഈ യൂണിറ്റുകളിലുള്ള 1100 വിദ്യാർത്ഥികളുടെ കർമ്മശേഷി സാന്ത്വനപരിചരണ രംഗത്ത് ഉപയോഗപ്പെടുത്തുന്നതനുപരിപാടിയാണ്'STUDY ANDSUPPORT. കഴിഞ്ഞരണ്ടുവർഷക്കാലത്തിനിടയിൽ വിവിധങ്ങളായ പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ടുള്ള NSS പദ്ധതികൾ നാടാകെ ശ്രദ്ധിക്കുന്നവയായി മാറി. യുവതലമുറയിൽ അന്യം നിന്നുകൊണ്ടിരിക്കുന്ന നൻമകളും മൂല്യങ്ങളും തിരിച്ചുപിടിക്കുന്നതിനോടൊപ്പം വിദ്യാർത്ഥികൾക്ക് നേതൃപാടവശേഷി കൈവരിക്കുന്നതിനും ഇത്തരം പദ്ധതികൾ വഴിയൊരുക്കുകയാണ്. ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള കടമ്പഴിപ്പുറം സാമൂഹ്യ ആരോഗ്യകേന്ദ്രത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 'സമന്വയ' പാലിയേറ്റീവ് സെക്കന്ററി യൂണിറ്റാണ്'NSS വിദ്യാർത്ഥികളുടെ സേവനത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നത്.

### സമന്വയക്കൊരു വാഹനം - സ്വപ്നം പൂവണിഞ്ഞു.

സമന്വയ സെക്കന്ററി യൂണിറ്റിൻെറ നേതൃത്വത്തിൽ ഹോം കെയർ നടത്തുന്നതിന് വാഹനമില്ലാത്തത് വലിയൊരു തടസ്സമായിരുന്നു. പ്ലാൻ ഫണ്ട് ഉപയോഗിച്ച് വാഹനങ്ങൾ വാങ്ങുന്നതിന് സർക്കാർ മാർഗ്ഗരേഖ പിന്തുണയ്ക്കാത്തതിനാൽ ജനകീയ ഫണ്ടിംഗിലൂടെ വാഹനം വാങ്ങിക്കാൻ കടമ്പഴിപ്പുറം സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ HMC, PMC സമിതികൾ തീരുമാനിച്ചു. വീടുകൾ തോറും കയറിയിറങ്ങി കൊച്ചുനാണയത്തുട്ടുകൾ ശേഖരിച്ച് വലിയൊരു സംഖ്യയാക്കി സംരംഭത്തെ സഹായിക്കാൻ കുട്ടികൾ മുന്നോട്ടുവന്നത് ഏവർക്കും ആത്മവിശ്വാസം പകർന്നു. 9 വിദ്യാലയ യൂണിറ്റുകൾ വഴി NSS വിദ്യാർത്ഥികൾ 3,73,280 രൂപ സംഭരിച്ചുവെന്നത് ഏറെ പ്രചോദകമായ സംഭവമായി മാറി. മറ്റ് മാർഗ്ഗങ്ങൾ




> യുവതലമുറയിൽ അന്യംനിന്നുകൊണ്ടിരിക്കുന്ന നൻമകളും മൂല്യങ്ങളും തിരിച്ചുപിടിക്കുന്നതിനോടൊപ്പം വിദ്യാർത്ഥികൾക്ക് നേതൃപാടവശേഷി കൈവരിക്കുന്നതിനായി ഇത്തരം പദ്ധതികൾ വഴിയൊരുക്കുകയാണ്. ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള കടമ്പഴിപ്പുറം സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സമന്വയ പാലിയേറ്റീവ് സെക്കന്ററി യൂണിറ്റാണ് NSS വിദ്യാർത്ഥികളുടെ സേവനത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നത്.




വീടുകൾ തോറും കയറി യിറങ്ങി കൊച്ചുനാണയ ത്തുട്ടുകൾ ശേഖരിച്ച് വലിയൊരു സംഖ്യയാക്കി സംരംഭത്തെ സഹായിക്കാൻ കുട്ടികൾ മുന്നോട്ടുവന്നത് ഏവർക്കും ആത്മ വിശ്വാസം പകർന്നു. 9 വിദ്യാലയ യൂണിറ്റുകൾ വഴി NSS വിദ്യാർത്ഥികൾ 3,73,280 രൂപ സംഭരിച്ചു വെന്നത് ഏറെ പ്രചോദ കമായ സംഭവമായി മാറി.

വഴി ശേഖരിച്ച തുക കൂടി ചേർത്ത് ബൊലേറോ ZLX എന്ന വാഹനം വാങ്ങിച്ച് ആശുപത്രിയിലേക്ക് കൈമാറുകയാണുണ്ടായത്. 9,32,353 രൂപ ചെലവഴിച്ച് വാങ്ങിച്ച പാലിയേറ്റീവ് ആവശ്യത്തിനുള്ള വാഹനം നിരത്തിലൂടെ നീങ്ങുമ്പോൾ വിദ്യാർത്ഥികൾക്കും നമുക്കേവർക്കും ഒന്നിച്ച് അഭിമാനിക്കാം, ഇത് ഞങ്ങളുടെ കൂടെ വിയർപ്പിന്റെ ഉത്പന്നമാണെന്ന്.

## പാരാപ്ലീജിയ രോഗികളോടൊത്ത് ഉല്ലാസയാത്ര

കിടപ്പു രോഗികളിൽ ഏറെ ദുഃസ്സഹമായ ജീവിതസാഹചര്യങ്ങളുമായി മുന്നോട്ടുപോകുന്നത് അരയ്ക്കു താഴെ നിശ്ശേഷം തകർന്നുപോയ പാരാപ്ലീജിയ രോഗികളാണ്. തങ്ങളുടെ കിടപ്പുമുറിയെ ലോകമായി കണ്ടുകൊണ്ട് ജീവിക്കുന്ന ഈ രോഗികളെ പുറംലോകത്തെത്തിച്ച് അവരുടെ മനസ്സിന് സന്തോഷമേകികൊണ്ടുള്ള യാത്രകൾ സംഘടിപ്പിക്കുന്നത് സമന്വയയുടെ പ്രധാന പ്രവർത്തനങ്ങളിലൊന്നാണ്. കഴിഞ്ഞ വർഷത്തെ രണ്ടുയാത്രകൾ മലമ്പുഴ, തൃശ്ശൂർ ചാവക്കാട് ഭാഗങ്ങളിലേക്കാണുണ്ടായത്. ഈ വർഷം യാത്രപോയത് കൊച്ചിയിലെ കടൽ തീരത്തേക്കായിരുന്നു. ജീവിതത്തിൽ ഒരിക്കലും കടൽ കാണാത്തവർ, ബോട്ടിൽ കയറാത്തവർ, ആഴക്കടലിലേക്ക് യാത്ര പോകാത്തവർ, കടൽവെള്ളത്തിന്റെ രുചിയറിയാത്തവർ അങ്ങനെ പലതും ആദ്യമായി ചെയ്യുന്നവർ, അവരുടെ ജീവിതത്തിലെ മറക്കാനാവാത്ത ഏടായി ഈ യാത്ര മാറി.

ഇവിടെ രോഗികളെ വീട്ടിൽ നിന്നും കൊണ്ടുവരുന്നതു മുതൽ തിരിച്ചെത്തുന്നതുവരെ അവരോടൊപ്പം സ്നേഹദൂതരായി നിന്നത് മണ്ണമ്പറ്റ വി.ടി. ഭട്ടതിരിപ്പാട് കോളേജ്, ശ്രീകൃഷ്ണപുരം ഗവ. എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിലെ വിദ്യാർത്ഥികളാണ്. തങ്ങളുടെ കുടുംബാംഗങ്ങളെപോലെ വിദ്യാർത്ഥികൾ യാത്രക്കാരായ രോഗികളെ പരിചരിച്ചത് ഭാവിയിലേക്കുള്ള ഒരു ചുവടുവെയ്പ്പായിട്ടാണ് പലരും കണ്ടത്. ഇത്തരം പരിപാടികളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ അച്ഛനമ്മമാർ ഒരിക്കലും അനാഥരാവില്ലെന്ന് ഉറപ്പിക്കാം.

## ക്യാൻസർ രോഗികളോടൊപ്പം

എല്ലാ NSS യൂണിറ്റിലെയും വിദ്യാർത്ഥികൾക്ക് ഒരു ദിവസത്തെ ക്ലാസ് സംഘടിപ്പിച്ചു കൊണ്ടാണ് ഈ പദ്ധതി തുടങ്ങിയത്. ഓങ്കോളജിസ്റ്റ് കൂടിയായ മെഡിക്കൽ ഓഫീസർ ഡോ. ദീപക് ഗോപിനാഥ്, പാലിയേറ്റീവ് പ്ര



## പി.മേരിക്കുട്ടി ഐ.എ.എസ്
## പഞ്ചായത്ത് ഡയറക്ടർ



പി.മേരിക്കുട്ടി ഐ.എ.എസ് പഞ്ചായത്ത് ഡയറക്ടറായി 2017 ആഗസ്റ്റ് 29ന് ചുമതലയേറ്റു. ഇപ്പോൾ എം.ജി. എൻ.ആർ.ഇ.ജി.എസ് മിഷൻ ഡയറക്ടറാണ്. പഞ്ചായത്ത് ഡയറക്ടറുടെയും ഗ്രാമവികസന കമ്മിഷണറുടെയും അധികചുമതല വഹിക്കുന്നു. റവന്യൂ വകുപ്പിൽ ജോയിന്റ് കമ്മിഷണറായും ലാൻഡ് ബോർഡ് സെക്രട്ടറിയായും കേരള സ്റ്റേറ്റ് ലാൻഡ് യൂസ് ബോർഡ് കമ്മിഷണറായും ലീഗൽ മെട്രോളജി കൺട്രോളറായും കെ.എസ്.ആർ.ഇ.സി ഡയറക്ടറായും പാലക്കാട് ജില്ലാ കളക്ടറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

വർത്തകൻ ഗണേഷ് മുന്നോർക്കോട് എന്നിവർ 11 കേന്ദ്രങ്ങളിലുമെത്തി ക്ലാസിന് നേതൃത്വം നൽകി. തുടർന്ന് 6 ഗ്രാമപഞ്ചായത്തുകളിലായി പാലിയേറ്റീവ് പദ്ധതിയിൽ രജിസ്റ്റർ ചെയ്ത മുഴുവൻ രോഗികളുടെ അടുത്തേക്കും വിദ്യാർത്ഥികൾ കടന്നു ചെന്നു. രോഗികളുടെ ചികിൽസ, ജീവിതാവസ്ഥ തുടങ്ങിയ വിവരങ്ങൾ ശേഖരിച്ച് പ്രത്യേക പഠനത്തിന് വിധേയമാക്കി. തുടർന്ന് ഓരോ വാർഡിലും ക്യാൻസറിനെതിരെ വീടുകൾ തോറും കയറിയിറങ്ങി പ്രചരണവും പ്രത്യേക ഗ്രാമസഭയും സംഘടിപ്പിച്ചു.

### തണൽ - ഡയാലിസിസ് രോഗികൾക്കൊരു കൈത്താങ്ങ്

പാലിയേറ്റീവ് രോഗികളിൽ ഏറ്റവും കൂടുതൽ സാമ്പത്തിക ചെലവ് ഏറ്റെടുക്കേണ്ടി വരുന്ന വിഭാഗമാണ് വൃക്ക രോഗികളെന്ന് നമുക്കറിയാം. ഡയാലിസിസിനു വിധേയരാകുന്ന ഇവരിലെ പാവങ്ങൾക്ക് ചികിൽസാ ചെലവ് കണ്ടെത്തുന്നതിനായി ചെറിയൊരു സഹായമെന്നനിലയിൽ ആരംഭിച്ച പദ്ധതിയാണ് തണൽ. NSS വിദ്യാർഥികളുടെ സഹായത്തോടെയാണ് പദ്ധതി മുന്നോട്ട് കൊണ്ടു പോകാൻ ഉദ്ദേശിക്കുന്നത്. ആദ്യഘട്ടമെന്ന നിലയിൽ വിവിധ ഗ്രന്ഥകർത്താക്കളുടെ പുസ്തകങ്ങൾ ജനങ്ങൾക്കിടയിൽ വിറ്റഴിച്ചുകൊണ്ട് ലഭിക്കുന്ന കമ്മീഷൻതുക ഈ നിധിയിലേക്ക് കൈമാറുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ജൂൺ 19 ന് ആരംഭിച്ച ഈ പദ്ധതിക്ക് ക്രഡിറ്റ് വ്യവസ്ഥയിൽ പുസ്തകം നൽകുന്നത് പാലക്കാട് DCബുക്സ് ആണ്. ഓരോ വിദ്യാർത്ഥിയും 1000 രൂപയുടെ പുസ്തകം വിറ്റഴിച്ചു കൊണ്ട് 10 ലക്ഷം രൂപയുടെ പുസ്തകങ്ങൾ വിൽപ്പന നടത്തുന്നതിനും അതുവഴി 35% നിരക്കിലുള്ള കമ്മീഷൻ തണൽ പദ്ധതിക്ക് ലഭ്യമാക്കാനുമാണ് ലക്ഷ്യമിടുന്നത്.

### ഭവന സന്ദർശനവും സ്നേഹബക്കറ്റും

സഹപാഠികളിൽ നിന്ന് വീട്ടുപയോഗത്തിനാവശ്യമായ വസ്തുക്കൾ സ്കൂളിൽ സ്ഥാപിച്ച സ്നേഹബക്കറ്റിൽ കൊണ്ടുവന്ന് നിക്ഷേപിക്കാൻ നൽകിയ സന്ദേശം ഏറ്റെടുക്കാൻ ഒട്ടേറെ വിദ്യാർത്ഥികൾ തയ്യാറായി. കടുക്, മുളക്, സോപ്പ്, പച്ചക്കറി, തീപ്പെട്ടി, തുടങ്ങി ഉപ്പു തൊട്ടു കർപ്പൂരം വരെയുള്ളവ ഒരു ബക്കറ്റ് നിറയുമ്പോൾ അതെടുത്ത് പാലിയേറ്റീവ് ഹോം കെയർ ടീമിനോടൊപ്പം വിദ്യാർത്ഥികൾ സഞ്ചരിക്കുകയായി. ഏറ്റവും പാവപ്പെട്ട രോഗികൾക്ക് സ്നേഹബക്കറ്റ് കൈമാറുന്ന ചടങ്ങും ഇതോടൊപ്പം നടക്കും. രോഗികളോടൊത്ത് സ്നേഹ സംഭാഷണം നടത്തി പിരിയുമ്പോഴേക്കും വിദ്യാർത്ഥികൾ മാനസികമായി ആ കുടുംബത്തിലൊരംഗമായി മാറിയിരിക്കും. എല്ലാ ഹോം കെയറിലും വിദ്യാർത്ഥി പങ്കാളിത്തമുറപ്പിക്കാൻ ശ്രമിക്കാറുണ്ട്.

### മറ്റു പദ്ധതികൾ

2017 - 18 വർഷത്തിൽ ഓരോ NSS യൂണിറ്റിന്റെ ആഭിമുഖ്യത്തിലും ഒരു സ്നേഹവീട് പാവപ്പെട്ടവർക്കായി നിർമ്മിച്ചു നൽകാൻ ലക്ഷ്യമിടുന്നു. ലഹരിക്കെതിരെയും ട്രാഫിക് നിയമബോധവൽക്കരണത്തിനും മതസൗഹാർദ്ദ സന്ദേശം നൽകുന്നതിനുമുള്ള വ്യത്യസ്ത പരിപാടികളാണ് ഈ വർഷം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത്. യുവതലമുറയ്ക്ക് ശരിയായൊരു ദിശാബോധം ഉറപ്പുവരുത്തുന്നതിനും വിദ്യാലയങ്ങളിൽ പ്രവർത്തന ചുമതലയില്ലാത്ത ബ്ലോക്ക് പഞ്ചായത്തുകൾക്ക് പുതിയൊരു കർമ്മമുഖം തുറന്നെടുക്കുന്നതിനും STUDY AND SUPPORT പദ്ധതി പ്രയോജനകരമാവുകയാണ്.

2017 - 18 വർഷത്തിൽ ഓരോ NSS യൂണിറ്റിന്റെ ആഭിമുഖ്യത്തിലും ഒരു സ്നേഹവീട് പാവപ്പെട്ടവർക്കായി നിർമ്മിച്ചു നൽകാൻ ലക്ഷ്യമിടുന്നു.

*ലേഖകൻ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റാണ്*

# ഉണ്ണുന്നു ഊട്ടുന്നു – ഉഴവിന്റെ വാഴ്വ്

ന്യൂദില്ലിയിലെ ഇന്ത്യൻ അഗ്രികൾച്ചറൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ (IARI) 2017 ഫെല്ലോ ഫാർമർ അവാർഡ് ജേതാവായ ആർ രവീന്ദ്രനുമായി നടത്തിയ അഭിമുഖം

മണ്ണിനെ കർഷണം ചെയ്യുന്നതാണ് കൃഷി. കർഷണം ചെയ്യുകയെന്നാൽ ഇളക്കിമറിക്കുക. ജീവനും ജീവിതവും നിലനിർത്താനുള്ള അന്നം വിളയിക്കുന്ന മഹാത്മാവാണ് ഓരോ കൃഷിക്കാരനും.

പണ്ട് കൃഷി ജീവിതത്തിൽ നിന്നും വ്യത്യസ്തമായിരുന്നില്ല. ജീവിതം തന്നെയായിരുന്നു. നഷ്ടകാലത്തെയോർത്ത് വിലപിക്കുന്നില്ല. ഇതാ ഇവിടെ ഞങ്ങൾ പരിചയപ്പെടുത്തുന്നു. തൊഴിലിൽ താരത്തിളക്കമുള്ള കൃഷിക്കാരനായ ആർ. രവീന്ദ്രനെ. തിരുവനന്തപുരം ഉള്ളൂർ സ്വദേശി. കൃഷി ജീവശ്വാസമായൊരാൾ. വിയർപ്പുമണം ജീവിതഗന്ധമായൊരാൾ. ഉണ്ണാനും ഊട്ടാനും വിഷലേശവുമില്ലാത്ത പച്ചക്കറികൾ ഇവിടെ സുലഭം. പടവെട്ടാൻ മണ്ണ് ശത്രുവല്ല. ഉറ്റമിത്രമാണെന്നിദ്ദേഹം തെളിയിച്ചിരിക്കുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുള്ള കൃഷിപ്രതിഭ.

ഇക്കഴിഞ്ഞ ഓണസദ്യയ്ക്ക് ചോറുൾപ്പെടെ എല്ലാ വിഭവങ്ങളും സ്വന്തം കൃഷിയിൽനിന്ന് ഒരുക്കിക്കഴിച്ച സംതൃപ്തമായ ആനന്ദത്തിലാണ് ഈ സ്വാശ്രയ ജീവിതത്തിന്റെ വക്താവ്.

ഇനി രവീന്ദ്രൻ പറയട്ടെ.

➢ **കൃഷി അങ്ങേയ്ക്കെന്താണ്? ജീവിത മാർഗ്ഗം മാത്രമോ?**

ഭൂമി ദേവിയാണ്. അമ്മയാണ്. എല്ലാ ജീവജാലങ്ങൾക്കും ജീവിക്കാനുള്ള എല്ലാ സൗകര്യങ്ങളും ഭൂമി തരുന്നു. കൃഷി എന്റെ ജീവിതത്തിന്റെ ഒരു ഭാഗമാണ്. എന്റെ ശ്വാസം നിലയ്ക്കുന്നതുവരെ മണ്ണിൽ അധ്വാനിച്ച് വിഷമില്ലാത്ത ഭക്ഷണം ഉല്പാദിപ്പിക്കണമെന്നാണ് ആഗ്രഹം.

ചെറുപ്പം മുതലേ കൃഷിയെ സ്നേഹിച്ചും, ജീവിതത്തിന്റെ ഒരു ഭാഗമാക്കിയുമാണ് വളർന്നത്. നെൽകൃഷി, തെങ്ങ്, വാഴ, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ എല്ലാം കൃഷി ചെയ്തിട്ടുണ്ട്. ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നു. നാം ഇപ്പോൾ കഴിക്കുന്ന ഭക്ഷണത്തിൽ 90%വും






വിഷം കലർന്നതാണ് എന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിക്കുന്നത്. ഞാൻ കൃഷി ചെയ്തെടുക്കുന്ന ഉല്പന്നങ്ങൾ എന്റെ ജീവിതമാർഗ്ഗത്തിലുപരി അത് ഉപയോഗിക്കുന്നവർക്ക് ഒരു ദോഷവും ഉണ്ടാക്കരുതേ എന്നു കൂടി ഞാൻ ആഗ്രഹിക്കുന്നു.

➢ **കൃഷിയിൽ പാരമ്പര്യമുണ്ടോ?**

കൃഷി ഉപജീവനമാർഗ്ഗമാക്കിയ ഒരു കർഷക കുടുംബത്തിലാണ് ഞാൻ ജനിച്ചത്. ഒരു കൂട്ടുകുടുംബം. അപ്പൂപ്പൻ, അമ്മൂമ്മ, അച്ഛൻ, അമ്മ, സഹോദരങ്ങൾ എല്ലാവരും കൃഷിസ്ഥലത്ത് പോകുകയും ജോലിക്കാരോടൊപ്പം പണിയെടുക്കുകയും ചെയ്തിരുന്നു. അവരോടൊപ്പം ഞാനും കൂട്ടമായി രുന്നു.

➢ **കുട്ടിക്കാലം? പഠനം? കൃഷിയിലേക്കുള്ള വഴി?**

1954 നവംബർ 29-ാം തീയതി ജനിച്ചു. കൂട്ടുകുടുംബം ആയതിനാൽ എല്ലാവരുടെയും സ്നേഹം കിട്ടിയിരുന്നു. പഴംകഥകൾ കേട്ടുവളർന്നു. പഠിത്തത്തോടൊപ്പം കൃഷിയും ചെയ്യാൻ നല്ല താല്പര്യമായിരുന്നു. വീട്ടിലും സ്കൂളിലും മത്സരിച്ച് പച്ചക്കറികൃഷി ചെയ്ത് വിജയം നേടിയിട്ടുണ്ട്. സ്കൂളിൽ കൃഷിത്തോട്ടം ഉണ്ടാക്കിയതിൽ ഒന്നാംസ്ഥാനം നേടിയിട്ടുണ്ട്. 7-ാം സ്റ്റാൻഡേർഡിൽ പഠിക്കുമ്പോൾ പഞ്ചായത്ത് തലത്തിൽ എനിക്ക് ഒന്നാം സ്ഥാനം കിട്ടുകയുണ്ടായി. 10-ാം ക്ലാസ് കഴിഞ്ഞപ്പോൾ വയലുകൾ ഉഴുതുമറിക്കാൻ രണ്ടു ചുണക്കുട്ടന്മാരായ കാളകളെ സ്വന്തമായി വാങ്ങിച്ചു. എന്റെ കുടുംബത്തിലുള്ള എല്ലാ വയലുകളും ഉഴുത് കൃഷി ചെയ്യുമായിരുന്നു. എന്നാൽ ഒരു തൊഴിൽ പഠിക്കണമെന്ന വീട്ടിലുള്ളവരുടെ നിർബന്ധപ്രകാരം ഓട്ടോ ഇലക്ട്രിക്കൽ ജോലി പഠിച്ചു. സ്വന്തമായി വർക്ക്ഷോപ്പ് തുടങ്ങി. വാഹനങ്ങളുടെ പുതിയ ബാറ്ററി നിർമ്മിക്കുക പ്രധാന ജോലിയായി. ഇതിനോടൊപ്പം കുടുംബവസ്തുവിൽ പലതരം കൃഷികളും ചെയ്തു വരുമാനവും കൂടി. സൗദിഅറേബ്യയിൽ നിന്ന് ഒരു അറബി എന്റെ വർക്ഷോപ്പിൽ വന്ന് ഇന്റർവ്യൂ നടത്തി ഒരു ചെലവും കൂടാതെ ഗൾഫിൽ കൊണ്ടുപോയി. 10 വർഷം ഗൾഫിൽ ഓട്ടോഇലക്ട്രീഷ്യനായി ജോലി നോക്കി. മടങ്ങി വന്ന് വർക്ഷോപ്പു ജോലിയും ഒരു സ്റ്റേഷനറി കടയും തുടങ്ങി. സ്വന്തമായിട്ടുള്ള കടയിലാണ് ഇത് രണ്ടും. നല്ല വരുമാനവും കിട്ടുകയുണ്ടായി. എന്നാൽ മനസ്സിൽ ഒരു സുഖവും തോന്നിയിരുന്നില്ല.

ഗൾഫിൽ നിന്ന് മടങ്ങിവന്നപ്പോഴേക്കും നാട്ടിൽ കൃഷിയിൽ വലിയ മാറ്റങ്ങൾ സംഭവിച്ചിരുന്നു. രാസവളങ്ങളും രാസകീടനാശിനികളും ഉണ്ടെങ്കിലേ കൃഷി ചെയ്യാൻ പറ്റുകയുള്ളൂ എന്ന തോന്നൽ കർഷകരിൽ ഉണ്ടായി. കൃഷിക്കുള്ള മണ്ണ് നശിച്ചതായി എനിക്കു തോന്നി. നമ്മുടെ മണ്ണ് ജൈവഫലഭൂയിഷ്ഠമാക്കാൻ തീരുമാനിച്ചു. എന്റെ ബിസിനസ് എല്ലാം നിർത്തി സ്ഥാപനങ്ങൾ വാടകയ്ക്കു കൊടുത്തു. ജൈവകൃഷിയിലേക്കിറങ്ങി.

➢ **ജൈവരീതി, രാസരീതി എന്നൊരു വിഭജനം കൃഷിക്കാവശ്യമുണ്ടോ? ശാസ്ത്രീയ കൃഷി രീതിയല്ലേ ഉചിതം?**

ജൈവവളത്തിൽ ജീവാണുക്കളും സൂക്ഷ്മാണുക്കളുമാണ് ചെടികളുടെ വളർച്ചയ്ക്ക് സഹായിക്കുന്നത്. ജൈവവളം ഉപയോഗിക്കുമ്പോൾ മണ്ണ് എപ്പോഴും ഫലഭൂയിഷ്ഠമായിത്തീരും. ചെടികൾ വളരുന്നതിന് ആവശ്യമായ പോഷക ഘടകങ്ങൾ ചെടി വലിച്ചെടുത്ത് ബാക്കിയുള്ളവ മണ്ണിൽ ഉണ്ടാകും. ചെടിക്ക് ഒരു നാശവുമുണ്ടാകുന്നില്ല.

രാസവളം ഉപയോഗിക്കുകയാണെങ്കിൽ മണ്ണ് പരിശോധന നടത്തി ആവശ്യമുള്ള ഘടകങ്ങൾ മണ്ണിൽ ചേർത്ത് കൃഷി ചെയ്യണം. മണ്ണിൽ ചേർക്കുന്ന ഘടകങ്ങൾ അധികമായാൽ ഗുണത്തിനു പകരം ദോഷമായി മാറും. അതനുസരിച്ച് മണ്ണ് നശിക്കുകയും ചെയ്യും. മണ്ണ് നശിക്കാതിരിക്കണമെങ്കിൽ ജൈവകൃഷി തന്നെ ചെയ്യണം എന്നാണ് എന്റെ അഭിപ്രായം.

➢ **എന്തൊക്കെയാണ് കൃഷി ചെയ്യുന്നത്?**

ഒരു വീട്ടിലേക്ക് ആവശ്യമായ എല്ലാ പച്ചക്കറികളും എന്റെ വീടിന്റെ ടെറസ്സിലും വീട്ടുവളപ്പിലുമുണ്ട്. നാടൻ ഇനങ്ങളാണ് കൃഷി ചെയ്യുന്നത്. കിഴങ്ങുവർഗ്ഗങ്ങളായ മരച്ചീനി, ചേന, ചേമ്പ്, മധുരക്കിഴങ്ങ്, പലയിനത്തിൽപ്പെട്ട കാച്ചിൽ, മുൾക്കിഴങ്ങ്, നനകിഴങ്ങ്, ചെറുകിഴങ്ങ്, ഇഞ്ചി, മഞ്ഞൾ, കരിമഞ്ഞൾ, കസ്തൂരിമഞ്ഞൾ, ചിത്തരത്ത്, ഇൻസുലിൻ പച്ചില, കറിവേപ്പ്, നാരകം, പുതിന, മല്ലി തുടങ്ങി ഔഷധസസ്യങ്ങളും ഉണ്ട്. ടെറസ്സിൽ കരനെല്ല് കൃഷിയുമുണ്ട്. പല ഇനത്തിൽപ്പെട്ട വാഴകൾ, പപ്പായ, പാഷൻഫ്രൂട്ട് എന്നീ പഴവർഗ്ഗങ്ങളും ഉണ്ട്. മനുഷ്യശരീരത്തിലെ പ്രതിരോധശക്തി വർദ്ധിപ്പിക്കാൻ പാഷൻഫ്രൂട്ട് കഴിക്കുന്നത് നല്ലതാണെന്ന് അറിയാൻ കഴിഞ്ഞു. തറയിൽ നട്ടിട്ട് ടെറസ്സിന്റെ മുകളിൽ പന്തൽ ഉണ്ടാക്കിയാണ് പടർത്തിയിരിക്കുന്നത്. ഇതിന്റെ കായ്, ഇല, പൂവ് എന്നിവ രോഗങ്ങൾ അക

ടെറസ്സിൽ കൃഷിചെയ്യുന്നത് പ്രത്യേക രീതിയിലാണ്. 'സുരക്ഷിത മട്ടുപ്പാവ് ജൈവകൃഷി' എന്നാണിതിന്റെ പേര്. ഒരു കിലോഗ്രാം ഭാരം പോലും ടെറസ്സിൽ താങ്ങാതെയും, ഒരു തുള്ളിവെള്ളം പോലും വീഴാതെയുമാണ് അഞ്ഞൂറിൽപരം ഗ്രോബാഗ്, ചെടിച്ചട്ടികൾ എന്നിവയിൽ ചെടികൾ നട്ടിരിക്കുന്നത്.




റ്റാൻ ഉപയോഗിക്കുന്നു.

ടെറസ്സിൽ കൃഷിചെയ്യുന്നത് പ്രത്യേകരീതിയിലാണ്. 'സുരക്ഷിത മട്ടുപ്പാവ് ജൈവകൃഷി' എന്നാണിതിന്റെ പേര്. ഒരു കിലോഗ്രാം ഭാരം പോലും ടെറസ്സിൽ താങ്ങാതെയും, ഒരു തുള്ളി വെള്ളം പോലും വീഴാതെയുമാണ് 500-ൽപരം ഗ്രോബാഗ്, ചെടിച്ചട്ടികൾ എന്നിവയിൽ ചെടികൾ നട്ടിരിക്കുന്നത്.

**➢ ഇത്രയും നാളത്തെ കാർഷികജീവിതം കൊണ്ട് പഠിച്ചതെന്ത്? നേടിയതെന്ത്?**

ഏതൊരു ചെടിയും ഫലഭ്രയിഷ്ഠമായി വളരുന്നതിന് മാലിന്യങ്ങൾ സംസ്കരിച്ച ജൈവവളങ്ങൾ ഉപയോഗിക്കുന്നു. വെർമികമ്പോസ്റ്റ്, ഫിഷ്അമിനോ, മുട്ടമിശ്രിതം, 'ഹൃദയാമൃതം' എന്നീ വളങ്ങളും ജൈവകീടനാശിനികളും ഉണ്ടാക്കി ഉപയോഗിക്കുകയും കർഷകർക്ക് ഉണ്ടാക്കിയെടുക്കാൻ പഠിപ്പിക്കുകയും ഉണ്ടാക്കി വിൽക്കുകയും ചെയ്യുന്നു. ഇത്രയും നാളത്തെ ജീവിതത്തിനിടയിൽ പച്ചക്കറികളോ, കിഴങ്ങുവർഗ്ഗങ്ങളോ, പഴവർഗ്ഗങ്ങളോ പുറത്തുനിന്നു വാങ്ങിയിട്ടില്ല.

**➢ നേടാനായ അംഗീകാരങ്ങൾ?**

*ജൈവകൃഷിയായി 275 കിലോയുള്ള ആഫ്രിക്കൻ വെള്ളക്കാച്ചിൽ ഒറ്റച്ചുവട്ടിൽ നിന്നുത്പാദിപ്പിച്ചതിന് 2011 ലെ ലിംക ബുക്ക് ഓഫ് റെക്കോഡ്സിൽ പേരുവന്നു.

* ഏറ്റവും നല്ല കർഷകനുള്ള 97-ാമത് Indian Science Congress Award ലഭിച്ചു.

*2014-ലെ ഇന്ത്യൻ അഗ്രികൾച്ചറൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇന്നവേറ്റീവ് ഫാർമർ (IARI) അവാർഡ് ലഭിച്ചു.

* 2017 IARI യുടെ ഫെല്ലോഫാർമർ അവാർഡു ലഭിച്ചു.

നാലു നാഷണൽ അവാർഡുകൾ ഉൾപ്പെടെ 97 അവാർഡുകൾ ലഭിച്ചുണ്ട്.

**➢ കുടുംബം?**

ഞാനും ഭാര്യയും രണ്ടു പെൺമക്കളുമടങ്ങിയതാണ് എന്റെ കുടുംബം. മൂത്തമകൾ എഞ്ചിനീയറിംഗ് കഴിഞ്ഞു. രണ്ടാമത്തെ മകൾ ബി.എസ്.സി നഴ്സിംഗ് കഴിഞ്ഞു.

**➢ കൃഷി ലാഭകരം അല്ലെങ്കിൽ നഷ്ടം എന്നു പറയുന്നതിൽ അർത്ഥം ഉണ്ടോ?**

കൃഷി ചെയ്യുന്നവർക്ക് നല്ല ഒരു മനസ്സ് ഉണ്ടായിരുന്നാൽ ലാഭകരമാണ്. വാണിജ്യാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നവർക്ക് കാലാവസ്ഥയിൽ മാറ്റം ഉണ്ടാകുമ്പോൾ (വേനൽ കൂടുമ്പോഴും വെള്ളപ്പൊക്കം ഉണ്ടാകുമ്പോഴും) നഷ്ടം വരുന്നു. ഈ നഷ്ടങ്ങൾ സർക്കാർ കുറച്ചൊക്കെ പരിഹരിക്കുന്നുണ്ട്.

**➢ലോകരോടും പുതുതലമുറയോടും നൽകാൻ കൃഷിസന്ദേശം?**

വിഷം കലരാത്ത ഭക്ഷണം കഴിച്ച്, ആരോഗ്യമുള്ള ജീവിതം ഉണ്ടാകണമെങ്കിൽ ഓരോ വീട്ടിലും ഓരോ അടുക്കളത്തോട്ടം ഉണ്ടാക്കുക. പ്രൈമറി സ്കൂൾ മുതൽ വിദ്യാഭ്യാസത്തോടൊപ്പം കൃഷിയെക്കുറിച്ചുള്ള പഠനം നടത്തണം. നല്ലയിനം വിത്തുകൾ സംരക്ഷിക്കണം. കാലാവസ്ഥയ്ക്ക് അനുസരിച്ചുള്ള വിളകൾ തെരഞ്ഞെടുക്കണം. കൃഷിയിൽ ഞാൻ പരിശീലനം നൽകുന്നുണ്ട്. ആവശ്യമുള്ളവർക്ക് എന്നെ ബന്ധപ്പെടാവുന്നതാണ്. ഫോൺ: 9048282885

പച്ചപ്പ് നിറഞ്ഞ കൃഷിയിടങ്ങളിൽ തളർച്ച അറിയാത്ത കർഷകഹൃദയവുമായി കാർഷിക സംസ്കാരത്തിന്റെ കണ്ണിയും മണ്ണിന്റെ ഇഷ്ടപുത്രനുമായ രവീന്ദ്രൻ തന്റെ കൃഷിയാത്ര തുടരുകയാണ്.

*പഞ്ചായത്ത് ന്യൂസ് സർവ്വീസ്*

**ഏതൊരു ചെടിയും ഫലഭ്രയിഷ്ഠമായി വളരുന്നതിന് മാലിന്യങ്ങൾ സംസ്കരിച്ച ജൈവവളങ്ങൾ ഉപയോഗിക്കുന്നു. വെർമികമ്പോസ്റ്റ്, ഫിഷ് അമിനോ, മുട്ടമിശ്രിതം, ''ഹൃദയാമൃതം'' എന്നീ വളങ്ങളും ജൈവകീടനാശിനികളും ഉണ്ടാക്കി ഉപയോഗിക്കുകയും കർഷകർക്ക് ഉണ്ടാക്കിയെടുക്കാൻ പഠിപ്പിക്കുകയും ഉണ്ടാക്കിവിൽക്കുകയും ചെയ്യുന്നു. ഇത്രയും നാളത്തെ ജീവിതത്തിനിടയിൽ പച്ചക്കറികളോ, കിഴങ്ങുവർഗ്ഗങ്ങളോ, പഴവർഗ്ഗങ്ങളോ പുറത്തുനിന്നു വാങ്ങിയിട്ടില്ല.**

# കില ന്യൂസ്

## പ്രാദേശികാസൂത്രണം പഠിക്കാൻ ശ്രീലങ്കൻ ഉദ്യോഗസ്ഥസംഘം കിലയിൽ

കേരളത്തിലെ അധികാരവികേന്ദ്രീകരണത്തെക്കുറിച്ചും പ്രാദേശികാസൂത്രണത്തെക്കുറിച്ചും പഠിക്കുന്നതിനു ശ്രീലങ്കയിലെ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിന്നുള്ള ഉദ്യോഗസ്ഥസംഘം കിലയിലെത്തി. ശ്രീലങ്കയിൽ പ്രവർത്തിക്കുന്ന ഏഷ്യ ഫൗണ്ടേഷന്റെ നേതൃത്വത്തിലുള്ള ഇരുപതംഗ സംഘത്തിൽ 11 പേർ വനിതകളായിരുന്നു. ഒമ്പതു പ്രോവിൻസുകളിലെ തദ്ദേശസ്ഥാപനങ്ങളിൽനിന്നുള്ളവരാണിവർ. അഞ്ചുദിവസം നീണ്ട സന്ദർശനപരിപാടിക്കിടയിൽ വിവിധ വിഷയങ്ങളിൽ ഇവർക്കു പരിശീലനവും ഏർപ്പെടുത്തിയിരുന്നു.



*പ്രാദേശികാസൂത്രണത്തെക്കുറിച്ചു പഠിക്കുന്നതിനു കിലയിലെത്തിയ ശ്രീലങ്കൻ ഉദ്യോഗസ്ഥസംഘം*

### ലോഗിൻ ഏഷ്യ ദേശീയ ശില്പശാല കിലയിൽ

തദ്ദേശഭരണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ലോഗിൻ ഏഷ്യയുടെ ഇന്ത്യാ പ്ലാറ്റ്ഫോമിന്റെ രണ്ടുദിവസത്തെ ദേശീയ ശിൽപ്പശാല കിലയിൽ സംഘടിപ്പിച്ചു.

വിവിധ സംസ്ഥാനങ്ങളിൽനിന്നുള്ള സംഘടനാപ്രതിനിധികൾ പങ്കെടുത്ത ശിൽപ്പശാല ഇന്ത്യയിലെ തദ്ദേശഭരണസംവിധാനത്തിന്റെ രാഷ്ട്രീയസാഹചര്യം അവലോകനം ചെയ്തു. ഇതിന്റെ തുടർച്ചയായി വിവിധ സംസ്ഥാനങ്ങളിലെ പഞ്ചായത്ത് അസോസിയേഷനുകളുടെ സംയുക്ത ശിൽപ്പശാല കേരളത്തിൽ സംഘടിപ്പിക്കുന്നതിനു തീരുമാനിച്ചു.



*ലോഗിൻ ഏഷ്യയുടെ ഇന്ത്യാ പ്ലാറ്റ്ഫോമിന്റെ ദ്വിദിന ദേശീയ ശിൽപ്പശാല*

### ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനു മുൻഗണന: ഡോ.ജമീല

ചികിത്സയേക്കാൾ ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനാണ് ആർദ്രംമിഷൻ പ്രാധാന്യം നൽകുന്നതെന്നു മിഷന്റെ സംസ്ഥാന കൺസൽട്ടന്റ് ഡോ. ജമീല. സംസ്ഥാനത്തെ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കുന്നതുമായി ബന്ധപ്പെട്ട് ആർദ്രംമിഷൻ സംഘടിപ്പിക്കുന്ന സംസ്ഥാനതല പരിശീലനപരിപാടി കിലയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ഇനി മുതൽ ലാബും ലാബ് ടെക്നീഷ്യന്മാരുമുണ്ടാകും. രാവിലെ 9 മുതൽ വൈകീട്ട് 6 വരെയായിരിക്കും പ്രവർത്തന സമയം. തൊഴിലാളികൾക്കും കൂലിപ്പണിക്കാർക്കും ഇതു ഉപകാരപ്രദമാകും. നേഴ്സുമാരുടെ എണ്ണം വർദ്ധിപ്പിക്കും. ജില്ലാ-താലൂക്ക്-മെഡിക്കൽ കോളേജ് ആശുപത്രികളിലേക്കുള്ള രോഗികളുടെ ഒഴുക്കു തടയാൻ കുടുംബാരോഗ്യകേന്ദ്രങ്ങൾ സഹായകരമാകും. പ്രൈമറി കേന്ദ്രം മുതൽ മെഡിക്കൽ കോളേജ് വരെ രോഗീസൗഹൃദമാക്കുകയാണ് മിഷന്റെ ലക്ഷ്യമെന്നും അവർ കൂട്ടിച്ചേർത്തു.



*ആർദ്രം മിഷൻ സംസ്ഥാനതല പരിശീലനപരിപാടി മിഷൻ സംസ്ഥാന കൺസൽട്ടന്റ് ഡോ. ജമീല ഉദ്ഘാടനം ചെയ്യുന്നു.*



*കായിക-യുവജന വികസന ശിൽപ്പശാലയിൽ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ടി.പി.ദാസൻ സംസാരിക്കുന്നു.*

ടങ്ങിയവർ വിവിധ വിഷയങ്ങളിൽ ക്ലാസ്സെടുത്തു.

## കാര്യശേഷിവികസനം: വിഷയവിദഗ്ധരെ ആവശ്യമുണ്ട്

അധികാരവികേന്ദ്രീകരണം സംബന്ധിച്ച കാര്യശേഷി വികസനപരിപാടിയുടെ കേരളത്തിലെ സർക്കാർ അംഗീകൃത ഏജൻസിയായ കിലയിൽ എസ്.ഐ-.ആർ.ഡി, ഇ.ടി.സി, അഹാഡ്സ് എന്നീ സ്ഥാപനങ്ങൾ ലയിപ്പിക്കുകയും നവകേരളമിഷനുമായി ബന്ധപ്പെട്ട നാലു മിഷനുകളുടേയും കാര്യശേഷി വികസനത്തിന് കിലയെ ചുമതലപ്പെടുത്തുകയും ചെയ്ത പശ്ചാത്തലത്തിൽ വിവിധ വിഷയങ്ങളെക്കുറിച്ച് സാങ്കേതിക പരിജ്ഞാനവും വൈദഗ്ധ്യവും പകർന്നു നൽകാനും തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കു പരിപോഷക പിന്തുണ നൽകുവാനും ശേഷിയും താൽപര്യവുമുള്ള വിദഗ്ധരുടെ സന്നദ്ധസേവനം കിലയ്ക്ക് ആവശ്യമുണ്ട്. ഓരോ വിഷയത്തിലും പരിശീലകരായും സാങ്കേതിക സഹായം നൽകുന്നവരായും പ്രാദേശിക പഠനങ്ങൾ സംഘടിപ്പിക്കുന്നവരും ആയുള്ള ഫോക്കൽ ടീമുകളായാണ് ഇതു സംഘടിപ്പിക്കുന്നത്. ഇത്തരത്തിൽ പ്രവർത്തിക്കാൻ താൽപര്യമുള്ളവർ മാത്രം അപേക്ഷിക്കുക. കൂടുതൽ വിവരങ്ങൾക്കു കിലയുടെ വെബ്സൈററ് (www.kila.ac.in) സന്ദർശിക്കുക.

തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥിക ആരോഗ്യകേന്ദ്രങ്ങളാണ് കുടുംബാരോഗ്യകേന്ദ്രങ്ങളായി മാറുന്നത്. പുതിയ മാറ്റത്തെക്കുറിച്ചും അവിടത്തെ പ്രവർത്തനങ്ങളെക്കുറിച്ചും ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരെയും പരിശീലിപ്പിക്കുന്നതിനാണ് രണ്ടുദിവസത്തെ പരിപാടി സംഘടിപ്പിച്ചിട്ടുള്ളത്.

## യുവജന-കായികവികസനം: കിലയിൽ സംസ്ഥാനതല ശിൽപശാല

കായിക-യുവജന വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാനതല ആലോചനാ ശിൽപ്പശാല കിലയിൽ നടന്നു. സമ്പൂർണ കായികക്ഷമതയുള്ള തദ്ദേശഭരണസ്ഥാപനങ്ങൾ എന്ന ലക്ഷ്യം മുൻനിർത്തിയാണ് ശിൽപ്പശാല സംഘടിപ്പിച്ചത്. പ്ലാനിംഗ് ബോർഡ് മെമ്പർ ഡോ.കെ.എൻ. ഹരിലാൽ ഉദ്ഘാടനം ചെയ്തു. ഡോ. ജെ.ബി. രാജൻ സ്വാഗതമാശംസിച്ചു. സംസ്ഥാന സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ടി.പി. ദാസൻ, ഡയറക്ടർ സഞ്ജയ് കുമാർ ഐ.എഫ്.എസ്, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് (എസ്.ആർ.ജി) കൺവീനർ വി.എസ്. ബിജു, എസ്.ആർ. ജി.അംഗം എസ്. ജമാൽ എന്നിവർ സംസാരിച്ചു. കിലയും എസ്.ആർ.ജി.യും സ്പോർട്സ് കൗൺസിലും സംയുക്തമായാണ് ശിൽപ്പശാല സംഘടിപ്പിച്ചത്. യുവജന-കായിക രംഗങ്ങളിലെ വിദഗ്ധർ, പ്രൊഫഷണലുകൾ, ട്രെയിനർമാർ, മാതൃകാക്ലബ്ബുകൾ രൂപീകരിച്ചിട്ടുള്ള തദ്ദേശസ്ഥാപന പ്രതിനിധികൾ, സ്പോർട്സ് കൗൺസിൽ-യുവജനബോർഡ് പ്രതിനിധികൾ തുടങ്ങിയവരാണ് ശിൽപ്പശാലയിൽ പങ്കെടുത്തത്.

## സന്നദ്ധസംഘടനകൾക്കു പരിശീലനം

അധികാരവികേന്ദ്രീകരണവും പ്രാദേശികഭരണവും സംബന്ധിച്ച് സന്നദ്ധസംഘടനകൾക്കുള്ള പരിശീലനപരിപാടിക്കു കില തുടക്കം കുറിക്കുകയാണ്. പ്രസ്തുത പരിശീലനപരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ള സന്നദ്ധസംഘടനകളിൽ നിന്ന് അപേക്ഷ ക്ഷണിക്കുന്നു.കൂടുതൽ വിവരങ്ങൾക്കു കില വെബ്സൈറ്റ്(www.kila.ac.in) സന്ദർശിക്കുക.

## ഹരിതകേരളംമിഷൻ: ജില്ലാതല കോർഡിനേറ്റർമാരുടെ പരിശീലനം

ഹരിതകേരളം മിഷൻ ജില്ലാതല കോർഡിനേറ്റർമാരുടേയും റിസോഴ്സ് പേഴ്സൺമാരുടേയും ദ്വിദിന സംസ്ഥാനതല പരിശീലനപരിപാടി കിലയിൽ സംഘടിപ്പിച്ചു.

ഹരിതകേരളം മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ ഡോ.ടി.എൻ. സീമ, സാങ്കേതിക ഉപദേഷ്ടാവ് ഡോ. അജയകുമാർ വർമ്മ, അബ്രഹാം കോശി, എസ്.യു.സജീവ്, ശുചിത്വമിഷൻ ഡയറക്ടർ എൽ.പി. ചിത്തർ, എൻ. ജഗ്ജീവൻ തു



*ഹരിതകേരളം മിഷൻ ദ്വിദിന പരിശീലനപരിപാടി കില ഡയറക്ടർ ഡോ.ജോയ് ഇളമൺ ഉദ്ഘാടനം ചെയ്യുന്നു.*

# ചാണകം വിറ്റും ജീവകാരുണ്യം: ഇത് പൂവച്ചൽ സ്കൂളിന്റെ മാതൃക

മാലിന്യം കൊണ്ട് വീർപ്പുമുട്ടിയിരിക്കുന്ന തിരുവനന്തപുരം നഗരത്തിലെയും പ്രധാനപ്പെട്ട മാർക്കറ്റുകളിലെയും പച്ചക്കറി വെയിസ്റ്റുകൾ കൂടി ലഭിക്കുകയാണെങ്കിൽ വലിയ തോതിൽ കമ്പോസ്റ്റും ജൈവവളവും ഉത്പാദിപ്പിച്ച് ജീവകാരുണ്യത്തിനും കാൻസർ രോഗികളുടെ ചികിത്സാ ചെലവിനുമായി നല്ലൊരു തുക മാറ്റിവയ്ക്കാൻ കഴിയുമെന്ന് വോളന്റിയർ സെക്രട്ടറിമാരായ ഗോകുൽ കൃഷ്ണയും ഹാഷിമും പറഞ്ഞു.

**സമീർ സിദ്ദിഖി പി.**

തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ സർക്കാർ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ നാഷണൽ സർവ്വീസ് സ്കീം യൂണിറ്റിന്റെയും സ്കൂളിലെ വിവിധ ക്ലബ്ബുകളുടെയും നേതൃത്വത്തിൽ ചാണകത്തിൽ നിന്നും ജൈവവളവും മറ്റു ഉത്പന്നങ്ങളും നിർമ്മിച്ച് വിപണനം ചെയ്ത് കിട്ടുന്ന ലാഭവിഹിതം ജീവകാരുണ്യപ്രവർത്തനത്തിനായി മാറ്റിവച്ച് മാതൃകയാകുന്നു.

വട്ടിയൂർക്കാവിന് സമീപമുള്ള 'ബാക്ക് ഫാം' എന്ന ലൈവ്സ്റ്റോക്ക് ഫാമുമായി സഹകരിച്ചാണ് ഈ പ്രവർത്തനങ്ങൾ നടത്തുന്നത്. പശു, ആട്, എരുമ, താറാവ്,കോഴി തുടങ്ങിയവയിൽ നിന്നും ലഭിക്കുന്ന ചാണകവും കാഷ്ഠവും മണ്ണിര കമ്പോസ്റ്റുമൊക്കെ ജൈവവളമാക്കി വിൽക്കുകയാണ്.

സ്കൂളിലെ എൻ.എസ്.എസ് യൂണിറ്റിന്റെ നേതൃത്വത്തിൽ കഴിഞ്ഞ വർഷം നിരവധി ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തുകയും കേന്ദ്ര ഗവൺമെന്റിന്റേതുൾപ്പെടെ നിരവധി അവാർഡുകളും അംഗീകാരങ്ങളും നേടുകയും ചെയ്തിരുന്നു. വരും വർഷങ്ങളിലും ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്താനായി ഒരു സ്ഥിര വരുമാനത്തിനായാണ് ഇത്തരമൊരു സംരംഭത്തിന് തുടക്കം കുറിച്ചത്. കഴിഞ്ഞ വേനൽ അവധിക്കാലത്തും മറ്റ് അവധി ദിവസങ്ങളിലും വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ചാണകം ഉണക്കി കവറുകളിലാക്കി വിൽപനയ്ക്കായി തയ്യാറാക്കുകയാണ് ചെയ്യുന്നത്.

### വളക്കൂട്ട്

കമ്പോസ്റ്റ്, ചാണകം, ആട്ടിൻ കാഷ്ഠം, കോഴിക്കാഷ്ഠം എന്നിവയുടെ ഒരു സമ്പുഷ്ട മിശ്രിതം (4:3:2:1 എന്ന അനുപാതത്തിൽ) ഒരു രാസവള ചേരുവകളുമില്ലാതെ തയ്യാറാക്കുന്ന തികച്ചും ഒരു നാടൻ വിഷരഹിത ഉത്പന്നം. എല്ലാ വിളകൾക്കും അത്യുത്തമം. ചാണകം മാത്രം ഉപയോഗിക്കുന്ന സ്ഥലത്ത് അതിന്റെ മൂന്നിലൊന്ന് മാത്രം ഉപയോഗിച്ചാൽ മതിയാകും. ഒരു കിലോയ്ക്ക് 40 രൂപ.



### ചാണകപ്പാൽ

ചാണകം, കൊളസ്ട്രം (ആദ്യ പാൽ), ഗോമൂത്രം എന്നിവയുടെ ഒരു മിശ്രിതലായനി. ഒരു നാട്ടറിവിൽ നിന്നും രൂപമെടുത്തത്. വിഷരഹിതം, ഔഷധഗുണമേറിയത്, മണ്ണിനെ ജീവസുറ്റതാക്കുന്നു, വിളകൾക്ക് ആരോഗ്യദായകം, ഖരവളത്തെ അതിവേഗം ജീർണ്ണിപ്പിക്കുന്നു. കീടങ്ങളുടെ വളർച്ച

ത്വരിതപ്പെടുത്തുന്നു. ചെടികളിൽ വേര് വേഗം പൊട്ടിമുളയ്ക്കുന്നതിന് ഉത്തമ സഹായി, ബയോഗ്യാസ് പ്ലാന്റിന് ഒരു ബൂസ്റ്റർ. ചാണകപ്പാൽ നാലിരട്ടി വെള്ളത്തിൽ കലക്കി ചെടികൾക്ക് ഒഴിച്ചു കൊടുക്കുക. ഒരു ലിറ്ററിന് 55 രൂപ.



## അജമൂത്രക്കുട്ട്

അജമൂത്രം, കാന്താരിമുളക്, സോപ്പലായനി എന്നിവയുടെ ഒരു മിശ്രിതം. ആട് ഔഷധ സിദ്ധിയുള്ള മൃഗം, ആടിന്റെ മൂത്രം ഒരു വിഷസംഹാരി, അണുനാശിനി, മണ്ണിനെയും വായുവിനെയും അണുവിമുക്തമാക്കുന്നു. കാന്താരിമുളക് തികച്ചും ഔഷധമൂല്യമേറിയത്. അജമൂത്രക്കൂട്ട് മുഞ്ഞ പോലുള്ള മൃദുല കീടങ്ങളെ അകറ്റി നിർത്തുന്നതിനുള്ള ഒരു ഉത്തമ ജൈവ കീടനാശിനിയും ജൈവ വളവും. തീർത്തും വിഷരഹിതം, എല്ലാ വിളകൾക്കും ഉത്തമം. അജമൂത്രക്കൂട്ട് നാലിരട്ടി വെള്ളത്തിൽ കലക്കി ചെടികൾക്ക് ആദ്യം മൂന്ന് ദിവസം തുടർച്ചയായി സ്പ്രേ ചെയ്യുക, ഇത് ഇടയ്ക്കിടയ്ക്ക് ആവർത്തിക്കുക - ആഴ്ചയിൽ ഒരിക്കലെങ്കിലും. കീടബാധ കൂടുതൽ ഉണ്ടെങ്കിൽ രണ്ടിരട്ടി വെള്ളത്തിൽ കലക്കുക. ഒരു ലിറ്ററിന് 55 രൂപ.

വിഷരഹിത ജൈവ പച്ചക്കറിക്ക് ഇത്തരം വളവും കീടനാശിനികളും മികച്ചതാണെന്ന് വിദ്യാർത്ഥികൾ തങ്ങളുടെ അനുഭവത്തിൽ പറയുന്നു. നിലവിൽ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ ചന്തകളിലും മറ്റ് മേളകളിലുമായി വിൽക്കാറുണ്ട്, പൂവച്ചൽ കൃഷി ഭവനിലെ കൃഷി ഓഫീസർ ബാലചന്ദ്രൻ നായരുടെയും കൃഷി അസിസ്റ്റന്റ് മുഹമ്മദ് നൗഷാദിന്റെയും ടെക്നിക്കൽ ഗൈഡൻസും സഹായവും കൂടെയുണ്ട്. കഴിഞ്ഞ വർഷം കനകക്കുന്നിൽ നടന്ന ഫ്ലവർഷോയിലും ഇവയ്ക്ക് നല്ല ഡിമാന്റ് ആയിരുന്നു. ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ, ആനയറയിലെ കൃഷി ബിസിനസ് കേന്ദ്രത്തിലെയും വിൽപന കൗണ്ടറുകളിലും ഈ ഉത്പന്നങ്ങൾ ലഭ്യമാണ്. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഔട്ട് ലെറ്റുകൾ വഴി ഇത്തരം ഉത്പന്നങ്ങൾ വിറ്റഴിക്കാനുള്ള അനുമതിയ്ക്കായി കാത്തിരിക്കുകയാണ് ഈ വിദ്യാർത്ഥികൾ.

മാലിന്യം കൊണ്ട് വീർപ്പുമുട്ടിയിരിക്കുന്ന തിരുവനന്തപുരം നഗരത്തിലെയും പ്രധാനപ്പെട്ട മാർക്കറ്റുകളിലെയും പച്ചക്കറി വെയിസ്റ്റുകൾ കൂടി ലഭിക്കുകയാണെങ്കിൽ വലിയ തോതിൽ കമ്പോസ്റ്റും ജൈവ വളവും ഉത്പാദിപ്പിച്ച് ജീവകാരുണ്യത്തിനും കാൻസർ രോഗികളുടെ ചികിത്സാ ചെലവിനുമായി നല്ലൊരു തുക മാറ്റിവയ്ക്കാൻ കഴിയുമെന്ന് വോളന്റിയർ സെക്രട്ടറിമാരായ ഗോകുൽ കൃഷ്ണയും ഹാഷിമും പറഞ്ഞു.

*ലേഖകൻ*
*പൂവച്ചൽ ഗവ: VHSSൽ*
*അധ്യാപകനാണ്.*
*9447220332*



# നിളാതീരത്തെ വൈജ്ഞാനിക പെരുമ

ടി.വി.അബ്ദുറഹിമാൻകുട്ടി

> കേരളീയ സംസ്കാരത്തിന്റെ കേദാര ഭൂമിയായി ഒരു കാലത്ത് തിളങ്ങിയ പ്രദേശങ്ങളാണ് നിളാ തീരങ്ങൾ. ഈ പുഴയും സമന്വയ സംസ്കാരവും എഴുത്തച്ഛന്റെ കാലഘട്ടവും അനുബന്ധ ശ്രേണികളുമാണ് ഇതിനെല്ലാം ഹേതുവായത്. എഴുത്തച്ഛൻ മലയാള ഭാഷയെ ആധുനികവൽക്കരിക്കുന്നതിനും ദാർശനികതയുടെ ഉപജ്ഞാതാവായി വാഴ്ത്തപ്പെടുന്നതിനും മുമ്പ് ഇവിടെ രചനകൾ നടന്നിട്ടുണ്ടെന്നാണ് ചരിത്രം.

ഐക്യകേരളം നിലവിൽ വന്നതിന് ശേഷം ക്രമാനുഗതമായി നമ്മുടെ മാതൃഭാഷ കൂടുതൽ അംഗീകാരവും ആദരവും നേടി പ്രശോഭിതമായി കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ ഭാഷയുടെ ഉത്ഭവം തൊട്ടുള്ള നാൾവഴിയിലൂടെ സഞ്ചരിക്കുന്നത് സഹായകരമാണല്ലോ. വസ്തുതകളും ഐതീഹ്യങ്ങളും ഇഴുകി ചേർന്നതാണ് കേരളത്തിന്റെയും മലയാള ഭാഷയുടെയും പരിണാമ ഘട്ടങ്ങൾ. വിശ്വമാനവികതയ്ക്കും ഭാരതീയ സംസ്കാരത്തിനും മതസാഹോദര്യത്തിനും മഹത്തായ സംഭാവനകൾ നൽകിയവരാണ് മലയാളികൾ. ഈ മേഖലയെ പരിപോഷിപ്പിക്കുന്നതിൽ ഭാഷയുടെ പഴമയ്ക്കും പാരമ്പര്യത്തിനുമുള്ള പങ്ക് മഹത്തരമാണ്.

സംസ്കാരങ്ങളുടെ വിളനിലമാണല്ലോ നദികൾ. സംസ്കാരങ്ങളുടെയും രാഷ്ട്രങ്ങളുടെയും പാരമ്പര്യവും പൈതൃകവുമാണ് നദികളിലൂടെ ഇരമ്പി ഒഴുകുന്നത്. പുരാതന സംസ്കാരങ്ങളുടെ ഉറവിടങ്ങളിൽ നദീതട ങ്ങൾക്ക് മുഖ്യ സ്ഥാനമുണ്ട്.

കേരളീയ സംസ്കാരത്തിന്റെ കേദാര ഭൂമിയായി ഒരു കാലത്ത് തിളങ്ങിയ പ്രദേശങ്ങളാണ് നിളാ തീരങ്ങൾ. ഈ പുഴയും സമന്വയ സംസ്കാരവും എഴുത്തച്ഛന്റെ കാലഘട്ടവും അനുബന്ധ ശ്രേണികളുമാണ് ഇതിനെല്ലാം ഹേതുവായത്. എഴുത്തച്ഛൻ മലയാള ഭാഷയെ ആധുനികവൽക്കരിക്കുന്നതിനും ദാർശനികതയുടെ ഉപജ്ഞാതാവായി വാഴ്ത്തപ്പെടുന്നതിനും മുമ്പ് ഇവിടെ രചനകൾ നടന്നിട്ടുണ്ടെന്നാണ് ചരിത്രം.

മലയാള ഭാഷയ്ക്കും സാഹിത്യത്തിനും സ്വന്തമായൊരു സർവ്വകലാശാല നിളയുടെ പോഷക നദിയായ തിരൂർ-പൊന്നാനി പുഴയോരത്ത് ഭാഷാപിതാവ് എഴുത്തച്ഛന്റെ പേരിൽ നിലവിൽ വന്നതും വിദ്യാലയങ്ങളിൽ പത്താം ക്ലാസ്സ് വരെ മലയാളം നിർബ്ബന്ധിത ഭാഷയായി പഠിപ്പിക്കുന്നതും നിയമനിർമ്മാണ സഭയിലും സർക്കാർ ജോലികളും വാണിജ്യ-വ്യാവസായിക മേഖലയിലും ഭരണ രംഗത്തും മലയാളത്തിന്റെ പ്രസക്തി വർദ്ധിച്ചുവരുന്നതും 2013 മെയ് 23 ന് ശ്രേഷ്ഠ ഭാഷാപദവി ലഭിച്ചതും മലയാളികളായ നമ്മുടെ കാതുകൾക്ക് കുളിരേകുകയും ഭാഷാപ്രേമികൾക്ക് സന്തോഷം പകരുകയും ചെയ്തു.

മലയാള സാഹിത്യവും സംസ്കാരവും ഏറെ കടപ്പെട്ട നദിയാണ് നിള. ഒരുകാലത്ത് പരന്നൊഴുകിയ പുഴയുടെ ചന്തവും കിഴക്കൻമലകളുടെയും മരതകക്കുന്നുകളുടെയും ദൃശ്യഭംഗിയും വേനലും മഴയും മഞ്ഞും നിലാവും പ്രഭാതവും പ്രദോഷവും വഴിഞ്ഞൊഴുകിയ ജലനിരപ്പിന്റെ വശ്യതയും തിങ്ങിനിറഞ്ഞ കേരവൃക്ഷക്കൂട്ടങ്ങളുടെയും കതിരണിഞ്ഞ പാടങ്ങളുടെയും പൊലിമയും കാവ്യ കഥാഹൃദയങ്ങളെ തട്ടിയുണർത്തിയിട്ടുണ്ട്. ഈ പ്രവാഹിനിയെക്കുറിച്ച് ഏതാനും വരികൾ രചിക്കാത്ത കവികളും സാഹിത്യകാരന്മാരും മലയാളത്തിൽ അപൂർവ്വം. ഒട്ടേറെ സാഹിത്യകൃതികളിൽ നിള മുഖ്യ കഥാപാത്രമായിട്ടുണ്ട്.

അസംഖ്യം ഗാനങ്ങളുടെ പാലാഴി ഒഴുകുകയും നിരവധി സിനിമകൾ ഇവിടെവെച്ച് ചിത്രീകരിക്കുകയും ചെയ്തിട്ടുണ്ട്. നിളയുടെയും അറബിക്കടലിന്റെയും തിരയടികളിലും മണൽതരികളിലും കുഞ്ഞോളങ്ങളിലും മന്ദമാരുതനിലും ഈ ഭാഷയുടെ സുഗന്ധവും സൗന്ദര്യവും സൗരഭ്യവും നൂറ്റാണ്ടുകൾക്ക് മുമ്പേ ലയിച്ചിരുന്നു.

പുരാതന കാലം മുതൽ വൈജ്ഞാനിക കേരളത്തിന്റെ ഭൂപടത്തിൽ സുപ്രധാന ഇടം നേടിയ പ്രദേശമാണ് നിളാ തീരങ്ങൾ. ഐതിഹ്യങ്ങൾക്ക് പുറമെ ഇതുവരെ ലഭിച്ച വിശ്വസനീയ രേഖകളുടെ പിൻബലത്തിൽ ഈ സംസ്ക്കാരത്തിന് മൂവായിരം വർഷങ്ങളുടെ പ്രൗഢമായ ചരിത്ര പാരമ്പര്യമുണ്ട്. പരശുരാമൻ പുറമെനിന്ന് കൊണ്ടു വന്നെന്ന് ഐതിഹ്യമുള്ള 64 ബ്രാഹ്മണ വിഭാഗങ്ങളിൽ പ്രമുഖരായ പന്നിയൂർ, ശുകപുരം (ചൊവ്വരം) ഗ്രാമക്കാരെ ഇവിടെ പാർപ്പിച്ച ശേഷം തിരുന്നാവായ മണപ്പുറത്ത് ആദ്യമായി



ആശ്രമം പണിതു.

രാജ്യത്തിന്റെ ക്ഷേമത്തിനായി ഇവിടെ നടത്തിയ യാഗത്തിൽ ഭിക്ഷാവിധി നടത്തേണ്ട സമയത്ത് ബ്രഹ്മാവിന്റെ വലത് വശത്തിരിക്കാൻ വിദ്യയുടെ ദേവിയായ സരസ്വതി ദേവിയെ ക്ഷണിച്ചു. മുഹൂർത്ത സമയത്ത് എത്താൻ കഴിയാത്ത സരസ്വതി ദേവിക്ക് പകരമായി മുനിമാർ ഗായത്രി ദേവിയെ ഇരുത്തി ഭക്ഷിപ്പിച്ചു. കോപിഷ്ഠയായ സരസ്വതി ദേവി യാഗത്തിൽ പങ്കെടുക്കാനെത്തിയ മറ്റു ദേവികളെയെല്ലാം നദികളായി തീരട്ടെ എന്ന് ശപിച്ചുവത്രെ. തുടർന്ന് ഗായത്രി ദേവിയുടെ ശാപത്താൽ സരസ്വതിയും നദിയായി തീർന്നു. പാർവ്വതി, ലക്ഷ്മി, ശ്രുചി തുടങ്ങിയ എല്ലാ ദേവീമാരും അവരവരുടെ അംശങ്ങൾ കൊണ്ട് ഓരോ നദികളുണ്ടാക്കി ഇതിൽ വന്നുചേർന്നു. പിന്നീട് ദിവ്യ നദികളായ ഗംഗയും യമുനയും കൂടി ഇതിൽ അംശങ്ങളായി ചേർന്നു. ഈ നദികളുടെയെല്ലാം അംശങ്ങൾ ചേർന്നാണ് നിളയുടെ ഉത്ഭവമെന്നൊരു ഐതീഹ്യമുണ്ട്. ഋഗ്വേദത്തിൽ പരാമർശിതമായ സരസ്വതി നദി ഇപ്പോഴില്ല. യാഗത്തിന്റെ സ്മരണയ്ക്കാണ് തിരുന്നാവായ തീരത്ത് ബ്രഹ്മാവിന്റെ ക്ഷേത്രം നിർമ്മിച്ചത്. അന്ന് മുടങ്ങിയ യാഗം പിന്നീട് തവനൂരിൽവെച്ചാണ് നടന്നത്.

ഈശ്വരതുല്യനായ ഒരു സന്താനം പിറക്കാൻ ഏകദൈവ വിശ്വാസിയായ അത്രി മഹർഷി ആനമലയിൽ കഠിന തപസ്സിൽ മുഴുകി. വിവിധ സന്ദർഭങ്ങളിലായി ബ്രഹ്മാ -വിഷ്ണു-മഹേശ്വരന്മാരായ ത്രിമൂർത്തികൾ പ്രത്യക്ഷപ്പെട്ട് ഏകനായ ദൈവം തങ്ങൾ തന്നെയെന്ന് അവകാശപ്പെട്ട് ഓരോ പുത്രന്മാരെ നൽകി. ഇവർ പ്രത്യക്ഷപ്പെട്ട മലനിരകൾ കാലാന്തരത്തിൽ ത്രിമൂർത്തി ശൃംഗം എന്നറിയപ്പെട്ടു. ഇവിടെ നിന്നും പ്രവഹിക്കുന്ന ത്രിമൂർത്തി ആറാണ് ഭാരതപ്പുഴയുടെ ഉത്ഭവ സ്ഥാനമായി അറിയപ്പെടുന്നത് എന്നാണ് മറ്റൊരു ഐതീഹ്യം.

വേദവ്യാസന്റെ ശ്രീമദ് ഭാഗവതത്തിൽ ദശമസ്കന്ധം 39-ാം ശ്ലോകത്തിൽ 'മഹാ പുണ്യം പ്രതിചി' എന്ന് വാഴ്ത്തിയത് ഈ നദിയെ പറ്റിയാണത്രെ.

*'കർണ്ണ ശല്യ ഹരീ സേയം ഭാരതീ ഭാരതോപമാ*
*നിളാ നദീ പുണ്യതാമാ സേയം*
*കല്യാണദായനീ*
*ഭാരതാഖ്യാ നദീ സേയം*
*നിത്യം പശ്ചിമവാഹിനീ*
*യത്ര സ്നാന്ത്യമരാ നിത്യം*
*ശുദ്ധയോ ശുദ്ധവർചസ്യ'*
(വില്വമംഗലം സ്വാമി)

ഭാരതമെന്ന പേരിലറിയപ്പെടുന്ന മറ്റൊരു നദിയും ഇന്ത്യയിലില്ല. മഹാഭാരത കഥയുമായി ബന്ധമുണ്ടായതിനാലാണത്രെ നിളയ്ക്ക് ഈ പേര് ലഭിച്ചത്. ഭാരത ഖണ്ഡത്തിൽ വിശേഷിപ്പിച്ച പുഴയാണിതെന്നും വിശ്വാസമുണ്ട്.

**പുരാതന കാലം മുതൽ വൈജ്ഞാനിക കേരളത്തിന്റെ ഭൂപടത്തിൽ സുപ്രധാന ഇടം നേടിയ പ്രദേശമാണ് നിളാ തീരങ്ങൾ. ഐതിഹ്യങ്ങൾക്ക് പുറമെ ഇതുവരെ ലഭിച്ച വിശ്വസനീയ രേഖകളുടെ പിൻബലത്തിൽ ഈ സംസ്കാരത്തിന് മൂവായിരം വർഷങ്ങളുടെ പ്രൗഢമായ ചരിത്ര പാരമ്പര്യമുണ്ട്.**

**ഭാരതമെന്ന പേരിലറിയപ്പെടുന്ന മറ്റൊരു നദിയും ഇന്ത്യയിലില്ല. മഹാഭാരത കഥയുമായി ബന്ധമുണ്ടായതിനാലാണത്രെ നിളയ്ക്ക് ഈ പേര് ലഭിച്ചത്. ഭാരത ഖണ്ഡത്തിൽ വിശേഷിപ്പിച്ച പുഴയാണിതെന്നും വിശ്വാസമുണ്ട്.**



ബുദ്ധ-ജൈന മത സംസ്കാരങ്ങളുടെ നഷ്ടപ്രഭാവത്തിന്റെ കഥ നിള നമുക്ക് പറഞ്ഞുതരുന്നു. ഈ മതാഭിനിവേശം കൊണ്ട് നിലച്ചുപോയ യത്ന സംസ്കാരവും വൈദീക ബ്രാഹ്മണ്യവും പുനർജ്ജീവിപ്പി ക്കാൻ ആണത്രെ നിളയുടെ തീരത്തെ യജ്ഞേശ്വര ക്ഷേത്രത്തിൽ അഗ്നിഹോത്രി 99 യാഗങ്ങൾ നടത്തിയത്. മേഴത്തോളിന്റെ പ്രഭാവ വലയത്താൽ ബ്രാഹ്മണാധി പത്യത്തിന് തെല്ലൊന്ന് പ്രചാരം സിദ്ധിച്ചു.

ആയ്‌വംശ രാജാവായ കരുനന്തടക്കൻ സ്ഥാപിച്ച ശാലകളിൽ പ്രഥമഗണനീയമായ ദക്ഷിണ നളന്ദയെന്ന് പുകൾപ്പെറ്റ കാന്തളൂർ ശാല പഴയ പൊന്നാനി താലൂക്കിൽ പന്നിയൂരിനും ശുകപുരത്തിനും കൂടല്ലൂരിനും തിരുന്നാവായയ്ക്കും ഭാരതപ്പുഴയ്ക്കും ഇടയിലുള്ള കാന്തളൂർ ദേശത്തിലായിരുന്നുവെന്ന് ഡോ. സുവർണ്ണ നാലപ്പാട് സമർത്ഥിക്കുന്നു. ഈ ശാല സംഘകാലത്തിന് മുമ്പോ പിമ്പോ ആവാമെന്ന് ചരിത്രം വിഭിന്നപക്ഷമാണ്. പഠന മാധ്യമം സംസ്കൃതവും പ്രവേശനം ബ്രാഹ്മണർക്ക് മാത്രവുമായിരുന്നു.

ഇതിന് മുമ്പ് ചമ്രവട്ടത്തൊരു സർവ്വകലാശാല ഉണ്ടായിരുന്നുവെന്നാണ് സാഹിത്യകാരൻ സി. രാധാകൃഷ്ണന്റെ പക്ഷം. ശാസ്ത്രം, കൃഷി, കന്നുകാലി സംരക്ഷണം, ആയുർവ്വേദം, ജ്യോതിശാസ്ത്രം, ദർശനം തുടങ്ങിയ 64 കലകൾ ഇവിടെ പാഠ്യവിഷയമായിരുന്നു. അനുബന്ധ കേന്ദ്രങ്ങളായി കാലാവസ്ഥ, വാന നീരീക്ഷണാലയങ്ങളുമുണ്ടായിരുന്നു. മഹാ പണ്ഡിതനും ജൈന മതാചാര്യനുമായിരുന്ന ശംമ്പുരു മഹർഷിയായിരുന്നു അധിപൻ.

ഏഴാം നൂറ്റാണ്ടിൽ ഹൈന്ദവ രാജാക്കന്മാരുടെ ഭരണത്തിൽ ബ്രാഹ്മണാധിപത്യം അടക്കിവാണതോടെ ജൈന മതാചാര്യന്മാരെ നാട്ടുകടത്തി. തുടർന്ന് ചമ്രവട്ടത്തിന്റെ പ്രഭ മങ്ങി. സർവ്വകലാശാലയുടെ ഗതി പിന്നോട്ടായി. ഭാരതം ലോകത്തിന് സമ്മാനിച്ച വിസ്മയ ജ്യോതിശാസ്ത്രജ്ഞനായ ആര്യ ഭട്ട ജീവിച്ചിരുന്നതും ഈ തീരത്തായിരുന്നുവത്രെ.

പന്നിയൂർ, ശുകപുരം(ചൊവ്വരം) ഗ്രാമക്കാർ പ്രാചീന കാലം മുതൽ പാണ്ഡിത്യത്തിലും വേദശാസ്ത്രാദി വിഷയങ്ങളിലും മറ്റും കേമരായിരുന്നതിനാൽ ഉണ്ണിച്ചിരുതേവിചരിതത്തിൽ ശുകപുരം പരാമർശിതമാണ്. പൊന്നാനി പൂക്കൈതപ്പുഴ മുതൽ തെക്ക് ചേർത്തല വരെയുള്ള പെരുമ്പടപ്പ് സ്വരൂപത്തിന്റെ ആദ്യകാല ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന കൃതികളാണ് ഉണ്ണിയാടിചരിതവും ശിവവിലാസവും. നല്ല മലയാളത്തിന്റെ ഗദ്യരൂപം വ്യക്തമാക്കുന്ന ചമ്പുക്കളിൽ ഈ പുഴയോരത്തെ തൃത്താല, മറുകര കൊളമുക്ക് അങ്ങാടി, പൊന്നാനി തുറമുഖം എന്നീ വ്യാപാര കേന്ദ്രങ്ങൾ പരമാർശിതമാണ്.

മല എന്ന വാക്കിനോട് സ്ഥലം എന്ന അർത്ഥം വരുന്ന അളം ചേർന്നപ്പോൾ മല+ആഴം= മലആഴം എന്നത് പരിണമിച്ച് മലയാളം ഇങ്ങനെ പലതുണ്ട് മലയാളം എന്ന പദത്തിന്റെ ആവിർഭാവത്തെ കുറിച്ച് പണ്ഡിതന്മാരുടെ നിഗമനം. ചേരളം (കേരളം) എന്ന പ്രദേശത്തിന്റെ പേരായിരുന്നുവത്രെ ആദ്യകാലത്ത് മലയാളം. കാലാന്തരത്തിൽ ഈ പദം ഭാഷയുടെ നാമമായി മാറി.

(തുടരും)

# വാർത്തകൾ വിശേഷങ്ങൾ

## സാമ്പത്തിക കാര്യങ്ങളിൽ സർക്കാർ നിർദ്ദേശം പാലിക്കണം

കേരള നിയമസഭ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ സാമ്പത്തിക കാര്യങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സർക്കാർ നിർദ്ദേശങ്ങളും ഉത്തരവുകളും കർശനമായി പാലിക്കുന്നതിന് നിർദ്ദേശം നൽകി പഞ്ചായത്ത് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചു.

(സർക്കുലർ നം. എം1-2684/14(1), തീയതി 24-08-2017)

## ആഡിറ്റ് റിപ്പോർട്ടുകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കണം

ആഡിറ്റ് റിപ്പോർട്ടുകളിൽ രേഖപ്പെടുത്തിയിട്ടുള്ള തടസ്സങ്ങളും പരാമർശങ്ങളും ഒഴിവാക്കി വാങ്ങുന്നതിനും തിട്ടപ്പെടുത്തിയിട്ടുള്ള ബാധ്യതകൾ നിയമപ്രകാരം യഥാസമയം ഈടാക്കുന്നതിനും സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനും നിർദ്ദേശം നൽകി പഞ്ചായത്ത് ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചു.

(സർക്കുലർ നം. എം1-2684/14(2), തീയതി 24-08-2017)

## സിഡ്കോ മുഖേന ബിറ്റുമിൻ വാങ്ങാം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികൾക്ക് സിഡ്കോ വഴി ബിറ്റുമിൻ വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവായി.

(സ.ഉ(സാധാ) നം. 2906/2017/തസ്വഭവ, തീയതി 23-08-2017)

## പഞ്ചായത്ത് അസോസിയേഷൻ-വാർഷിക വരിസംഖ്യ വർദ്ധിപ്പിച്ചു

2017-18 സാമ്പത്തിക വർഷം മുതൽ കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന് ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിക്കുന്ന വരിസംഖ്യ പ്രതിവർഷം 6000 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായി.

(സ.ഉ(സാധാ) നം. 2871/2017/തസ്വഭവ, തീയതി 22-08-2017)

## സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പഞ്ചായത്തുകൾക്ക് പ്രത്യേക സഹായം

ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഇടുക്കി ജില്ലയിലെ കൊക്കയാർ ഗ്രാമപഞ്ചായത്തിനും കൊല്ലം ജില്ലയിലെ പടിഞ്ഞാറേകല്ലട, മൺറോതുരുത്ത് എന്നീ ഗ്രാമപ ഞ്ചായത്തുകൾക്കും 20 ലക്ഷം രൂപ വീതം പ്രത്യേക സഹായം നൽകി ഉത്തരവായി.

(സ.ഉ(സാധാ) നം. 2907/2017/തസ്വഭവ, തീയതി 23-08-2017)

## തുടർവിദ്യാഭ്യാസ കലോൽസവം-ധനസഹായത്തിന് യഥേഷ്ടാനുമതി

സംസ്ഥാന സാക്ഷരതാ മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന തുടർ വിദ്യാഭ്യാസ കലോൽസവത്തിന്റെ മുന്നോടിയായി നടത്തുന്ന ജില്ലാതല തുടർവിദ്യാഭ്യാസ കലോൽസവം 2017ന്റെ നടത്തിപ്പിനായി അതാത് ജില്ലകളിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും പരമാവധി 1500 രൂപ, ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും പരമാവധി 3000 രൂപ, ജില്ലാ പഞ്ചായത്തുകളിൽ നിന്നും പരമാവധി 15,000 രൂപ ജില്ലാതല സാക്ഷരതാ മിഷൻ അതോറിറ്റിക്ക് അവരുടെ തനത് ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവായി.

(സ.ഉ(സാധാ) നം. 2870/2017/തസ്വഭവ, തീയതി 22-08-2017)

## നഗരസഭാ ദിനാഘോഷം 2017-സംഭാവനയ്ക്ക് യഥേഷ്ടാനുമതി

2017 സെപ്തംബർ 23, 24 തീയതികളിൽ സുൽത്താൻ ബത്തേരിയിൽ വച്ച് നടത്തുന്ന നഗരസഭാ ദിനാഘോഷത്തിന്റെ നടത്തിപ്പിനായി കോർപ്പറേഷനുകളിൽ നിന്നും 1,00,000 രൂപ വീതവും നഗരസഭകളിൽ നിന്നും 50,000 രൂപ വീതവും ആതിഥേയരായ സുൽത്താൻബത്തേരി നഗരസഭയിൽ നിന്നും 1,00,000 രൂപയും സംഭാവന നൽകുന്നതിന് അനുമതി നൽകി ഉത്തരവായി.

(സ.ഉ(സാധാ) നം. 2911/2017/തസ്വഭവ, തീയതി 24-08-2017)

**തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്**

# പൊളി പറഞ്ഞാൽ പോളിഗ്രാഫ് പിടിക്കും

**ഡോ. വട്ടവിള വിജയകുമാർ**

രണ്ടിടി കിട്ടുമ്പോൾ നീ തത്ത പറയുമ്പോലെ പറയും. ചില കള്ളന്മാരെക്കൊണ്ട് സത്യം പറയിക്കാൻ പോലീസുകാർ പ്രയോഗിക്കുന്ന തുറുപ്പുചീട്ടാണിത്. പക്ഷെ രണ്ടിടിയല്ല, ഇടിച്ച് ഇഞ്ചപ്പരുവമാക്കിയാലും ചില കള്ളന്മാർ നാവനക്കില്ല. ആട്ടുകല്ലിന് കാറ്റ് പിടിച്ചതുപോലെ ഇരിക്കും. സൗമ്യമായ ചോദ്യം ചെയ്യലിലൂടെയോ മൂന്നാംമുറയിലൂടെയോ ഇത്തരക്കാരെക്കൊണ്ട് ഒന്നും പറയിക്കാനാവില്ലെന്ന് സാരം. അപ്പോൾ പിന്നെ എങ്ങനെ സാധിക്കും?

അടിപിടി, അക്രമം, കബളിപ്പിക്കൽ, പീഡനം, കൊലപാതകം, സൈബർകുറ്റകൃത്യങ്ങൾ അങ്ങനെ അനന്തമായി നീളുന്ന പരാതികൾ. ആരോപണവിധേയരായവരെ ചോദ്യം ചെയ്ത് കുറ്റം തെളിയിക്കാനുള്ള പരമ്പരാഗതമായ മാർഗങ്ങൾ ചിലപ്പോഴൊക്കെ പാളിപ്പോകാറുമുണ്ട്. എത്രയെത്ര പരാതികളാണ് അനുദിനമുണ്ടായിക്കൊണ്ടിരിക്കുന്നത്. കുറ്റാരോപിതർക്കെതിരെയുള്ള തെളിവുകൾ കണ്ടെത്താനാവാതെ പോലീസ് ഇരുട്ടിൽ തപ്പുന്ന കാഴ്ച പതിവായിരിക്കുന്നു. ഇവിടെയാണ് ശാസ്ത്രം പോലീസിന് കൂട്ടിനെത്തുന്നത്. ചില സൂത്രവിദ്യകളിലൂടെ, ദേഹം നോവിക്കാതെ അവൻപോലുമറിയാതെ അവനെക്കൊണ്ട് ഉള്ളതുപറയിക്കുന്ന വിദ്യ. തത്ത പറയുമ്പോലെ പറയിക്കുന്ന വിദ്യ. ടെസ്റ്റെന്ന നുണപരിശോധനയും കുറച്ചുകൂടി ആധികാരികത തരുന്ന നാർക്കോ പരിശോധനയും ബ്രെയിൻ മാപ്പിങ്ങും ഒക്കെ ശാസ്ത്രീയമായി കുറ്റം തെളിയിക്കാനുള്ള സാങ്കേതിക വിദ്യകളാണ്. ഒരുപക്ഷെ കേൾക്കുമ്പോൾ കൗതുകം തോന്നിയേക്കാം. എന്നാൽ പഠിച്ച കള്ളന്മാരെക്കൊണ്ട് സത്യം പറയിക്കാൻ ഇതൊക്കെ വേണ്ടിവരും.

നുണപരിശോധന അഥവാ പോളിഗ്രാഫ് ഒരു ജനകീയ പരിശോധനാ രീതിയാണ്. പല കാലങ്ങളിലായി കണ്ടുപിടിക്കപ്പെട്ട ഉപകരണങ്ങളുടെ പരിഷ്കൃതരൂപമാണ് ഇന്നുപയോഗിക്കുന്ന പോളിഗ്രാഫ് മെഷീൻ. വർത്തമാനം പറയുമ്പോൾ ശാരീരിക പ്രവർത്തനങ്ങളിലുണ്ടാകുന്ന സ്വാഭാവികതയും അസ്വാഭാവികതയും താരതമ്യം ചെയ്താണ് ഈ രീതിയിലൂടെ ഒരാൾ കുറ്റം ചെയ്തിട്ടുണ്ടോയെന്ന് കണ്ടെത്തുന്നത്. ഉപ്പുതിന്നവൻ വെള്ളം കുടിക്കുമെന്ന് പറയുന്ന ശൈലിയോട് ഇതിനല്പം സാമ്യമുണ്ട്. കാരണം തെറ്റുചെയ്തിട്ടുണ്ടെങ്കിൽ അത് അവന്റെ പെരുമാറ്റത്തിൽ പ്രകടമാകുമല്ലോ. എന്തായാലും നുണപരിശോധനയുടെ ശാസ്ത്രം നമുക്ക് നോക്കാം.

നമ്മുടെ രക്തസമ്മർദ്ദം, നാഡിമിടിപ്പ്, ശ്വാസതാളം തുടങ്ങിയ ജീവൽപ്രവർത്തനങ്ങൾക്ക് ഒരു നിശ്ചിത തോതുണ്ട്. അതായത് രക്തമർദ്ദം 120/80 (ഹൃദയം സങ്കോചിക്കുമ്പോൾ 120 ഉം വികസിക്കുമ്പോൾ 80 ഉം പ്രായം കൂടുന്നതനുസരിച്ച് രക്തസമ്മർദത്തിന് വ്യത്യാസം വരാം), നാഡിമിടിപ്പ് 70-75ഉം (ഒരു മിനിട്ടിൽ ഹൃദയം സ്പന്ദിക്കുന്നത്) ശ്വാസതാളം 14-17ഉം (ഒരു മിനിട്ടിൽ വെറുതെയിരിക്കുന്ന ഒരാളുടെ ശ്വസന നിരക്ക്). ശരീരോഷ്മാവ് 37 ഡിഗ്രി സെൽഷ്യസുമാണ്. ഇതിൽ എന്തെങ്കിലും വ്യതിയാനം കണ്ടാൽ അത് രേഖപ്പെടുത്തുന്ന ഉപകരണമാണ് പോളിഗ്രാഫ്. ഈ മെഷീനെ കുറ്റാരോപിതനായ വ്യക്തിയുടെ ശരീരത്തിൽ ഘടിപ്പിച്ചശേഷം പ്രത്യേകം തയ്യാറാക്കിയ ചോദ്യങ്ങൾ ചോദിക്കുകയും കേസുമായി ബന്ധപ്പെട്ട ചിഹ്നങ്ങൾ കാണിക്കുകയും ചെയ്യും. ഈ അവസരത്തിൽ പ്രതിയെന്നു സംശയിക്കുന്ന ആൾ തെറ്റുചെയ്തിട്ടുണ്ടെങ്കിൽ അയാളുടെ രക്തസമ്മർദ്ദവും നാഡിമിടിപ്പും ശ്വാസനക്രമവുമൊക്കെ താളം തെറ്റും. പോളിഗ്രാഫ് മെഷീൻ ആ വ്യതിയാനങ്ങളെ രേഖപ്പെടുത്തും. കുറ്റം ചെയ്തിട്ടുണ്ടെങ്കിൽ തീർച്ചയായും വ്യതിയാനമുണ്ടാകും. വ്യതിയാനമുണ്ടായില്ലെങ്കിൽ കുറ്റാരോപിതനെ നിരപരാധിയായി കാണാം. 1997ൽ നടത്തിയ സർവ്വേപ്രകാരം പോളിഗ്രാഫ് പരിശോധനയ്ക്ക് 61 ശതമാനം വിശ്വാസ്യതയെ കുറ്റം തെളിയിക്കുന്ന കാര്യത്തിലുള്ളു എന്നാണ് മനഃശാസ്ത്രജ്ഞന്മാരുടെ വാദം. എങ്കിലും ശാരീരികമായി യാതൊരു കുഴപ്പവുമുണ്ടാക്കാത്ത ഒരു പരിശോധന രീതിയായതിനാൽ

കുറ്റാരോപിതർക്കെതിരെയുള്ള തെളിവുകൾ കണ്ടെത്താനാവാതെ പോലീസ് ഇരുട്ടിൽ തപ്പുന്ന കാഴ്ച പതിവായിരിക്കുന്നു. ഇവിടെയാണ് ശാസ്ത്രം പോലീസിന് കൂട്ടിനെത്തുന്നത്. ചില സൂത്രവിദ്യകളിലൂടെ, ദേഹം നോവിക്കാതെ അവൻപോലുമറിയാതെ അവനെക്കൊണ്ട് ഉള്ളതുപറയിക്കുന്ന വിദ്യ. തത്ത പറയുമ്പോലെ പറയിക്കുന്ന വിദ്യ.

പ്രതിയെന്നു സംശയിക്കുന്ന ആളെ നുണപരിശോധനയ്ക്ക് വിധേയനാക്കാമെന്നാണ് വിദഗ്ധരുടെ അഭിപ്രായം.

കുറച്ചുകൂടി ആധികാരികത തരുന്ന പരിശോധനയാണ് നാർക്കോ പരിശോധന. ബോധം കെടുത്തുക എന്നർത്ഥമുള്ള ഗ്രീക്ക് പദമാണ് നാർക്കോ. സോഡിയം പെന്റാത്തോൾ, അമിറ്റാൽ സോഡിയം, സ്കോപാലമിൻ (ഈ മരുന്നുകളെ ട്രൂത് സീരം എന്നാണ് അറിയപ്പെടുന്നത്) തുടങ്ങിയ ശക്തിയേറിയ മരുന്നുകൾ കുറ്റവാളിയെന്ന് സംശയിക്കുന്നവരിൽ കുത്തിവയ്ക്കും. നിമിഷങ്ങൾക്കകം ഉറക്കത്തിലേക്കു വഴുതി വീഴുന്ന ഇവരുടെ ഉള്ളിന്റെയുള്ളിൽ ഒളിച്ചുവച്ചിരിക്കുന്ന വസ്തുതകളെ അവരറിയാതെ അതായത് അവരുടെ ബോധമനസ്സറിയാതെ പറയിപ്പിക്കുന്ന വിദ്യയാണ് നാർക്കോ. ബോധമനസിനും അബോധമനസിനും ഇടയ്ക്കുള്ള അവസ്ഥയാണ് ഉപബോധമനസ്. മേൽപ്പറഞ്ഞ മരുന്നുകൾ ഡോസ് കുറച്ച് സംശയിക്കപ്പെടുന്ന വ്യക്തിയിൽ കുത്തിവച്ച് ഉപബോധമനസുണർത്തി പോലീസ് നേരത്തെ തയ്യാറാക്കിയ ചോദ്യങ്ങൾ ഫോറൻസിക് വിദഗ്ധരെക്കൊണ്ട് ചോദിപ്പിക്കും. ഉപബോധമനസായതിനാൽ ഒരു സങ്കോചവും കൂടാതെ ഒന്നും ഒളിക്കാതെ പ്രസ്തുത പരിശോധനയ്ക്ക് വിധേയനായവൻ പറയും. അർദ്ധബോധാവസ്ഥയിൽ ഒരാൾക്ക് കള്ളം പറയാനൊക്കില്ലെന്നും ചോദ്യങ്ങൾക്ക് ശരിയുത്തരം കിട്ടുമെന്നു മുള്ളതാണ് യാഥാർത്ഥ്യം. പരിശോധനയ്ക്ക് വിധേയനാകുന്നവൻ പറയുന്നതിനെ റെക്കോർഡ് ചെയ്ത് (ഓഡിയോ /വീഡിയോ) കോടതിയിൽ തെളിവായി നൽകുന്നു.

ഇതൊരു കുറ്റമറ്റ രീതിയാണെന്ന് പറയാനൊക്കില്ല. മതിഭ്രമംകൊണ്ട് ഇല്ലാത്തത് വിളിച്ചുപറയാനുള്ള സാദ്ധ്യതയുണ്ടെന്നാണ് വിദഗ്ധർ പറയുന്നത്. കാരണം അതീവ പ്രഹരശേഷിയുള്ള മരുന്നുകളാണ് ഇതിനായി ഉപയോഗിക്കുന്നത്. ജീവൻരക്ഷാ സംവിധാനങ്ങളുള്ള സുസജ്ജമായ ആശുപത്രികളിൽ സൈക്കോഅനാലിസിസിനു വേണ്ടിയാണ് ട്രൂത് സീരം ഉപയോഗിക്കുന്നത്. തലച്ചോർ, ഹൃദയം, ശ്വാസകോശം തുടങ്ങിയ മർമ്മപ്രധാനങ്ങളായ അവയവങ്ങളെ തകർക്കാൻ ശേഷിയുള്ളതാണ് സോഡിയം പെന്റാത്തോൾ.

സംശയത്തിന്റെ കരിനിഴലിലാണെങ്കിലും ഒരാളെ നാർക്കോ പരിശോധനയ്ക്ക് വിധേയനാക്കാൻ ഒക്കില്ലെന്നുള്ളതാണ് വാസ്തവം. വിധേയനാകുന്നവന്റെ പൂർണ സമ്മതത്തിനൊപ്പം അയാൾ പൂർണ ആരോഗ്യവാനാണെന്ന് ഡോക്ടറുടെ സാക്ഷ്യപത്രവും വേണം. ഒരു ചെറിയ ഓപ്പറേഷന് വിധേയനായാൽപ്പോലും അയാളിൽ നിന്നോ ഉറ്റവരിൽ നിന്നോ സമ്മതപത്രം ഒപ്പിട്ടു വാങ്ങും. ഓപ്പറേഷനുശേഷം രോഗിക്കെന്തെങ്കിലും സംഭവിച്ചാൽ ഡോക്ടർ കുറ്റക്കാരനല്ലെന്നു കാണിക്കാനുള്ള ഒരു മുൻകൂർ ജാമ്യമാണ്. എന്നാൽ നാർക്കോ പരിശോധനയ്ക്ക് വിധേയനാകുന്നവനിൽ നിന്ന് വാങ്ങുന്ന സമ്മത പത്രത്തിന് നിയമസാധുതയില്ലെന്നാണ് വിദഗ്ധർ പറയുന്നത്. ഇന്ത്യൻ ശിക്ഷാനിയമം 88-ാം വകുപ്പനുസരിച്ച് ഒരാളിന്റെ ജീവൻ രക്ഷിക്കാൻ നടത്തുന്ന ഉപാധികൾക്ക് നൽകുന്ന സമ്മതപത്രത്തിനേ നിയമസാധുതയുള്ളൂ.

ബ്രെയിൻ ഫിംഗർപ്രിന്റിങ് എന്താണെന്ന് നോക്കാം. നമ്മുടെ തലച്ചോർ ഒരു സൂപ്പർ കംപ്യൂട്ടറാണെന്നുള്ളതിൽ തർക്കം വേണ്ട. ലക്ഷം കോടി നാഡീകോശങ്ങളാൽ നിർമ്മിതമായ തലച്ചോറിലുണ്ടാകുന്ന ആവേഗങ്ങളുടെ (ഇമ്പൽസ്) ഏറ്റക്കുറച്ചിലുകളെ അപഗ്രഥിച്ച് റിസൽറ്റുണ്ടാക്കുന്ന സംവിധാനമാണ് ബ്രെയിൻ ഫിംഗർ പ്രിന്റിങ്. കുറ്റാരോപിതനെ ചോദ്യം ചെയ്തശേഷം കിട്ടുന്ന ചില സൂചനകളെ കാണിച്ചും ശബ്ദം കേൾപ്പിച്ചും അയാളുടെ തലച്ചോറിലുണ്ടാകുന്ന ആവേഗങ്ങളെ താരതമ്യപഠനത്തിന് വിധേയമാക്കുന്നു. കുറ്റം ചെയ്തിട്ടും ചെയ്തില്ലെന്ന് പറയുമ്പോൾ അയാളുടെ തലച്ചോറിൽ രൂപപ്പെടുന്ന ആവേഗങ്ങളുടെ തരംഗദൈർഘ്യങ്ങളിലും പ്രസരണങ്ങളിലും ഒക്കെ വ്യത്യാസമുണ്ടാകും. എല്ലാം ചേർത്ത് വച്ച് മികച്ചൊരു പോലീസുദ്യോഗസ്ഥൻ വീണ്ടും ചോദ്യം ചെയ്യുമ്പോൾ കുറ്റാരോപിതൻ പ്രതിയാണോ അല്ലയോയെന്ന് തിരിച്ചറിയാം. ഇലക്ട്രോ ഇൻസെഫലോഗ്രാഫ് നൽകുന്ന സൂചനകളാണ് ഈ രീതിയുടെ അടിസ്ഥാന തത്വം. ബ്രെയിൻ മാപ്പിങ്ങിന് 99 ശതമാനം കൃത്യതയുണ്ടെന്നാണ് ഫോറൻസിക് വിദഗ്ധർ അവകാശപ്പെടുന്നത്.

മേൽപ്പറഞ്ഞ സാങ്കേതിക വിദ്യകൾ നൂറു ശതമാനം കുറ്റമറ്റതല്ലെങ്കിലും പിഴവുകൾ കുറവെന്നാണ് അനുഭവ സാക്ഷ്യങ്ങൾ വെളിപ്പെടുത്തുന്നത്. കുറ്റാരോപിതരുടെ പൂർണ സമ്മതമുണ്ടെങ്കിലേ ഇതൊക്കെ നടത്താനാകൂ എന്നത് ഒരു പോരായ്മയായി കരുതാനൊക്കില്ല. കാരണം അനിഷ്ടത്തോടെയോ ബലപ്രയോഗത്തിലൂടെയോ കുറ്റാരോപിതരെ മേല്പറഞ്ഞ ശാസ്ത്രീയ മാർഗങ്ങൾക്ക് വിധേയരാക്കിയാൽ അവരിലെ സ്വാഭാവിക ജീവൽപ്രവർത്തനങ്ങൾക്ക് വ്യതിയാനം സംഭവിക്കുകവഴി ഉദ്ദിഷ്ടഫലം ലഭിച്ചെന്നു വരില്ല. കുറ്റാരോപിതർ ഒരിക്കലും കുറ്റവാളികളല്ല.. നിരപരാധിയാണെന്ന് ഉറച്ചവിശ്വാസമുള്ളവർ ഏതുതരം പരിശോധനകൾക്കും ഒരു സമ്മർദ്ദവും കൂടാതെ സമ്മതിക്കുമെന്നുള്ളതിൽ തർക്കമില്ല. കുനുള്ളവനേ കുനിയുമ്പോൾ വേദനിക്കുകയുള്ളൂ.

ഇതൊരു കുറ്റമറ്റ രീതിയാണെന്ന് പറയാനൊക്കില്ല. മതിഭ്രമം കൊണ്ട് ഇല്ലാത്തത് വിളിച്ചുപറയാനുള്ള സാദ്ധ്യതയുണ്ടെന്നാണ് വിദഗ്ധർ പറയുന്നത്. കാരണം അതീവ പ്രഹരശേഷിയുള്ള മരുന്നുകളാണ് ഇതിനായി ഉപയോഗിക്കുന്നത്. ജീവൻരക്ഷാ സംവിധാനങ്ങളുള്ള സുസജ്ജമായ ആശുപത്രികളിൽ സൈക്കോഅനാലിസിസിനു വേണ്ടിയാണ് ട്രൂത് സീരം ഉപയോഗിക്കുന്നത്.

*പംക്തികാരൻ തിരുവനന്തപുരം. മഹാത്മാഗാന്ധി കോളേജിലെ സുവോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്.*
*9447342497*

വായിച്ചിരിക്കേണ്ട പുസ്തകം

# അധികാരത്തിന്റെ ജാതിവഴികൾ

**ഡി യേശുദാസ്**

സുപ്രസിദ്ധ തമിഴ് എഴുത്തുകാരൻ ജയമോഹന്റെ 'നൂറു സിംഹാസനങ്ങൾ' വായനയെ ആഘാതമാക്കി മാറ്റിയ നോവലാണ്. നായാടി സമൂഹത്തിൽ നിന്നും ഐ.എ.എസ് പദവിയിലേക്കെത്തിയ ധർമപാലന്റെ കഥ അസ്വസ്ഥത അനുഭവിക്കാതെ വായിച്ചുപോകാൻ സാധ്യമല്ല. മാരകമാംവിധം പൊള്ളലേൽപ്പിക്കുന്ന നോവൽ ജാതീയതയെ ആഴത്തിൽ പ്രശ്നവല്ക്കരിക്കുകയാണ് ചെയ്യുന്നത്. എന്താണ് മനുഷ്യൻ എന്ന ചോദ്യം ഈ പുസ്തകം ഉച്ചസ്ഥായിയിൽ ഉന്നയിക്കുന്നുണ്ട്. ആരൊക്കെയാണ് മനുഷ്യൻ എന്ന വകുപ്പിൽപ്പെടുന്നത് എന്നത് അസ്വസ്ഥമാംവിധം ഈ നോവൽ ഉന്നയിക്കുന്ന ചോദ്യമാണ്. ആധുനിക പരിഷ്കൃതമനുഷ്യനെപ്പറ്റിയുള്ള സങ്കല്പനങ്ങളിൽ നൂറു സിംഹാസനങ്ങൾ' എന്ന നോവലിലെ മനുഷ്യർ ശ്രദ്ധകിട്ടാതെ പോയ ചില വിഷയങ്ങൾ, പ്രതിസന്ധികൾ, പ്രകോപനങ്ങൾ കൂട്ടിച്ചേർക്കുന്നുവെന്നത് അടിയന്തരപ്രാധാന്യമുള്ളവ തന്നെയാണ്. ജാതി തൊലിപ്പുറമേയുള്ളൊരു കാര്യമല്ലെന്നും അതിന് വ്യക്തിയുടെ മാത്രമല്ല, സമൂഹത്തിന്റെ മാംസത്തിലും മജ്ജയിലും വേരുകളുണ്ടെന്നും അത് ബോധത്തിലും അബോധത്തിലും ആഴ്ന്നിറങ്ങിയിട്ടുണ്ടെന്നും ചരിത്രത്തിലും വർത്തമാനത്തിലും പ്രവചനാതീതമായി പ്രവർത്തിക്കുന്നുണ്ടെന്നുമുള്ള തിരിച്ചറിവ് ആഘാതപരംതന്നെയാണ്.

ഐ.എ.എസ് പദവിയിലിരിക്കുന്ന ഒരാൾ ഓഫീസിൽ വച്ച് തന്റെ അമ്മ, തെണ്ടികളെയും അനാഥരെയും കൊണ്ടിടുന്ന ഒരു ധർമാശുപത്രിയിൽ, മരണാസന്നയായിക്കിടക്കുന്ന വിവരം അറിയുന്നത് ഒന്ന് സങ്കല്പിച്ചു നോക്കൂ. ആശുപത്രിയിൽ അമ്മയെ അന്വേഷിച്ചെത്തിയ ആ മനുഷ്യൻ ചുറ്റുപാടുനിന്നും അനുഭവിക്കുന്ന അടക്കിച്ചിരിയെ, അതുല്പാദിപ്പിക്കുന്ന നിസ്സഹായതയെ, അപമാനത്തെ, ഒരാളുടെ ആത്മവിശ്വാസത്തിൽ അതേല്പിക്കുന്ന മുറിവുകളെ ഒന്നു വിലയിരുത്തിനോക്കൂ. മനുഷ്യൻ, മനുഷ്യത്വം, മാനവികത തുടങ്ങിയ ആശയങ്ങൾ തകർന്നു വീഴുന്നതു കാണാം. ഇങ്ങനെയൊരു മനുഷ്യാവസ്ഥയുടെ അസാധാരണമായ സന്ദർഭത്തെ ആവിഷ്കരിച്ചുകൊണ്ടാണ് നോവൽ ആരംഭിക്കുന്നത്.

ആരാണ് നായാടികൾ? തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിൽ പറയുന്നതിങ്ങനെ...നായാടികൾ അലഞ്ഞുതിരിയുന്ന കുറവരാണ്. ഇവരെ കണ്ടാൽത്തന്നെ അയിത്തമാണ് എന്നാണ് വിശ്വാസം. അതുകൊണ്ട് പകൽവെട്ടത്തിൽ സഞ്ചരിക്കാനുള്ള അവകാശം ഇവർക്കില്ലായിരുന്നു. ഇവരെ നേർക്കുനേർ കണ്ടാൽ ഉടൻതന്നെ ഉയർന്ന ജാതിക്കാർ ഒച്ചയും ബഹളവുമുണ്ടാക്കി ആളെക്കൂട്ടി ചുറ്റിവളച്ച് കല്ലെടുത്തെറിഞ്ഞു കൊല്ലുകയാണ് പതിവ്. അതുകൊണ്ട് ഇവർ പകൽ മുഴുവൻ കാടിന്റെയുള്ളിൽ ചെടികളുടെ ഇടയ്ക്ക് കുഴിതോണ്ടി അതിൽ കുഞ്ഞുകുട്ടികളോടെ പന്നികളെപ്പോലെ ഒളിച്ചിരിക്കുകയാണ് പതിവ്. രാത്രി പുറത്തേക്കിറങ്ങി ചെറുപ്രാണികളെയും പട്ടികളെയും നായാടിപ്പിടിക്കും. ഇവർ മൂധേവിയുടെ അംശമുള്ളവരാണെന്ന വിശ്വാസം ഉള്ളതുകൊണ്ട് ഇവർക്ക് തവിട്, എച്ചിൽഭക്ഷണം, ചീഞ്ഞവസ്തുക്കൾ തുടങ്ങിയവ ചിലർ വീടിന് വളരെയകലെ കൊണ്ടുവയ്ക്കുന്ന പതിവുണ്ട്. ഇവർ കൈയിൽ കിട്ടുന്ന എന്തും തിന്നും. പുഴുക്കൾ, എലികൾ, ചത്തുപോയ ജീവികൾ - എല്ലാം ചുട്ടുതിന്നും. മിക്കവാറും കിഴങ്ങും പച്ചക്കറികളും പച്ചയായിത്തന്നെ കഴിക്കും. പൊതുവെ ഇവർ കുറിയ കറുത്ത മനുഷ്യരാണ്. നീളമുള്ള വെളുത്ത പല്ലുകളും വലിയ വെളുത്ത കണ്ണുകളും ഉള്ളവർ. ഇവരുടെ ഭാഷ പഴംതമിഴാണ്.... കല്ലിന്റെയുള്ളിൽക്കഴിയുന്ന തവളപോലെ ഇവർ ജീവിച്ചിരുന്നതും ആരുമറിഞ്ഞില്ല, ചത്തതും ആരുമറിഞ്ഞില്ല.

ഇവരിൽപ്പെട്ട ഒരു കുട്ടി ഏഴുവയസ്സുവരെ പൂർണ്ണനഗ്നനായി അമ്മയോടൊപ്പം തിരുവനന്തപുരം നഗരത്തിൽ അലഞ്ഞുതിരിഞ്ഞ നാളുകൾ. ദേഹം മുഴുവൻ പറ്റംപറ്റമായി ചൊറിയും ചിരങ്ങും വ്രണങ്ങളും നിറഞ്ഞിരിക്കും. വിരലുകൾ തമ്മിൽ ഒട്ടിയിരിക്കും. ചിരങ്ങുവന്ന് കണ്ണുകൾ മിക്കവാറും അടഞ്ഞിരിക്കും. വിശപ്പ്, വിശപ്പു മാത്രം. അങ്ങനെയാണ് ശ്രീനാരായണീയനായ പ്രജാനന്ദന്റെ ആശ്രമത്തിൽ എത്തുന്നത്. കാപ്പൻ എന്ന ആ കുട്ടിയാണ് ധർമപാലനായി വളർന്ന് സിവിൽ സർവീസിലെത്തുന്നത്.

ആരാണ് നായാടികൾ? തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലിൽ പറയുന്നതിങ്ങനെ...നായാടികൾ അലഞ്ഞുതിരിയുന്ന കുറവരാണ്. ഇവരെ കണ്ടാൽത്തന്നെ അയിത്തമാണ് എന്നാണ് വിശ്വാസം. അതുകൊണ്ട് പകൽവെട്ടത്തിൽ സഞ്ചരിക്കാനുള്ള അവകാശം ഇവർക്കില്ലായിരുന്നു. ഇവരെ നേർക്കുനേർ കണ്ടാൽ ഉടൻ തന്നെ ഉയർന്ന ജാതിക്കാർ ഒച്ചയും ബഹളവുമുണ്ടാക്കി ആളെക്കൂട്ടി ചുറ്റിവളച്ച് കല്ലെടുത്തെറിഞ്ഞു കൊല്ലുകയാണ് പതിവ്.

സിവിൽസർവീസ് ഇന്റർവ്യൂവിന് ഒരു ഊഹചോദ്യം ധർമ്മപാലൻ നേരിടുകയുണ്ടായി. "നിങ്ങൾ ഓഫീസറായി പണിയെടുക്കുന്ന സ്ഥലത്ത് നിങ്ങൾ വിധി പറയേണ്ട ഒരു കേസിൽ ഒരു ഭാഗത്ത് ന്യായവും മറുഭാഗത്ത് ഒരു നായാടിയും ഇരുന്നാൽ നിങ്ങൾ എന്തു തീരുമാനമാണെടുക്കുക? "ചോര മുഴുവനും തലയ്ക്കു കത്തു ഇരച്ചുകയറിയ ധർമപാലൻ തിരികെ ചോദിച്ചു. "സർ,ന്യായം എന്നു വച്ചാൽ എന്താണ്? വെറും നിയമങ്ങളും സമ്പ്രദായങ്ങളുമാണോ ന്യായത്തെ തീരുമാനിക്കേണ്ടത്? ന്യായം എന്നു പറഞ്ഞാൽ അതിന്റെ കാതലായി ഒരു ധർമം ഉണ്ടായിരിക്കണം. ധർമങ്ങളിൽ വലുത് സമത്വം തന്നെ. ഒരു നായാടിയെയും മറ്റൊരു മനുഷ്യനെയും രണ്ടു വശത്തു നിർത്തുകയാണെങ്കിൽ സമത്വം എന്ന ധർമത്തിന്റെ അടിസ്ഥാനത്തിൽ ആ ക്ഷണം തന്നെ നായാടി അനീതിക്കിരയായവനായി മാറിക്കഴിഞ്ഞു. അവൻ എന്തു ചെയ്തിട്ടുണ്ടെങ്കിലും അവൻ നിരപരാധിയാണ്."

അവർ ചോദിച്ചു: "അത് കൊലപാതകമാണെങ്കിലോ, മിസ്റ്റർ ധർമ്മ പാലൻ?"

"സർ, കൊലപാതകമാണെങ്കിലും ഒരു നായാടി തന്നെയാണ് നിരപരാധി."

അധികാരം ഉള്ളവന്റെ നീതിയും അധികാരം പോയിട്ട് അതെന്തെന്നു പോലുമറിയാത്തവരുടെ നീതിയും തമ്മിലുള്ള അന്തരം പറയാൻ ആർക്കാണു കഴിയുക എന്നൊരു പ്രശ്നത്തെ നോവലിസ്റ്റ് ഔചിത്യത്തോടെ, അതീവസൂക്ഷ്മതയോടെ, രാഷ്ട്രീയ ജാഗ്രതയോടെ അവതരിപ്പിക്കുകയാണിവിടെ. അധികാരം ഈ നോവലിൽ ആഴത്തിൽ ആവിഷ്കരിക്കപ്പെടുന്ന പ്രശ്നമാണ്. ഭരണവും ഭരണീയരും തമ്മിലുള്ള ദൂരം എത്രയാണെന്ന് അറിയാൻ ഈ നോവലിലൂടെ സഞ്ചരിച്ചാൽ മതി. കടലാസ്സ് മറിയുന്നതുപോലെ അധികാരത്തെ ഓർമ്മിപ്പിക്കുന്ന മറ്റൊരു ശബ്ദമില്ല എന്ന് ധർമ്മപാലൻ ഇടയ്ക്കു പറയുന്നത് ഇതുമായി ചേർത്ത് വായിക്കുമ്പോൾ കൂടുതൽ ബോധ്യപ്പെടും.

ധർമ്മപാലന്റെ ഭാര്യ സുധ മേൽജാതി സ്ത്രീയാണ്. അവൾ അയാളോട് അങ്ങേയറ്റം സഹകരിക്കുന്നുണ്ട്.അവൾ പറയുന്നു: "നിങ്ങൾക്ക് ചെയറിൽ നന്നായിട്ട് ഇരിക്കുവാനറിയില്ല. നിങ്ങളുടെ പഠിത്തം, പദവി, അറിവ് ഒന്നുകൊണ്ടും ഒരു ഫലവുമില്ല. ഒരാളോടും ഉത്തരവിടാൻ പറ്റില്ല. ശാസിക്കാൻ നാവ് പൊങ്ങില്ല.എല്ലാവരും എപ്പോഴും പിന്നിൽ എന്തോ പറഞ്ഞു ചിരിക്കുന്നുവെന്ന വിചാരം."

അയാൾ വിചാരിക്കുന്നു: "കോപിക്കുന്തോറും അത് എന്റെ ജാതിയുടെ സ്വഭാവിക സംസ്കാരമില്ലായ്മയായി ധരിക്കപ്പെട്ടു. പോരാട്ടം



***ജയമോഹൻ***
*1962 -ൽ കന്യാകുമാരി ജില്ലയിൽ ജനനം*
*കൃതികൾ- റബ്ബർ, വിഷ്ണുപുരം, പിന്തുടരും നിഴലിൻ കുരൽ, ഏഴാം ലോകം, ഇരവ്, കൊറ്റവൈ, ഇന്ത്യൻ തത്വചിന്ത, ഇന്നത്തെ ഗാന്ധി, ആനഡോക്ടർ*

തോറും അത് അതിരുവിട്ട അധികാരമോഹമായി വ്യാഖ്യാനിക്കപ്പെട്ടു. എന്റെ സ്ഥിതി മനസ്സിലാക്കി വെറുതെ ഇരുന്നാൽ എന്റെ ജാതിക്കുമാത്രമുള്ള കഴിവില്ലായ്മയായി കരുതപ്പെട്ടു.എന്റെ കുറ്റബോധവും വിഷാദവും ഏകാന്തതയും എന്റെ തലമുറയുടെ മാനസികപ്രശ്നമായി ചർച്ച ചെയ്യപ്പെട്ടു "

സമൂഹം കാത്തുസൂക്ഷിക്കുന്ന പൊതുബോധത്തെയാണ് നോവൽ പ്രതിസ്ഥാനത്തു നിർത്തുന്നത്. എത്ര ഉന്നതമായ പദവിയിലെത്തിയാലും സമൂഹം ജാതിയുടെ കണ്ണിലൂടെ മാത്രമേ ഒരാളെ സമീപിക്കുന്നുള്ളൂ എന്ന വൈരുദ്ധ്യത്തെ ഇവിടെ ഹൃദയഭേദകമായി ആവിഷ്കരിച്ചിരിക്കുന്നു. അധികാരം എന്തുമാത്രം സങ്കീർണ്ണമായ സാമൂഹിക പ്രതിഭാസമാണെന്ന അവിശ്വസനീയതയെ ഈ നോവൽ വെളിവാക്കുന്നു. അതിന്റെ മേൽകീഴ്ബന്ധങ്ങൾ അളക്കാനാവാത്തവിധം സ്ഥൂലവും കാണാനാവാത്തവിധം സൂക്ഷ്മവുമാണ്.

ജാതിയുടെ പേരിൽ നായാടപ്പെട്ട നായാടിയായ ഒരു ഐ.എ.എസ് ഓഫീസറുടെ ജീവിതത്തിന്റെ കഥാരൂപമാണ് നൂറു സിംഹാസനങ്ങൾ. ആത്മകഥാരൂപത്തിലെ ആഖ്യാനം നോവലിന്റെ ആഘാതശക്തിയെ പതിന്മടങ്ങ് വർദ്ധിപ്പിച്ചിരിക്കുന്നു. ജാതിവിവേചനങ്ങൾ ശക്തമായി നിലനില്ക്കുന്ന ഇന്ത്യൻ സാഹചര്യത്തിൽ സവിശേഷമായ സ്ഥാനമുള്ള രചനയാണിത്. ശ്രീനാരായണഗുരുവിന്റെ പ്രസക്തിയെ ആന്തരികശക്തിയാക്കി മാറ്റിയ ഈ നോവൽ വായനാജീവിതത്തിൽ സവിശേഷപ്രാധാന്യമുള്ള പുസ്തകമാണെന്നതിൽ സംശയമില്ല.

അധികാരം ഉള്ളവന്റെ നീതിയും അധികാരം പോയിട്ട് അതെന്തെന്നു പോലുമറിയാത്തവരുടെ നീതിയും തമ്മിലുള്ള അന്തരം പറയാൻ ആർക്കാണു കഴിയുക എന്നൊരു പ്രശ്നത്തെ നോവലിസ്റ്റ് ഔചിത്യത്തോടെ, അതീവസൂക്ഷ്മതയോടെ, രാഷ്ട്രീയ ജാഗ്രതയോടെ അവതരിപ്പിക്കുകയാണിവിടെ. അധികാരം ഈ നോവലിൽ ആഴത്തിൽ ആവിഷ്കരിക്കപ്പെടുന്ന പ്രശ്നമാണ്. ഭരണവും ഭരണീയരും തമ്മിലുള്ള ദൂരം എത്രയാണെന്ന് അറിയാൻ ഈ നോവലിലൂടെ സഞ്ചരിച്ചാൽ മതി.

*പംക്തികാരൻ കവിയും അധ്യാപകനുമാണ്.*
*94464 58166*

ലൂമിയർ ആർട്ട്

വെളിച്ചവും നിഴലും വിസ്മയങ്ങൾ തീർക്കുന്ന കാലത്തിന്റെ കല- സിനിമയുടെ വിശേഷങ്ങളുമായി പുതുപംക്തി. മാധ്യമപ്രവർത്തകനും കവിയും ചലച്ചിത്രനിരൂപകനുമായ എൻ.പി. മുരളീകൃഷ്ണനാണ് അഭ്രപാളിയിലെ ചലനങ്ങളെ അക്ഷരങ്ങളാക്കുന്നത്.

# നഗ്നത നിസ്സഹായതയുടെ പ്രതീകം കൂടിയാണ്

**എൻ.പി. മുരളീകൃഷ്ണൻ**

ഒറ്റയ്ക്കു കഴിയുന്ന ഒരു സ്ത്രീക്കുമേൽ സമൂഹം അതിന്റെ സദാചാരക്കണ്ണ് സദാസമയം തുറന്നുവയ്ക്കും. ഈ കണ്ണ് അവൾക്കു സംരക്ഷണവും ആശ്രയവും നൽകാനുള്ളതായിരിക്കില്ല. അവൾ തെറ്റായെന്തെങ്കിലും പ്രവർത്തിക്കുന്നുണ്ടോയെന്നും അവളെ തെറ്റിലേക്കു വീഴ്ത്താൻ വഴികളുണ്ടോ എന്ന അന്വേഷണത്തിലേക്കുമായിരിക്കും ഇടതടവില്ലാതെ നോട്ടം പാഞ്ഞുചെല്ലുന്നത്. സമൂഹം സ്വയമേവ വിചാരണ ഏറ്റെടുക്കുകയും ശിക്ഷ നടപ്പാക്കുകയും ചെയ്യുമ്പോൾ ഒരു മനുഷ്യജീവി എത്രമാത്രം നിസ്സഹായയും ഒറ്റപ്പെട്ടവളുമായി മാറുന്നുവെന്നതിന്റെ പ്രതീകം കൂടിയാകുന്നു മലേന.

ഇറ്റാലിയൻ സിനിമയിൽ ആവർത്തിച്ച് അടയാളപ്പെടുത്തിയിട്ടുള്ള ഒരു പ്രദേശമാണ് സിസിലി. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കകാലത്ത് കറുപ്പിലും വെളുപ്പിലുമായി ലോകം കണ്ട ഈ ഭൂപ്രദേശത്തെ പിന്നീടുവന്ന ഇറ്റാലിയൻ ചലച്ചിത്രകാരന്മാരെല്ലാം ക്യാമറയിലാക്കുകയുണ്ടായി. ചില ഭൂമികകൾ സിനിമയിൽ ആവർത്തിച്ചുകൊണ്ടേയിരിക്കും. എല്ലാ ഭാഷാസിനിമകളിലും അതതു നാടുകളിലെ ചില സ്ഥലങ്ങളോടുള്ള ഈ സവിശേഷ താത്പര്യം കണ്ടെടുക്കാനാകും. എത്രയാവർത്തി പകർത്തിയിട്ടും തീരാത്ത ഇഴയടുപ്പം കൊണ്ടായിരിക്കണം ഈ വീണ്ടെടുപ്പുകൾ തുടർന്നുകൊണ്ടേ യിരിക്കുന്നത്.

വിഖ്യാത ഇറ്റാലിയൻ സംവിധായകരായ ലൂച്ചിനോ വിസ്കോന്തി, മൈക്കലാഞ്ചലോ അന്റോണിയോണി, പിയട്രോ ജെർമി, ഫ്രാൻസെസ്കോ റോസി, മാർകോ റിസി, ബെർട്ടോ



*തൊർണാത്തൊറെ*

ലൂച്ചി തുടങ്ങിയവരുടെ സിനിമകളിലൂടെയാണ് മെഡിറ്ററേനിയൻ കടലിലുള്ള ദ്വീപസമൂഹമായ സിസിലിയാനയെന്ന സിസിലി ലോകസിനിമാ ആസ്വാദകർക്കിടയിൽ ശ്രദ്ധനേടുന്നത്. വിസ്കോന്തിയുടെ ലാ തരാ ട്രെമാ, ദ ലിയോപാർഡ്, പിയട്രോ ജെർമിയുടെ ഡിവോർസ് ഇൻ ഇറ്റാലിയൻ സ്റ്റൈൽ, സെഡ്യൂസ്ഡ് ആന്റ് അബാൻഡന്റ് തുടങ്ങിയ സിനിമകൾ ഇക്കൂട്ടത്തിൽപ്പെടും. ഇറ്റാലിയൻ സിനിമയുടെ ആദ്യകാല മാസ്റ്റേഴ്സും ഇറ്റാലിയൻ നിയോറിയലിസത്തിന്റെ വക്താക്കളുമായ ഇവരിൽ നിന്ന് പുതിയകാല സിനിമയിലേക്കെത്തുമ്പൊഴും സിസിലി പ്രവിശ്യയോടുള്ള അടുപ്പം ചലച്ചിത്രകാരന്മാരിൽ നിന്ന് മായുന്നില്ല.

പുതിയകാല സിനിമയിൽ സിസിലിയുടെ പതാകവാഹകൻ സിസിലിയിലെ ബഗറിയയിൽ ജനിച്ച സിനിമാ പാരഡീസോ എന്ന ചിത്രത്തിലൂടെ ലോകശ്രദ്ധ നേടിയ ജൂസെപ്പെ തൊർണാത്തോറെയാണ്. സിസിലിയിലെ ഗ്രാമ, നഗരവീഥികളും അവിടത്തെ തീയേറ്ററുമായിരുന്നു സിനിമാ പാരഡീസോയുടെ ഭൂമിക. സ്റ്റാർ മേക്കർ, മലേന, ബാറിയ എന്നീ ചിത്രങ്ങളിലൂടെ സിസിലിയെ അദ്ദേഹം വീണ്ടും അടയാളപ്പെടുത്തി.

തൊർണാത്തോറെയുടെ സൃഷ്ടികളിൽ വിഷയത്തിലെ വൈവിധ്യംകൊണ്ടും കാവ്യാത്മകമായ ആവിഷ്കാരം കൊണ്ടും എക്കാലത്തേക്കുമുള്ള കാഴ്ചാനുഭവമായി മാറിയ ചിത്രമാണ് മലേന. ബോംബർ വിമാനങ്ങൾ നഗരാകാശത്തിനുമീതെ വട്ടമിട്ടു പറക്കുകയും പട്ടാളബൂട്ടുകൾ വലിയ ശബ്ദം കേൾപ്പിച്ച് ചത്വരങ്ങളിലൂടെ റോന്തുചുറ്റുകയും ചെയ്യുന്ന രണ്ടാം ലോകമഹായുദ്ധകാലത്തെ സിസിലിയാണ് മലേനയുടെ പശ്ചാത്തലം. യുദ്ധത്തിന്റെ അരക്ഷിതാവസ്ഥയും ഭീതിയും ജനങ്ങളിൽ നിലനിൽക്കുമ്പോൾ തന്നെ മലേനയുടെ ക്യാമറ



സിനിമ : മലേന
സംവിധാനം : ജ്യൂസെപ്പെ തൊർണാത്തൊറെ
രാജ്യം : ഇറ്റലി
ഭാഷ : ഇറ്റാലിയൻ
ദൈർഘ്യം : 109 മിനിറ്റ്

ചലിക്കുന്നത് മറ്റൊരിടത്തേക്കാണ്. യുദ്ധകാലത്ത് ദൂരെയെവിടെയോ ആയിപ്പോയ പട്ടാളക്കാരന്റെ ഭാര്യ മലേനയെ സിസിലിയിലെ നാട്ടുകാർ എങ്ങനെ പരിചരിക്കുന്നുവെന്നിടത്തേക്കാണ് ആ നോട്ടം.

ഇറ്റാലിയൻ നടിയും മോഡലുമായ മോണിക്കാ ബെലൂചിയുടെ കരിയർ ബെസ്റ്റായ മലേനയെന്ന കഥാപാത്രം സൃഷ്ടിക്കുന്ന അപാരമായ ഉടലാകർഷകത്വമാണ് ചിത്രം പുറത്തിറങ്ങിയ കാലത്ത് മാധ്യമശ്രദ്ധയ്ക്കും സജീവചർച്ചയ്ക്കുമിടയാക്കിയത്. എന്നാൽ നഗ്നത കാമത്തിന്റെ മാത്രം സൂചകമല്ല. ചിലപ്പോഴത് നിസ്സഹായതയുടെയും അനുകമ്പയുടെയും പ്രതീകമായി മാറുന്ന ജീവിതാവസ്ഥ കൂടിയാണെന്ന് ജ്യൂസെപ്പെ തൊർണാത്തോറെ ആവിഷ്കരിക്കുന്നു. ലൂസിയാനോ വിൻസെൻസോണിയുടെ മൂലകഥയെ അടിസ്ഥാനമാക്കിയാണ് മലേന ഒരുക്കിയിട്ടുള്ളത്.

ഒറ്റയ്ക്കു കഴിയുന്ന ഒരു സ്ത്രീക്കുമേൽ സമൂഹം അതിന്റെ സദാചാരക്കണ്ണ് സദാസമയം തുറന്നുവയ്ക്കും. ഈ കണ്ണ് അവൾക്കു സംരക്ഷണവും ആശ്രയവും നൽകാനുള്ളതായിരിക്കില്ല. അവൾ തെറ്റായെന്തെങ്കിലും പ്രവർത്തിക്കുന്നുണ്ടോയെന്നും അവളെ തെറ്റിലേക്കു വീഴ്ത്താൻ വഴികളുണ്ടോ എന്ന അന്വേഷണത്തിലേക്കുമായിരിക്കും ഇടതടവില്ലാതെ നോട്ടം പാഞ്ഞുചെല്ലുന്നത്. സമൂഹം സ്വയമേവ വിചാരണ ഏറ്റെടുക്കുകയും ശിക്ഷ നടപ്പാക്കുകയും ചെയ്യുമ്പോൾ ഒരു മനുഷ്യജീവി എത്രമാത്രം നിസ്സഹായയും ഒറ്റപ്പെട്ടവളുമായി മാറുന്നുവെന്നതിന്റെ പ്രതീകം കൂടിയാകുന്നു മലേന.

മലേനയുടെ കണ്ണുകളിൽ തനിക്ക് നടന്നെത്തേണ്ട ലക്ഷ്യസ്ഥാനം മാത്രമാണുള്ളത്. ചുറ്റിലുമുള്ള മറ്റു മുഴുവൻ കണ്ണുകളാകട്ടെ മലേനയിലും. അവൾ ആരോടും സംസാരിക്കുന്നില്ല. നടത്തത്തിന്റെ ആവേഗത്തിൽ വ്യതിയാനം വരുത്താൻ പോലും തയ്യാറല്ല. അവളുടെ കണ്ണുകൾ മുന്നിലുള്ള വഴികളിലേക്കുമിടവഴികളിലേക്കുമല്ലാതെ മറ്റൊന്നിലേക്കും തിരിയുന്നില്ല. ചെന്നെത്തേണ്ട ഇടം വരേക്കും അവളെ പിന്തുടരുന്ന കണ്ണുകളിലാണ് കാഴ്ചകളുടെ തിളക്കമത്രയും.

മലേനയെന്ന അതിസുന്ദരിയായ യുവതിയുടെ ശരീരത്തിൽ ആകൃഷ്ടരാകുകയാണ് സിസിലിയിലെ ജനങ്ങൾ. അവിടത്തെ മുഴുവൻ ആണുങ്ങളും അവളെ കാമിക്കാൻ ആഗ്രഹിക്കുന്നവരാണ്. സ്ത്രീകൾ പോലും അവളെ അസൂയയോടെ നോക്കുന്നു. സിസിലിയിലെ ആൺനോട്ടക്കാരുടെ പ്രതിനിധിയായ പന്ത്രണ്ടു

**വാണിജ്യവിജയവും നിരൂപകപ്രശംസയും നേടിയ മലേന 2000ൽ മികച്ച പശ്ചാത്തലസംഗീതം, ഛായാഗ്രഹണം എന്നിവയ്ക്കുള്ള ഓസ്കാർ നാമനിർദേശം നേടിയിരുന്നു. സിനിമാ പാരഡീസോ പുറത്തിറങ്ങി 12 വർഷം കഴിഞ്ഞാണ് മലേനയുമായി ജ്യൂസെപ്പെ തൊർണാത്തോറെ എത്തിയത്. ഒരു ചലച്ചിത്രകാരന്റെ ഇരട്ട ക്ലാസിക്ക് എന്ന തരത്തിൽ ഈ സിനിമകൾ രണ്ടും ഒന്നിനൊന്നു മികച്ചുനിന്നു.**



വയസ്സുകാരനിലൂടെയാണ് അവരുടെ വിചാരവികാരങ്ങൾ അവതരിപ്പിക്കപ്പെടുന്നത്. അവന് മലേനയോട് തീരാപ്രണയവും വികാരവുമാണ്. മലേനയെ ഇഷ്ടപ്പെടുന്ന മറ്റു പുരുഷന്മാരെയെല്ലാം അവൻ വെറുക്കുന്നുണ്ട്. ദൂരെ ജോലിയിലുള്ള മലേനയുടെ ഭർത്താവ് യുദ്ധത്തിൽ മരണപ്പെട്ടുവെന്നാണ് ഗ്രാമവാസികൾ കരുതുന്നത്.

കാണാൻ കൊതിച്ച മലേനയുടെ നഗ്നത സിസിലിയിലെ പുരുഷന്മാർ ഒരിക്കൽ കണ്ടു. അന്നവർക്ക് അവളോടു തോന്നിയത് കാമമല്ല, മറിച്ച് അനുകമ്പയാണ്. ഒരുപറ്റം സ്ത്രീകൾ വഴിയിലിട്ട് മലേനയെ ക്രൂരമായി മർദ്ദിക്കുകയായിരുന്നു. അവസരം കിട്ടിയപ്പോൾ മലേനയിൽ തെറ്റുകാരിയെന്നും സമൂഹത്തിന്റെ നടപ്പുവഴികൾക്ക് ചേരാത്തവളുമെന്ന് മുദ്ര ചാർത്തി അവളെ കളങ്കിതയാക്കുകയായിരുന്നു സ്ത്രീകൾ. ഈ ക്രൂരചെയ്തിയിൽ അവർ വല്ലാതെ ആനന്ദം കണ്ടെത്തി. പുരുഷന്മാരാരും തടഞ്ഞതുമില്ല. അതുവരെ മലേനയിലെ സൗന്ദര്യം സിസിലിയിലെ പുരുഷന്മാർക്കൊപ്പം ആസ്വദിച്ച കാഴ്ചക്കാരും ഒടുവിൽ അവർക്കൊപ്പം അവളോട് അനുകമ്പയുള്ളവരായിമാറുന്നു.

ലൈംഗികചോദനയെ എത്രമാത്രം സർഗാത്മകമായി ആവിഷ്കരിക്കാമെന്നതിന്റെ ഉത്തമദൃഷ്ടാന്തമായി മാറുകയായിരുന്നു മലേന. നഗ്നത അശ്ലീലമായല്ല, നമ്മളോടു ഇഴചേർന്നുകിടക്കുന്ന ഉദാത്തമായ ശ്ലീലതയായിട്ടാണ് ഇവിടെ അനുഭവപ്പെടുക. സ്ത്രീയുടെ കാമനകളും വിചാരങ്ങളും അവളുടെ സ്വാതന്ത്ര്യബോധത്തിന്റേതു കൂടിയാണ്. അധികം സംസാരിക്കാത്ത, ചുറ്റുപാടുകൾക്ക് കൺചെവികൾ കൊടുക്കാത്ത, നിഗൂഢതകൾ ഒളിപ്പിക്കുന്നുവെന്ന് തെറ്റിദ്ധരിച്ചേക്കാവുന്ന മലേനയുടെ ചലനങ്ങളിൽ സ്വാതന്ത്ര്യബോധവും ഉറച്ച ധാരണകളുമുള്ള സ്ത്രീയാണുള്ളതെന്ന് സിസിലിയിലെ ജനങ്ങൾക്കും പ്രേക്ഷകനും ബോധ്യപ്പെടുന്നിടത്താണ് മലേന ഒഴുകിത്തുടരുന്നത്.

വാണിജ്യവിജയവും നിരൂപകപ്രശംസയും നേടിയ മലേന 2000ൽ മികച്ച പശ്ചാത്തല സംഗീതം, ഛായാഗ്രഹണം എന്നിവയ്ക്കുള്ള ഓസ്കാർ നാമനിർദേശം നേടിയിരുന്നു. സിനിമാ പാരഡീസോ പുറത്തിറങ്ങി 12 വർഷം കഴിഞ്ഞാണ് മലേനയുമായി ജൂസെപ്പെ തൊർണാത്തോറെ എത്തിയത്. ഒരു ചലച്ചിത്രകാരന്റെ ഇരട്ട ക്ലാസിക്ക് എന്ന തരത്തിൽ ഈ സിനിമകൾ രണ്ടും ഒന്നിനൊന്നു മികച്ചുനിന്നു. അതിനുശേഷം വന്ന ബാറിയ ഈ പ്രതീക്ഷകളുടെ ഉയരത്തിലെത്തിയില്ലെങ്കിലും എത്രവർഷം കാത്തിരുന്നിട്ടായാലും ഒരു മികച്ച സംവിധായകനിൽനിന്ന് പൂർവരചനകളെ അമ്പരപ്പിക്കുന്ന പുതുനാമ്പ് ഉയിർക്കൊള്ളുക തന്നെ ചെയ്യുമെന്നതായിരിക്കും കാവ്യനീതി.

*എൻ.പി. മുരളീകൃഷ്ണൻ*
*9847404972*



# പായം ഗ്രാമപഞ്ചായത്ത് കരനെൽകൃഷിയിൽ ജൈത്രയാത്ര തുടരുന്നു

**എൻ.അശോകൻ**

കണ്ണൂർ ജില്ലയിലെ കിഴക്ക്- വടക്ക് ഭാഗത്തായി കർണ്ണാടക കൂർഗ്ഗ് വനാതിർത്തിയോട് ചേർന്ന കിടക്കുന്ന പായം ഗ്രാമ പഞ്ചായത്ത് തീർത്തും ഒരു കാർഷിക ഗ്രാമമാണ്. വനാതിർത്തിയിൽ നിന്നും ഒഴുകി വരുന്ന ബാരാപ്പുഴയും കൊട്ടിയൂർ വനമേഖലയിൽ നിന്നും ഒഴുകി വരുന്ന ബാവലിപ്പുഴയും പായത്തിന്റെ നെറുകയിലൂടെ ഒഴുകി ഇരിട്ടി പോലീസ് സ്റ്റേഷന് മുൻവശം സംഗമിച്ച് പെരുമ്പറമ്പ് വഴി പഴശ്ശി ഡാമിലേക്കും തുടർന്ന് വളപട്ടണം പുഴയിലേക്കും ലയിക്കുന്നു. പ്രസിദ്ധമായ പഴശ്ശി ജലസേചനപദ്ധതിയുടെ ജലസംഭരണി കൂടിയാണ് പായം. കൂടാതെ മറ്റ് ചെറിയ തോടുകളും നീർച്ചാലുകളും അടക്കം ജലസമ്പത്ത് കൊണ്ട് അനുഗ്രഹീതമായിരുന്നു പായം. എന്നാൽ സമീപ വർഷങ്ങളായി പ്രകൃതി സംരക്ഷണത്തിന്റെ അഭാവംമൂലം ജലസ്രോതസ്സുകളും നീർച്ചാലുകളും വറ്റിവരളുന്ന അവസ്ഥ വന്നു. തോടുകളും പുഴകളും നീർച്ചാലുകളും സംരക്ഷിക്കുവാൻ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി താൽക്കാലിക തടയണകളുടെ നിർമ്മാണം, കുളങ്ങളുടെ സംരക്ഷണവും നവീകരണവും തുടങ്ങിയ പ്രവർത്തനങ്ങൾ ജനകീയമായി ഏറ്റെടുക്കുകയുണ്ടായി.

പഞ്ചായത്തിന്റെ 6242 ഹെക്ടർ വരുന്ന ഭൂവിസ്തൃതിയിൽ 1947-50 കാലത്ത് 892 ഹെക്ടർ നെൽകൃഷിക്ക് അനുയോജ്യമായിരുന്നു. എന്നാൽ ഇന്ന് 126 ഹെക്ടറായി അതു ചുരുങ്ങി. ഇപ്പോൾ ഇതിൽതന്നെ നെൽകൃഷി മൂന്നു വിളകളിലുമായി 70 ഹെക്ടറിൽ മാത്രമാണ് ചെയ്യുന്നത്.

ഈ ഘട്ടത്തിലാണ് പായം ഗ്രാമപഞ്ചായത്ത് ഭരണസമിതി കരനെൽകൃഷി വ്യാപിപ്പിക്കുവാൻ തീരുമാനിച്ചത്. അന്യം നിന്നു പോയ 'പുന കൃഷി' എന്നറിയപ്പെട്ടിരുന്ന കരനെൽകൃഷി പുതിയ തലമുറയെ പഠിപ്പിക്കുക എന്ന ലക്ഷ്യം കൂടി വെച്ചാണ് പ്രവൃത്തിപഥത്തിലിറങ്ങിയത്. തൊഴിലുറപ്പ് പദ്ധതിയെ ഉപയോഗപ്പെടുത്തി കുടുംബശ്രീ തൊഴിലുറപ്പ് പദ്ധതികളുടെ ജെ.എൽ.ജി ഗ്രൂപ്പ് രൂപീകരിച്ച് വിത്തും വളവും കൃഷിഭവൻ മുഖേന നല്കി 2016-17 വർഷം 76.5 ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ചെയ്തത്. നല്ല വിളവും ലഭിക്കുകയുണ്ടായി. ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ ഓമന, ബ്ലോക്ക് കൃഷി അസി. ഡയറക്ടർ ലത, ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗങ്ങൾ എല്ലാം വിവിധ ഘട്ടങ്ങളിൽ കൃഷിയിടങ്ങൾ സന്ദർശിക്കുകയും ആവശ്യമായ പ്രോത്സാഹനങ്ങൾ നല്കുകയും 3

അന്യം നിന്നു പോയ 'പുന കൃഷി' എന്നറിയപ്പെട്ടിരുന്ന കരനെൽകൃഷി പുതിയ തലമുറയെ പഠിപ്പിക്കുക എന്ന ലക്ഷ്യം കൂടി വെച്ചാണ് പ്രവൃത്തിപഥത്തിലിറങ്ങിയത്.

ആകെയുള്ള 18 വാർഡുകളിൽ 17 വാർഡുകളിലും ഇത്തവണ കരനെൽകൃഷി ചെയ്യുന്നുണ്ട്. 118 ജെ.എൽ.ജികളിലായി 900ത്തോളം സ്ത്രീ കൂട്ടായ്മ യിലാണ് നെൽകൃഷി മുന്നോട്ട് പോകുന്നത്. കുടുംബശ്രീ യുടെയും തൊഴിലുറപ്പ് പദ്ധതി, കൃഷി വകുപ്പ്, പഞ്ചായ ത്ത് എന്നിവയുടെയും കൂട്ടായ പരിശ്രമ ത്തിലാണ് ഈ ജനകീയ പദ്ധതി വിജയത്തിലേക്ക് നീങ്ങുന്നത്.



ലക്ഷം രൂപ പ്രത്യേക ഇൻസന്റീവ് തൊഴിലാളികൾക്ക് നല്കുകയും ചെയ്തിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികളെയും നെൽകൃഷിയുടെ കൊയ്ത്തുത്സവത്തിൽ പങ്കെടുപ്പിക്കുകയും അവരെ കൃഷി പരിചയപ്പെടുത്തുകയും ചെയ്തു.

കഴിഞ്ഞ വർഷം 76.5 ഏക്കർ ചെയ്ത സ്ഥലത്ത് 2017-18 ൽ 238 ഏക്കറിൽ സ്ഥലത്ത് കരനെൽകൃഷി ചെയ്യാൻ സാധിച്ചു എന്നത് അഭിമാനത്തോടെ ജനങ്ങൾ കാണുകയാണ്. ആകെയുള്ള 18 വാർഡുകളിൽ 17 വാർഡുകളിലും ഇത്തവണ കരനെൽകൃഷി ചെയ്യുന്നുണ്ട്. 118 ജെ.എൽ.ജികളിലായി 900 ത്തോളം സ്ത്രീ കൂട്ടായ്മയിലാണ് നെൽകൃഷി മുന്നോട്ട് പോകുന്നത്. കുടുംബശ്രീ യുടെയും തൊഴിലുറപ്പ് പദ്ധതി, കൃഷി വകുപ്പ്, പഞ്ചായത്ത് എന്നിവയുടെയും കൂട്ടായ പരിശ്രമത്തിലാണ് ഈ ജനകീയ പദ്ധതി വിജയത്തിലേക്ക് നീങ്ങുന്നത്. തരിശായി കിടക്കുന്ന കുന്നിൻപ്രദേശങ്ങളിൽ ഉൾപ്പെടെ കാടുകൾ വെട്ടിത്തെളിച്ചും ചോലയില്ലാത്ത മറ്റ് വിളകളുടെ ഇടയിലും ആണ് കരനെൽകൃഷി ഇപ്പോൾ ചെയ്തിരിക്കുന്നത്.കരിമ്പം കൃഷി വിജ്ഞാന കേന്ദ്രം ഡയറക്ടർ ഡോ. ജയരാജ്, അസി. ഡയറക്ടർ ലത ഉൾപ്പെടെയുള്ള വകുപ്പ് മേധാവികൾ ജെ.എൽ.ജി കൺവീനർക്കും തൊഴിലാളികൾക്കും പ്രത്യേക ക്ലാസ്സുകൾ നല്കി. ഉമ, ആതിര, ഐശ്വര്യ വിളകൾ കൃഷി ഭവൻ മുഖേന കൃത്യസമയത്ത് തന്നെ എത്തിച്ചു നല്കി. വളവും ഇപ്പോൾ പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി നല്കിവരുന്നു. നെല്ലുകൾ നല്ല വളർച്ചയുടെ ഘട്ടത്തിലാണ്. അന്യം നിന്നു പോയ കരനെൽകൃഷി പുനസ്ഥാപിച്ചപ്പോൾ പഴയ തലമുറയ്ക്ക് ആവേശവും പുതിയ തലമുറയ്ക്ക് അത്ഭുതവുമായി. പായം ഗ്രാമപഞ്ചായത്തിനെ തരിശ് രഹിത ജൈവ ഗ്രാമമാക്കുക എന്ന ലക്ഷ്യം വെച്ചാണ് കരനെൽകൃഷി ഇത്രയും വിപുലമായി നടത്തുന്നത്.

കാർഷിക മേഖലയിൽ ഈ വർഷം നിരവധി പദ്ധതികൾ കൂടി നടപ്പിലാക്കുന്നുണ്ട്. ആഘോഷവേളകളെ പ്ലാസ്റ്റിക് മുക്തമാക്കുക എന്ന ലക്ഷ്യം വെച്ച് കുടുംബശ്രീ മുഖേന വാഴയിലകൾ നല്കുന്ന 'ഹരിത മാംഗല്യം കുടുംബശ്രീ ഇലകളിലൂടെ' പദ്ധതി 2017 ഫെബ്രുവരി മുതൽ പഞ്ചായത്തിൽ നടപ്പിലാക്കി വരികയാണ്. ഈ പദ്ധതി വിജയിപ്പിക്കുന്നതിന് ഈ വർഷം 20000 ഞാലിപ്പൂവൻ വാഴക്കന്ന് വീടുകളിൽ നല്കും. ജില്ലാ പഞ്ചായത്ത് സ്വയംപര്യാപ്ത പച്ചക്കറി ഗ്രാമമായി പായത്തെ തെരഞ്ഞെടുക്കുന്നു. ജൈവ പച്ചക്കറി ഉൽപാദനത്തിന് 6 ലക്ഷം രൂപ പഞ്ചായത്തും 11 ലക്ഷം രൂപ ജില്ലാ പഞ്ചായത്തും അനുവദിച്ച് അതിവിപുലമായ പച്ചക്കറി കൃഷിക്ക് പഞ്ചായത്ത് തയ്യാറെടുക്കുകയാണ്.

തെങ്ങിൻ തൈകളും തെങ്ങിന് വളവും നല്കുന്ന പദ്ധതി, കുരുമുളക് തൈകൾ വീടുകളിൽ സൗജന്യമായി നല്കുന്ന പദ്ധതി, ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് 15000 കശുമാവിൻ തൈ നല്കുന്ന പദ്ധതി, വീടുകളിൽ ഫല ഔഷധ സസ്യത്തൈകൾ വിതരണം ചെയ്യുന്ന പദ്ധതി, പാൽ ഇൻസെന്റീവ് നല്കാനുള്ള പദ്ധതി, തോടുകളുടെ അതിരുകളിൽ ഈറ്റ, കൈത, മുള വെച്ചുപിടിപ്പിക്കുന്ന പദ്ധതി എല്ലാം ഈ വർഷംതന്നെ നടപ്പിലാക്കുവാനാണ് പഞ്ചായത്ത് ഉദ്ദേശിക്കുന്നത്.

*ലേഖകൻ പായം ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്*

# പൂരനഗരിയിലെ പുലിപ്പൂരം

**ആൽഫ്രെഡ്.എം.കെ.**

നാലോണനാളിൽ തിമർത്തു പെയ്ത മഴയിലും മുന്നോട്ട് വെച്ച പുലിച്ചുവടുകൾ പിന്നോട്ടെടുത്തില്ല.. അരമണികിലുക്കത്തിനൊപ്പം മഴത്തുള്ളികിലുക്കവും അലിഞ്ഞ് ചേർന്നപ്പോൾ, പുലിക്കൂട്ടങ്ങൾ സാംസ്കാരിക നഗരിക്ക് വിസ്മയ കാഴ്ചയായി. ആൺപുലികളോടൊപ്പം കോട്ടപ്പുറം ദേശത്തിന്റെ പത്ത് പെൺപുലികളും, കോട്ടപ്പുറം, കാനാട്ടുകര, വിയ്യൂർ, അയ്യന്തോൾ, നായ്ക്കനാൽ, വടക്കേ അങ്ങാടി ദേശങ്ങളിലെ മുന്നൂറോളം ആൺപുലികളുമാണ് തൃശ്ശൂർ സ്വരാജ് റൗണ്ടിൽ മഴ പുലിപ്പൂരം തീർത്തത്. വിംഗ്സ് എന്ന സംഘടനയുടെ ഭാരവാഹിയായ വിനയയുടെ ആവശ്യപ്രകാരമാണ് കോട്ടപ്പുറം ദേശത്തിന് വേണ്ടി പെൺപുലികൾ ഇറങ്ങിയത്. കോഴിക്കോട്ടുകാരിയായ അദ്ധ്യാപിക അജിത, ലാബ് ഇൻസ്ട്രക്ടർ സൂര്യപ്രഭ, മലപ്പുറം ജില്ലയിൽ അദ്ധ്യാപികയായ പ്രസന്ന പാർവ്വതി, പാലക്കാട്ടെ മികച്ച അദ്ധ്യാപികയ്ക്കുള്ള അവാർഡ് ജേതാവുകൂടിയായ രമണി, തൃശ്ശൂരിൽ നിന്നുള്ള കുടുംബശ്രീ പ്രവർത്തക ഗീത, കണ്ണൂരിൽ നിന്നുള്ള ടെയ്ലർ രമ, പാലക്കാട്ടെ ആർഡി ഏജന്റ് കമല, തൃശ്ശൂരിലെ പ്രശസ്ത നാടകപ്രവർത്തകയായ സുജാത ജനനേത്രി, പത്തനംതിട്ടയിലെ ബിസിനസ്സുകാരി നിധി, മലപ്പുറത്തെ സുധ എന്നിവരാണ് പെൺപുലിസംഘത്തിലുണ്ടായിരുന്നത്. കോട്ടപ്പുറത്തെ മുതിർന്ന പുലിയാശാൻ അപ്പുവാണ് ഇവർക്ക് പരിശീലനം നൽകിയത്. പച്ച, കറുപ്പ്, സിൽവർ, ചുവപ്പ്, നീല, പിങ്ക്, വയലറ്റ്, തുടങ്ങിയ നിറത്തിൽ കരിമ്പുലി, വരയൻ പുലി, പുള്ളിപ്പുലി, ഫ്ലൂറസെന്റ് പുലി തുടങ്ങിയവയാണ് ഇത്തവണ തൃശ്ശൂരിന്റെ രാജവീഥികൾ കയ്യടക്കിയത്. കരിമ്പുലിയുടെ തിളങ്ങുന്ന കണ്ണുകൾ പുലിയഴകിന് മാറ്റ് കൂട്ടി.

തൃശ്ശൂർ പൂരത്തിനോളംതന്നെ പെരുമയുണ്ട് പുലിക്കളിക്കും. തിങ്ങിനിറഞ്ഞ ജനക്കൂട്ടത്തെ സാക്ഷിനിർത്തി കുമ്പവയറിൽ പുലിമുഖങ്ങൾ തീർത്ത്, മുഖംമൂടി ധരിച്ച്, അരമണി കിലുക്കി, താളമേളങ്ങളോടെ കടന്ന് വരുന്ന പുലിക്കൂട്ടങ്ങൾ തൃശ്ശൂരിനെന്നും ആവേശവും വിസ്മയവുമാണ്. ഗണപതിക്ക് നാളികേരമുടച്ചാണ് ഒരോ പുലിയും തേക്കിൻകാട് മൈതാനിക്ക് ചുറ്റുമുള്ള റൗണ്ടിൽ പ്രദക്ഷിണം വെയ്ക്കുക. പുലിക്കളി കലാകാരൻമാരിൽ പ്രധാനി ചാത്തുണ്ണിയാണ്. പതിനാറാം വയസ്സിൽ തുടങ്ങിയ ആവേശം എഴുപത്തിയേഴാം വയസ്സിലും കെടാതെ സൂക്ഷിച്ച ഈ കലാകാരൻ കഴിഞ്ഞ തവണ പൂർത്തിയാക്കിയത്, തന്റെ പുലിവേഷത്തിന്റെ അറു

സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിന്റെ ഈ ജനകീയ കലയെ കൂടുതൽ ഹൃദ്യമാക്കി സംരക്ഷിച്ച് നിലനിർത്തേണ്ടിയിരിക്കുന്നു. പലരിൽ നിന്നുള്ള ധനസഹായം കൊണ്ട് മാത്രമാണ് പുലിക്കളി ഇന്നും നിലനിന്ന് പോകുന്നത്. കാലങ്ങൾ മാറി മറഞ്ഞാലും തൃശ്ശൂരിന്റെ സ്വന്തം പുലിപ്പൂരമായി ഇത് നിലനിൽക്കട്ടെയെന്ന് നമുക്ക് പ്രത്യാശിക്കാം.





പുലിക്കളി മൂന്ന് സ്റ്റെപ്പുകളായാണ് നടത്തുന്നത്. വലത്തെ കാലും ഇടത്തെ കൈയ്യുമാണ് ആദ്യം മുന്നോട്ടായുക. അപ്പോൾ അരമണി കിലുങ്ങുന്നു. ഒറ്റക്കെട്ടായുള്ള ചെണ്ട മേളത്തോടൊപ്പമുള്ള ചുവടുവെയ്പും കൂടിയാകുമ്പോൾ പുലിക്കളി കാണികൾക്ക് ഹൃദ്യതയേകുന്നു. ആവേശ തിമിർപ്പിൽ കാണികൾ പുലികൾക്കൊപ്പം ചുവട് വെയ്ക്കുന്നു.

പത്തിഒന്നാമത്തെ വാർഷികമാണ്

സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിന്റെ ഒരു പ്രതിരോധ കലയായാണ് പുലിക്കളി രൂപപ്പെട്ടിട്ടുള്ളത്. ടിപ്പുവിന്റെ ആക്രമണത്തിന് ശേഷം ഭയന്നു വിറച്ച കൊച്ചിരാജാവ് ബ്രിട്ടീഷുകാരുമായി ഒരു സുരക്ഷാ കരാർ ഉണ്ടാക്കി .1809ൽ മദ്രാസ് നേറ്റീവ് ഇൻഫെൻട്രിയുടെ ഒരു കേന്ദ്രം തൃശ്ശൂരിൽ ആരംഭിച്ചു. 1900 വരെ ഒരു പട്ടാള ബറ്റാലിയൻ ഇവിടെ തുടർന്നു. പട്ടാള ഉദ്യോഗസ്ഥന്മാരിൽ ഒരു വിഭാഗം പാഠാണികൾ ആയിരുന്നു. ദേശീയ പ്രസ്ഥാന കാലത്ത് ബ്രിട്ടീഷുവിരുദ്ധമായി തൃശ്ശൂരിലെ പാഠാണികളുടെ പാരമ്പര്യത്തിൽനിന്ന് പിറവിയെടുത്ത ആഘോഷമാണ് പുലിക്കളി.

പുലിക്കളി മൂന്ന് സ്റ്റെപ്പുകളായാണ് നടത്തുന്നത്. വലത്തെകാലും ഇടത്തെ കൈയ്യുമാണ് ആദ്യം മുന്നോട്ടായുക. അപ്പോൾ അരമണി കിലുങ്ങുന്നു. ഒറ്റക്കെട്ടായുള്ള ചെണ്ടമേളത്തോടൊപ്പമുള്ള ചുവടുവെയ്പും കൂടിയാകുമ്പോൾ പുലിക്കളി കാണികൾക്ക് ഹൃദ്യതയേകുന്നു. ആവേശ തിമിർപ്പിൽ കാണികൾ പുലികൾക്കൊപ്പം ചുവട് വെയ്ക്കുന്നു. പുലി സംഘങ്ങൾക്ക് ചുറ്റും വലിയ വടം കെട്ടി നിയന്ത്രിച്ചാണ് പുലികളെ റൗണ്ടിലേക്ക് ആനയിക്കുക. പുലിവേഷം ചിത്രീകരിക്കുന്നതിൽ പെയിന്റുകൾ ഉപയോഗിച്ച് തുടങ്ങിയതോടെയാണ് കുടവയറൻമാർക്ക് വലിയ പ്രാധാന്യം കിട്ടിയത്. മഞ്ഞ, ചുവപ്പ്, കറുപ്പ്, വെള്ള നിറങ്ങൾ വാർണീഷിൽ ചേർത്തരച്ചാണ് പുലിനിറങ്ങൾ തയ്യാറാക്കുക. നാലോണ നാളിൽ രാവിലെ മുതൽ പുലിവേഷമിടുന്ന കലാകാരൻമാരുടെ ഒരുക്കം ആരംഭിക്കുന്നു. ആദ്യപടിയായി ശരീരമാകെ ഷേവ് ചെയ്യുന്നു. അതിനു ശേഷം ഇരു കൈകളിലും ആറടിയെങ്കിലും നീളമുള്ള മരവടികൾ ഇരുവശങ്ങളിലായി കുത്തി പിടിച്ച് നിൽക്കുന്ന പുലിക്കളി വേഷക്കാരന്റെ ദേഹത്ത് അടിസ്ഥാന നിറം അടിക്കുകയായി'. അത് ഉണങ്ങുവാനെടുക്കുന്ന രണ്ടോ മൂന്നോ മണിക്കൂറിന് ശേഷമാണ് പുള്ളിപ്പുലികും വരയൻപുലിക്കും കുടവയ്ക്കുമെല്ലാം ആവശ്യമായ ശാരീരിക അടയാളങ്ങൾ വരയ്ക്കുന്നത്. ഇതിനിടയിൽ ആവശ്യമായ ഭക്ഷണവും വെള്ളവും പരസഹായത്താൽ മാത്രമേ പുലിവേഷക്കാരന് അകത്താക്കാൻ സാധിക്കുകയുള്ളൂ. ദേഹത്ത് പൂശിയ ചായക്കൂട്ടുകൾ നല്ല വണ്ണം ഉണങ്ങിയ ശേഷം മുഖംമൂടിയും ശിരോവസ്ത്രവും അണിയുകയായി. തുടർന്ന് പുലിക്കെട്ടിന്റെ അകമ്പടിയോടെ പുലിസംഘം താളാത്മകമായി ചുവടുകൾ വെച്ച് നഗരത്തിലെത്തുവാനുള്ള യാത്ര ആരംഭിക്കുകയായി.ഏകദേശം നാല് മണിക്കൂറോളം തലയും ഉടലും ഇളക്കി പ്രേക്ഷകരെ രസിപ്പിച്ച ശേഷം വീണ്ടും ക്യാമ്പിൽ തിരിച്ചെത്തി മണ്ണെണ്ണയും ടർപ്പന്റൈനും ഉപയോഗിച്ച് ചായമിളക്കുമ്പോൾ അനുഭവിക്കേണ്ടി വരുന്ന ശാരീരിക വേദനയും വിങ്ങലും വാക്കുകൾക്കതീതമാണ്. ഏറെപ്പേരുടെ ഏറെക്കാലത്തെ ശാരീരികവും മാനസികവുമായ അദ്ധ്വാനവും ധനവ്യയവും കൂടിയാകുമ്പോൾ മാത്രമേ താളവും രാഗവും വർണ്ണവും സമന്വയിക്കുന്ന ഈ കലാരൂപം പൂർണ്ണമാകുന്നുള്ളൂ. മാസങ്ങളുടെ ശ്രമഫലമായി തയ്യാറാക്കുന്ന നിശ്ചല ദൃശ്യങ്ങളും 'പുലിക്കളിക്ക് ദൃശ്യഭംഗി'യേകുന്നു. തൃശ്ശൂർ പത്രഫോട്ടോഗ്രാഫറായിരുന്ന കെ.കെ രവീന്ദ്രൻ പുലിവരയുടെ അമ്പത്തിഅഞ്ചാം വാർഷികാഘോഷമാണ് ഇത്തവണ പൂർത്തിയാക്കിയത്. ആദ്യകാലങ്ങളിൽ 'പുലികളെ തണ്ടിലേറ്റിയാണ് കൊണ്ടുവന്നിരുന്നത്. ലോറിയിൽ കയറി വരുന്ന പുലികൾ അടുത്തകാലത്തെ ദൃശ്യമാണ്. ആദ്യകാല പുലികളിൽ കടവയറൻ പുലികൾ ഉണ്ടായിരുന്നില്ല.'

സാംസ്കാരിക തലസ്ഥാനമായ തൃശ്ശൂരിന്റെ ഈ ജനകീയകലയെ കൂടുതൽ ഹൃദ്യമാക്കി സംരക്ഷിച്ച് നിലനിർത്തേണ്ടിയിരിക്കുന്നു. പലരിൽ നിന്നുള്ള ധനസഹായം കൊണ്ട് മാത്രമാണ് പുലിക്കളി ഇന്നും നിലനിന്ന് പോകുന്നത്. കാലങ്ങൾ മാറിമറഞ്ഞാലും തൃശ്ശൂരിന്റെ സ്വന്തം പുലിപ്പൂരമായി ഇത് നിലനിൽക്കട്ടെയെന്ന് നമുക്ക് പ്രത്യാശിക്കാം...

*ലേഖകൻ ചൊവ്വന്നൂർ ഗ്രാമപഞ്ചായത്ത് ഹെഡ് ക്ലാർക്കാണ്*
*94976 26495*



*വാഴൂരിലെ നേരങ്ങാടി*

# വാഴൂർ ഇനി നേരങ്ങാടി ബ്ലോക്ക്

**എ.ജെ. അലക്സ് റോയ്**

വിത്തിനുപരിയാണ് ഇന്ന് വിപണിയിൽ കൃഷിയുടെ സ്ഥാനം. അത് തിരിച്ചറിഞ്ഞ് സ്വന്തം കർഷകരെ സഹായിക്കുന്നതിന് കർഷകപക്ഷ വിപണികൾ സ്ഥാപിച്ച് മാതൃകയാകുന്ന കോട്ടയം ജില്ലയിലെ വാഴൂർ ബ്ലോക്ക് പഞ്ചായത്ത്. നേരങ്ങാടി എന്നാണ് ഈ വിപണികൾക്ക് പേര്. നേരായി മാത്രം കാര്യങ്ങൾ നടക്കുന്ന അങ്ങാടി! നാട്ടിൽവിളഞ്ഞ നല്ലവസ്തുക്കൾ ന്യായവിലയ്ക്ക് നേരങ്ങാടിയിലൂടെ ലഭിക്കുന്നു.

വാർഡുതല കാർഷിക വികസന സമിതികൾ കൂടിച്ചേർന്ന് ഗ്രാമപഞ്ചായത്തു തലങ്ങളിൽ കാർഷിക വികസന സമിതികൾ രൂപീകരിച്ചു. വാർഡുതല കാർഷിക വികസന സമിതി കൺവീനർമാർ പഞ്ചായത്തുതല സമിതിയംഗങ്ങളായി. കൂടാതെ പൊതുയോഗം നിശ്ചയിച്ച മികച്ച നാലു കർഷകർ, കുടുംബശ്രീ സി.ഡി.എസ്. ചെയർപേഴ്സൺ ഇവരെയും ഉൾപ്പെടുത്തി. കൃഷി ആഫീസർ കൺവീനറായും കൃഷി അനുബന്ധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എക്സ് ഒഫിഷ്യോ അംഗങ്ങളായും തുടരുന്നു.

ഈ സംഘടനാ സംവിധാനത്തിന്റെ പിൻബലത്തിലാണ് വാഴൂർ ബ്ലോക്കിൽ നേരങ്ങാടി കർഷകപക്ഷ വിപണികൾ ആരംഭിക്കുന്നത്. ബ്ലോക്ക് പരിധിയിലെ കർഷകർക്ക് പരസ്പരം സൗകര്യപ്രദമായി വിളകളുടെ കൈമാറ്റം ഉറപ്പാക്കുന്നതിനായി ആറ് ഗ്രാമപഞ്ചായത്തുകളിലും വ്യത്യസ്ത ദിനങ്ങളിൽ കാർഷികോത്പന്നങ്ങളുടെ പരസ്യലേല സംവിധാനം ഏർപ്പെടുത്തി.

വാഴൂരിൽ തിങ്കളാഴ്ച, ചിറക്കടവിൽ ചൊവ്വാഴ്ച, കങ്ങഴയിൽ ബുധനാഴ്ച, നെടുംകുന്നത്ത് വ്യാഴാഴ്ച, വെള്ളാവൂരിൽ വെള്ളിയാഴ്ച, കറുകച്ചാലിൽ ശനിയാഴ്ച എന്നിങ്ങനെയാണ് വിവിധ ഗ്രാമപഞ്ചായത്തുകളിൽ വിപണി പ്രവർത്തിക്കുന്നത്.

രാവിലെ 8 മണി മുതൽ വിപണികളിൽ കാർഷികോത്പന്നങ്ങളുടെ ചില്ലറ വില്പന ആരംഭിക്കും. വിഷമില്ലാ വിളകൾ തേടിയുള്ള നാട്ടുകാരുടെ വരവ് വിപണികളെ അതിരാവിലെ മുതൽ സജീവമാക്കും. 11 മണി മുതൽ പരസ്യലേല സംവിധാനമാണ് നടക്കുക.

കാർഷിക ഉത്പന്നങ്ങൾ ഏറ്റവും കുറഞ്ഞ അളവിലും കൂടിയ തോതിലും ഇവിടെ വില്പനയ്ക്കെത്തുന്നു. പച്ചക്കാന്താരിയും ചക്കക്കുരുവും പച്ചമാങ്ങയും നാട്ടുപശുവിൻ പാലും നാടൻ കോഴിമുട്ടയും വളർത്തുമീനും വിഷമില്ലാ പച്ചക്കറിയും വാഴക്കുലയും കിഴങ്ങുവിളകളും കറവപ്പശുവും വരെ ഇവിടെ വിപണിയിലെത്തുന്നു.

വില്പനയിൽ അഞ്ചു ശതമാനം തുക നടത്തിപ്പ് ചെലവിന് വിപണി സ്വീകരിക്കും. നടത്തി

> നേരങ്ങാടി എന്നാണ് ഈ വിപണികൾക്ക് പേര്. നേരായി മാത്രം കാര്യങ്ങൾ നടക്കുന്ന അങ്ങാടി! നാട്ടിൽവിളഞ്ഞ നല്ലവസ്തുക്കൾ ന്യായവിലയ്ക്ക് നേരങ്ങാടിയിലൂടെ ലഭിക്കുന്നു.




*വാഴൂരിനെ നേരങ്ങാടി ബ്ലോക്കായി കൃഷിവകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ പ്രഖ്യാപിക്കുന്നു.*

പ്പ് ചെലവ് കഴിഞ്ഞ് ബാക്കിവരുന്ന തുക സമിതികൾ ഗ്രാമപഞ്ചായത്തുമായി സഹകരിച്ച് വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികൾക്കായി വിനിയോഗിക്കും. മികച്ച സംഘാടനവും വിശ്വാസ്യതയുമാണ് ഈ കർഷകപക്ഷ വിപണികളുടെ മുഖമുദ്ര. തൊട്ടടുത്തയാഴ്ച കൃത്യം തുകയും കടമില്ലാതെ കൈയിലെത്തുമെന്നതാണ് ഇത്തരം ജനകീയ ചന്തകളുടെ പ്രത്യേകത.

ഗ്രാമപഞ്ചായത്തുകൾ അനുവദിച്ച സ്ഥലങ്ങളിലാണ് വിപണികൾ പ്രവർത്തിക്കുന്നത്. കെട്ടിട സൗകര്യം വേണ്ടവയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം നിർമ്മിച്ചു നൽകുന്നു. അടിസ്ഥാനാവശ്യങ്ങളായ ത്രാസുകൾ, ഫർണിച്ചറുകൾ, ലേലം നടത്തുന്നതിന് സഹായകമായ മൈക്ക് സെറ്റ് ഉടങ്ങിയവ ആദ്യഘട്ടമായി നൽകി.

ആഴ്ചകളിലെ നേരങ്ങാടികളോടനുബന്ധിച്ച് എല്ലാ ദിവസവും പ്രവർത്തിക്കുന്ന 'ഗ്രീൻ & സേഫ്' ഔട്ട്‌ലെറ്റുകൾ ആരംഭിക്കാനൊരുങ്ങുകയാണ് വാഴൂർ ബ്ലോക്ക് പഞ്ചായത്ത്. ആദ്യഘട്ടമായി വാഴൂരിലെ പുളിക്കൽകവലയിലും വെള്ളാവൂരിലും പ്രതിദിന ചില്ലറവില്പനകേന്ദ്രങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

സുശക്തമായ സംഘടനാ സംവിധാനമുള്ള നേരങ്ങാടികളുടെ മേൽനോട്ടം കോട്ടയം ആത്മയുടെ വാഴൂർ ബ്ലോക്കുതല ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷനായ 'സാരംഗ്'നെയാണ് വാഴൂർ ബ്ലോക്ക്പഞ്ചായത്ത് ചുമതലപ്പെടുത്തിയിരിക്കുന്നത്.

കേരളത്തിന്റെ കൃഷിവകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ വാഴൂർ ബ്ലോക്കിനെ നേരായി കാര്യങ്ങൾ നടക്കുന്ന അങ്ങാടികൾ ഉള്ള ബ്ലോക്ക് എന്ന അർത്ഥത്തിൽ നേരങ്ങാടി ബ്ലോക്കായി പ്രഖ്യാപിച്ചു. ഇത്തരം ക്രിയാത്മക ഇടപെടലുകളാണ് കർഷകപക്ഷത്തുനിന്ന് ത്രിതല പഞ്ചായത്തുകൾ നടപ്പിലാക്കേണ്ടതെന്ന് അദ്ദേഹം പറഞ്ഞു. വാഴൂരിന്റെ നേരങ്ങാടി മാതൃകയ്ക്ക് പൂർണ പിന്തുണ വാഗ്ദാനം ചെയ്ത കൃഷിവകുപ്പ് മന്ത്രി വാഹന സൗകര്യം അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ അനുവദിക്കുമെന്ന് പ്രഖ്യാപിച്ചു. വാഴൂർ ബ്ലോക്ക് പഞ്ചായത്തിന്റെ ഈ നേരങ്ങാടി മാതൃക തീർച്ചയായും കേരളമാകെ പകർത്തേണ്ടതുണ്ട്.



*കൃഷിവകുപ്പ് മന്ത്രിക്ക് കുരുന്നിന്റെ ഹരിത സമ്മാനം.*

രാവിലെ 8 മണി മുതൽ വിപണികളിൽ കാർഷികോത്പന്നങ്ങളുടെ ചില്ലറ വില്പന ആരംഭിക്കും. വിഷമില്ലാ വിളകൾ തേടിയുള്ള നാട്ടുകാരുടെ വരവ് വിപണികളെ അതിരാവിലെ മുതൽ സജീവമാക്കും. 11 മണി മുതൽ പരസ്യ ലേല സംവിധാനമാണ് നടക്കുക.

*ലേഖകൻ ചിറക്കടവ് കൃഷിഭവനിൽ അസി. കൃഷി ആഫീസറാണ്. 9446275112*

# രണ്ടുകഥകൾ

**വി. ഷിനിലാൽ**

## 108

നഗരത്തിന്റെ തിരക്കേറിയ മൂലയിൽ അയാൾ വണ്ടിയിടിച്ച് കിടക്കുന്നുണ്ടായിരുന്നു. വഴിപോക്കർ അയാളെ ശ്രദ്ധിക്കാതെ നടന്നു പോകുന്നുണ്ടായിരുന്നു. ഞാനാകട്ടെ ട്രെയിൻ പിടിക്കാനുള്ള ധൃതിയിലും. തിരക്കില്ലാത്ത ആരെങ്കിലും അയാളെ രക്ഷപ്പെടുത്താത്തതെന്താണെന്ന് ഓർത്തപ്പോൾ എനിക്ക് ധർമ്മസങ്കടം വന്നു.

അപ്പോഴേക്കും എന്റെ ബസ്സ് വന്നു. ഈ ബസ് കിട്ടിയില്ലെങ്കിൽ ട്രെയിൻ മിസ്സാവും. ഞാൻ ചാടി അതിൽ കയറി. ഫോണെടുത്ത് 108 ൽ വിളിച്ചു. രണ്ടാമത്തെ കോളും ആരും അറ്റൻഡ് ചെയ്യാതിരുന്നപ്പോൾ എനിക്ക് ദേഷ്യം വന്നു. മൂന്നാമത്തെ കോൾ എടുത്തയുടനെ ഞാൻ പറഞ്ഞു.

"ഒന്നു വേഗം വരണം. ഒരാൾ ഇവിടെ വണ്ടിയിടിച്ച് മരണാസന്നനായി കിടക്കുകയാണ്."

"എവിടുന്നാണ്?"

ഞാൻ സ്ഥലം പറഞ്ഞുകൊടുത്തു.

"അപകടം പറ്റിയ ആൾ നിങ്ങളുടെ ആരാണ്?"

## ശിശുസൗഹൃദ കലാപം

'ആധുനിക രാഷ്ട്രം എന്ന നിലയ്ക്ക് നാം ശിശുക്കളോട് ഉത്തരവാദിത്തം ഉള്ളവരാണല്ലോ. കലാപമുണ്ടാകുമ്പോൾ കുട്ടികളെ ഉപദ്രവിക്കരുതെന്ന് ഇതിനാൽ നാം അറിയിച്ചുകൊള്ളുന്നു.'

ആയതിനാൽ ഇനിമുതൽ കുട്ടികൾ ജാതി, മതം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾക്കൊപ്പം പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും കൈവശം വയ്ക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.




ഒഴുകുന്ന പുഴയിൽനിന്നും  
ഒരു കുമ്പിൾ കോരിയെടുത്ത്  
ഇതെന്റെ പുഴയെന്ന്  
ഞാൻ നിങ്ങളോടു പറയും.

അതിൽ കുഞ്ഞു മീനുകളെ കാട്ടിത്തന്ന്  
നിങ്ങളുടെ ചൂണ്ടയോട് ഗർജ്ജിക്കും.  
നിങ്ങളതു വലിച്ചെറിയുമ്പോൾ  
പരൽമീനുകളുടെ ഭാഷ മനസിലാകും  
പിന്നെ നമ്മെ കടലെടുക്കില്ല.

തേയിലക്കാടുകൾക്കിടയിൽ  
ഉയർന്നുനിൽക്കുന്ന  
ഓറഞ്ചുമരങ്ങൾ പോലെയാണ്  
ഇപ്പോൾ നിങ്ങളുടെ ഹൃദയം.  
അതിൽനിന്നും  
തിളങ്ങുന്ന മഞ്ഞഗോളങ്ങൾ  
അടർന്നു വീഴുമ്പോൾ  
ഇതെന്റെ സൂര്യനെന്ന്  
തേയിലക്കാടുകൾ പറയും.

എന്റെ ഒരു കുമ്പിൾ പുഴയിലപ്പോൾ  
സൂര്യൻ പരൽമീനുകളോടൊത്ത്  
ഇളകിയിളകിത്തിളങ്ങും

9446819175

# ...എന്ന് വായനക്കാർ

## ഓണപ്പതിപ്പ്

മനസ്സിന്റെ രുചിമുകുളങ്ങൾക്ക് സമൃദ്ധമായ സദ്യ നൽകിയ പഞ്ചായത്ത്‌രാജ് ഓണപ്പതിപ്പ് ഹൃദ്യമായി. മാസികയുടെ ഉടക്കം മാത്രമല്ല അടയ്ക്കുന്നതിന് മുമ്പും ഹൃദയസ്പർശിയായ ഓണക്കവിതകൾ തിളങ്ങി. ഓണക്കുറിപ്പുകളും ഉത്സവവികാരത്തിന്റെ മാറ്റുകൂട്ടി. സർക്കാർ പ്രസിദ്ധീകരണത്തിന്റെ പതിവുചട്ടക്കൂടെന്ന പൊതുധാരണയെ തിരുത്തുന്ന മാസികയ്ക്ക് ശുഭാശംസകൾ.

രജനീഷ് പുത്തൻപാലം

## ഉത്സവലഹരി

പഞ്ചായത്ത്‌രാജ് മാസികയുടെ ആഗസ്റ്റ് ലക്കം ഗംഭീരമായി. ലൈഫ് പദ്ധതിയെ സംബന്ധിച്ച് സമഗ്രമായ അറിവ് പകരാനും സംശയങ്ങൾ ദൂരീകരിക്കാനും ലേഖനങ്ങൾക്ക് കഴിഞ്ഞു. ആലങ്കോട് ലീലാകൃഷ്ണൻ, വി.എം.ഗിരിജ എന്നിവരുടെ ഓണക്കവിതകൾ ഉത്സവലഹരി പകർന്നു. ഓണത്തിന്റെ വ്യത്യസ്ത വശങ്ങളെ കാണിച്ചുതന്ന മുരളീധരൻ തഴക്കരയും ഓണപ്പടയുടെ ആവേശവും അങ്കപൊരുളും ചരിത്രപശ്ചാത്തലത്തിൽ പകർന്നു തന്ന വെള്ളനാട് രാമചന്ദ്രനും, ഓണത്തിന്റെ സൗന്ദര്യം കാവ്യചിത്രങ്ങളിലൂടെ വരച്ചിട്ട അജയപുരം ജ്യോതിഷ്കുമാറും മാസികയെ സമ്പുഷ്ടമാക്കി. രക്തബന്ധമുള്ളവർ വിവാഹതിരാകാൻ പാടില്ലെന്ന ശാസ്ത്രസത്യം പറഞ്ഞുതന്ന വട്ടവിള വിജയകുമാറിനും നന്ദി. മാസികയുടെ വളർച്ചയിൽ സന്തോഷിക്കുന്നു.

വിനീത ബാബു, മൂവാറ്റുപുഴ

## വരയിലെ ചിരി


മാവേലിക്കുപോലും വരാനാകാത്തവിധം പരിഷ്കാരങ്ങളാൽ മലയാളിജനത പായുന്നു - വി.സി. അഭിലാഷ് ഓരോ ലക്കം കഴിയുന്തോറും കൂടുതൽ കൂടുതൽ നർമ്മത്തിലും ഉൾക്കാഴ്ചയിലും കാര്യമാത്രപ്രസക്തമായി വരയ്ക്കുന്നു. അവസാനതാളിന്റെ ആരോഗ്യം കാർട്ടൂണിലും കത്തുകളിലും ശക്തമാകുന്നു.

വി. രാജാനന്ദൻ, കാലൂർ

## കണ്ണും കാതും

വി.സി.അഭിലാഷ്

കേരളത്തിൽ വേനൽ മാറി, പലയിടത്തും വെള്ളപ്പൊക്കം






## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

# പഞ്ചായത്ത്‌രാജ്

വാർഷിക വരിസംഖ്യ ₹ 120

**PANCHAYAT RAJ (Monthly)** September 2017
Annual Subscription ₹120, Published on 20 September 2017
Posted at Trivandrum RMS on 25th & 26th of every month

RNI. No. : 7959/64
Postal Reg. No. KL/TV(N) 391/2015-17
Licensed to post without prepayment No. KL/TV(N) WPP-85/2015-17

# ഫോർ ദി പീപ്പിൾ

കേരള സർക്കാർ
തദ്ദേശസ്വയംഭരണ വകുപ്പ്

**പരാതിപ്പെടാം...**
**ഓൺലൈനിലൂടെ**

- പൊതുജനങ്ങൾക്ക് for the people പോർട്ടലിൽ (http//pglsgd.kerala.gov.in) പരാതികൾ ഓൺലൈനായി ആയി നൽകാം.
- ഈ സംവിധാനം വഴി പഞ്ചായത്തുകളെയും നഗരസഭകളെയും സംബന്ധിച്ച് രണ്ട് തരം പരാതികൾക്ക് പരിഹാരം തേടാം
  - സേവന ലഭ്യതയിൽ വരുന്ന വീഴ്ചകൾ
  - അഴിമതി സംബന്ധിച്ച പരാതി
- വ്യാജപരാതികൾ ഒഴിവാക്കാൻ ആധാർ/ഇലക്ഷൻ തിരിച്ചറിയൽ കാർഡ് നിർബന്ധം
- പരാതിക്കാരുടെ വ്യക്തിവിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുന്നതിന് സൗകര്യം
- പഞ്ചായത്ത് വകുപ്പ്, ഗ്രാമവികസന വകുപ്പ്, നഗരകാര്യ വകുപ്പ്, നഗര-ഗ്രാമാസൂത്രണ വകുപ്പ് LSGD എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പുകളെയാണ് ഈ വെബ്പോർട്ടലിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.



Printed & Published by P.Marykutty IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: P.Marykutty IAS